N 616

# പൗരധർമ്മം

## ആറാം ഫാറത്തിലേക്ക്

PRESENTED BY:
SRI M.K. VASUDEVAN NAIR
VEEDU
AYINKIL

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നു
നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

[പകർപ്പവകാശം ഗവണ്മെൻറിന്]

TRIVANDRUM
PRINTED BY THE S. G. P. AT THE GOVERNMENT CENTRAL PRESS.
1952.

# പൗരധമ്മം

## ആറാം ഫാറത്തിലേക്ക്

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

SREE KRISHNA VILASOM GRANDHASALA
9196

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നു
നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

MEMBERS OF THE COMMITTEE:

SRI. N. P. PILLAI, M. A., L. T.,
Lecturer, Training College, Trivandrum,
(*Convener*).

SRI. S. KRISHNAN NAIR, M. A., L. T.,
Lecturer, Intermediate College, Trivandrum.

SRI. E. J. ANTONY, B. A., L. T.,
Headmaster, L. M. C. Convent E. H. S.,
Ernakulam.

## SYLLABUS

### The study of Democratic Constitutions

1. Nature of Democratic Governments:—Unitary and the Federal with illustrations from the Constitutions of England, America, Switzerland and Canada.

2. Party Governments:—The political parties in England—the elections; the formation of Government after elections—the opposition party—its functions.

3. The Cabinet System:—Main characteristics—its working—its relations to Parliament—the coalition cabinet in times of National crisis.

4. The function of the Press in Democratic countries.

5. Revision.

---

457/52

# CONTENTS

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

| അദ്ധ്യായം | | പുറം |
|---|---|---|
| I. | പ്രജായത്തരാഷ്ട്രങ്ങൾ | 1--28 |
| | പ്രാരംഭം | |
| | ജനകീയഭരണത്തിലേക്കുള്ള മാററം | |
| | ഭരണഘടനകളുടെ രൂപം; | |
| | (1) ഏകായത്തം, സംയുക്തം | |
| | ഏകായത്തം—ഇംഗ്ലണ്ട് | |
| | സംയുക്തം—അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡാ, സ്വിററ്സർലണ്ട് | |
| | (2) സ്ഥിരം, പരിണാമി | |
| | (3) പാർലമെൻററി, പ്രസിഡൻഷ്യൽ | |
| | ഇൻഡ്യ | |
| | നിയമനിർമ്മാണം, ഭരണാധികാരം, | |
| | മന്ത്രിസഭ, നിയമസഭ, | |
| | നീതിന്യായം, സ്റ്റേററുഭരണം | |
| | തിരുവിതാംകൂർ-കൊച്ചി | |
| II. | കക്ഷിഭരണം | 28—42 |
| | രാഷ്ട്രീയകക്ഷികൾ | |
| | ഇൻഡ്യൻ നാഷണൽ കോൺഗ്രസ് | |
| | സോഷ്യലിസ്റ്റ് കക്ഷി | |
| | കമ്മ്യൂണിസ്റ്റ് കക്ഷി | |

അദ്ധ്യായം | പുറം

ഇംഗ്ലണ്ടും കക്ഷിഭരണവും
രാഷ്ട്രീയകക്ഷികൾ, തെരഞ്ഞെടുപ്പ്,
പ്രതിപക്ഷകക്ഷി

III. ക്യാബിനററു ഭരണം 43—51

തിരുവിതാംകൂർ-കൊച്ചി ക്യാബിനററ്
ക്യാബിനററ് ഭരണത്തിൻെറ ഉത്ഭവവും
വളച്ച്യും
ഇംഗ്ലണ്ടിലെ ക്യാബിനററു ഭരണം
സങ്കലിതമന്ത്രിസഭ

IV. ജനായത്തഭരണവും മുദ്രണവും 51—59

ബ്രിട്ടനിലെ പത്രപ്രവത്തനം
ഭാരതത്തിലെ പ്രസ്സ്നിയമങ്ങൾ
മാതൃഭാഷാപത്രങ്ങൾ
വാത്താസംഭരണവും വിതരണവും
പത്രങ്ങളുടെ ചുമതലകൾ

V. ജനകീയഭരണരീതി 59—64

ജനകീയഭരണകൂടങ്ങൾ
ഇൻഡ്യ, ഇംഗ്ലണ്ട്, അമേരിക്കൻ ഐക്യ
നാടുകൾ, ക്യാനഡാ, സ്വിററ്സർലണ്ട്
നിയമസഭാദ്ധ്യക്ഷൻ
ഉപസംഹാരം

———

# പൗരധർമ്മം

(ആറാം ഫാറം)

## ജനാധിപത്യഭരണം

### അദ്ധ്യായം I

### പ്രജായത്തരാഷ്ട്രങ്ങൾ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

**പ്രാരംഭം.**

പൗരധർമ്മപഠനത്തിന്റെ ലക്ഷ്യം തിരുവിതാംകൂർ-കൊച്ചിയിലെയും, ഭാരതത്തിലെയും ഭാവിപൗരന്മാരാകേണ്ട നിങ്ങളെ പൗരജീവിതായോധനത്തിന് ഒരുക്കുക എന്നതാണല്ലോ. ഇതിന് രാജ്യഭരണഘടനയേയും, ഭരണസമ്പ്രദായത്തേയും പററി അറിഞ്ഞിരിക്കേണ്ടതാകുന്നു. തിരുവിതാംകൂർ-കൊച്ചിയിലെയും ഇൻഡ്യയിലെയും ഭരണരീതി നാം അറിഞ്ഞിരിക്കണമെന്നതിൽ പക്ഷാന്തരമില്ല. എന്നാൽ അനേകായിരം മൈൽ അകലെയുള്ള ഇംഗ്ലണ്ട്, അമേരിക്ക, സ്വിററ്സർലണ്ട്, ക്യാനഡാ എന്നീ പാശ്ചാത്യരാജ്യങ്ങളെപ്പററി കാര്യക്ഷമമായി പഠിക്കേണ്ടതിന്റെ ആവശ്യകതയെ ഒരുപക്ഷെ ചിലരെല്ലാം ചോദ്യംചെയ്യുന്നവരാം. പ്രസ്തുത രാജ്യങ്ങൾ ജനകീയഭരണത്തിന് പഴക്കവും, തഴക്കവുമുള്ള പാരമ്പര്യത്തോടുകൂടിയവയാകുന്നു. തന്നെയല്ല, ഇൻഡ്യൻ ഭരണഘടനയുടെ രൂപവൽക്കരണത്തിൽ അവിടങ്ങളിലെ ഭരണഘടനകൾ മാതൃകകളായിത്തീരുകയും ചെയ്തിട്ടുണ്ട്. ഭാരതസംസ്കാരത്തെ ലോകമെങ്ങും പ്രചരിപ്പിക്കേണ്ട ഉത്തരവാദിത്വമുള്ള ഭാവി തലമുറ ഇതരരാജ്യങ്ങളിൽനിന്നു നല്ലതെല്ലാം പകർത്തി അവരുമായി സമ്പർക്കം പുലർത്തിക്കൊണ്ട് സർവ്വലോകസാഹോദര്യം സാധിക്കേണ്ടതാണല്ലോ. ആകയാൽ വിദേശങ്ങളിലെ ഭരണസമ്പ്രദായത്തെക്കുറിച്ചും നാം ചിലതെല്ലാം ഗ്രഹിക്കേണ്ടതായിട്ടുണ്ട്.

457/52

ഇക്കൊല്ലത്തെ പഠനവിഷയം ജനാധിപത്യഭരണമെന്നുള്ളതാകുന്നു. പ്രജായത്തഭരണത്തിന്റെ സ്വരൂപം, കക്ഷിഭരണം, ക്യാബിനററ് ഭരണം, മുദ്രാലയങ്ങളുടെ പ്രവർത്തനം എന്നീ വിഷയങ്ങളെക്കുറിച്ച് പഠിക്കേണ്ടിയിരിക്കുന്നു.

പ്രകൃതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് പ്രാരംഭമായി ഭരണസംപ്രദായങ്ങളെപ്പററി ഒരു വിഹഗവീക്ഷണം നടത്തേണ്ടിയിരിക്കുന്നു. ഇന്നു ലോകമാസകലം പ്രബലപ്പെട്ടിരിക്കുന്നതു് ജനാധിപത്യഭരണമാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ നടത്തുന്ന ജനങ്ങളുടെ ഭരണം എന്നത്രേ അബ്രഹാംലിങ്കൺ ഇതിനെ നിർവ്വചിച്ചിട്ടുള്ളതു്. രാജാവില്ലാത്ത ഭരണത്തിനാണ് ഇന്നു മിക്കവാറും പ്രചാരം. ഉള്ള സ്ഥലത്തു് പരിമിതമായ അധികാരമാകുന്നു രാജാവിന്റേതു്. ജനപ്രതിനിധികൾ ഭരണം നടത്തുകയും രാജാവ് കേവലം ഒപ്പിടാനുള്ള ഒരു യന്ത്രമായി (Signing machine) വർത്തിക്കുകയും ചെയ്യുന്നു.

എന്നാൽ ഈ അവസ്ഥയായിരുന്നില്ല എല്ലാക്കാലത്തും. രാജഭരണം (Monarchy), പ്രഭുഭരണം (Aristocracy), പൗരഭരണം (Polity) എന്നീ വിവിധഭരണക്രമങ്ങൾ ഓരോ കാലത്തുണ്ടായിട്ടുണ്ട്. രാഷ്ട്രീയശാസ്ത്രജനയിതാവായ അരിസ്റ്റോട്ടിൽ (Aristotle), സ്വേച്ഛാധിപത്യം (Tyranny), ന്യൂനപക്ഷാധിപത്യം (Oligarchy), ജനാധിപത്യം (Democracy) എന്നാണ് ഇവയുടെ വ്യത്യസ്തപരിണാമരൂപങ്ങളെ സംബോധനചെയ്തിട്ടുള്ളതു്. അരിസ്റ്റോട്ടിലിന്റെ ഭരണചക്രത്തെ (Aristotlean cycle) അനുസരിച്ച് ഭരണക്രമം ഒന്നിൽനിന്നു് വേറൊന്നിലേക്ക് സാവധാനം ചുററിക്കൊണ്ടിരിക്കും. ഇങ്ങനെ വ്യത്യസ്തക്രമങ്ങളിൽക്കൂടി കടന്നു് കടന്നു് ലോകം ഇന്നു് ജനാധിപത്യഭരണത്തിലാണ് എത്തിച്ചേർന്നിരിക്കുന്നതു്.

### ജനകീയഭരണത്തിലേക്കുള്ള മാററം.

ആദ്യമായി തിരുവിതാംകൂർ-കൊച്ചിയുടെ ചരിത്രം പരിശോധിക്കുകതന്നെ. നിങ്ങളിൽ പലരും എ.ഡി. 1951

ആഗസ്റ്റ് 5-ാംനു മട്ടാഞ്ചേരി ഡച്ചുകൊട്ടാരത്തിൽ നടന്ന മഹോത്സവത്തെപ്പററി കേട്ടിരിക്കും. അന്ന് പഴയ കൊച്ചിക്ക് ഒരു പൊതു ഒഴിവുദിവസമായിരുന്നു. അന്ന് കേരളവർമ്മ പരീക്ഷിത്തുതമ്പുരാൻ, ബി. എ., കൊച്ചി മഹാരാജാവായി മാമൂൽക്രമമനുസരിച്ച് അഭിഷേകംചെയ്യപ്പെട്ടു. അദ്ദേഹത്തിന് ഇന്ന് മഹാരാജാവെന്ന സ്ഥാനമുണ്ടെന്നല്ലാതെ ഭരണാധികാരമൊന്നുമില്ല. അദ്ദേഹത്തിൻെറ കുടുംബത്തിന് ഒമ്പതാം നൂററാണ്ടുമുതലുണ്ടായിരുന്ന ഭരണാധികാരം അവസാനിച്ചിരിക്കുന്നു.

തിരുവിതാംകൂറിൻെറ കഥ എടുക്കുക. "മഹാരാജാക്കന്മാർ" എന്ന സ്ഥാനപ്പേരോടുകൂടി പഴക്കവും പാരമ്പര്യവുമുള്ള ഇവിടത്തെ രാജകുടുംബാംഗങ്ങൾ അവകാശക്രമമനുസരിച്ച് പരമ്പരയാ രാജ്യഭരണം നടത്തിപ്പോന്നു. എ. ഡി. 1924 മുതൽ ഭരിച്ചിട്ടുള്ള ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് എ. ഡി. 1949-ൽ ഒരു രാജപ്രമുഖനായിത്തീർന്നു.

അക്കൊല്ലമായിരുന്നു തിരുവിതാംകൂറും കൊച്ചിയും തമ്മിലുള്ള സംയോജനം നടന്നത്. അതോടുകൂടി കൊച്ചിയിലെ രാജവാഴ്ച അവസാനിച്ചു. തിരുവിതാംകൂറിലാകട്ടെ മഹാരാജാവ് ഒരു ദിവാനെ നിയമിച്ച് ഭരിക്കുന്ന സമ്പ്രദായവും കലാശിച്ചു. തിരുവിതാംകൂർ-കൊച്ചിയിൽ പ്രജായത്തഭരണമാണ് ആവിർഭവിച്ചത്. ജനങ്ങൾ പൊതുതെരഞ്ഞെടുപ്പിൽ അവരുടെ പ്രതിനിധികളായി നിയമസഭയിലേക്ക് അയയ്ക്കുന്ന സാമാജികന്മാരിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവ് മുഖ്യമന്ത്രിയായും, അതേകക്ഷിയിൽ നിന്ന് അദ്ദേഹം തെരഞ്ഞെടുക്കുന്ന ഏതാനും സാമാജികന്മാർ സഹമന്ത്രിമാരായുമുള്ള ഒരു മന്ത്രിസമിതി (Cabinet) യാണ് ഭരണം നടത്തുന്നത്.

രാജവാഴ്ചക്കാലത്തു തിരുവിതാംകൂറിലും കൊച്ചിയിലും ജനാഭിലാഷമറിഞ്ഞു ഭരണം നടത്തേണ്ടതിന് നിയമസഭ ഉണ്ടായിരുന്നു. തിരുവിതാംകൂറിൽ എ. ഡി. 1888 മുതൽ

ഒരു നിയമസഭയും, ഏ. ഡി. 1934 മുതൽ ഒരു പ്രജാസഭയും പ്രവത്തനം നടത്തിവന്നു. ഏ. ഡി. 1925 മുതൽ കൊച്ചിയിലും ഒരു നിയമസഭ രൂപവൽക്കരിക്കപ്പെട്ടു. ഭരണരീതിയെപ്പററി ഈ സഭകളിൽ നടന്നിരുന്ന വിമർശനങ്ങൾ ഭരണനിയന്ത്രണത്തിന്ന് ഏറെക്കുറെ സഹായപ്പെട്ടിട്ടുണ്ട്; എന്നാൽ ഇതൊന്നും പ്രജായത്തഭരണമായിരുന്നില്ല.

അടുത്തതായി തിരുവിതാംകൂർ-കൊച്ചിയുടെ അടുത്തു കിടക്കുന്ന മദ്രാസ് സ്റ്റേററിലേക്കു കടക്കാം. ഇവിടത്തെ രീതിയിലുള്ള ഭരണംതന്നെയാണ് അവിടെയും ഇന്ന് നടക്കുന്നത്. പക്ഷെ, നമ്മുടെ രാജപ്രമുഖൻെറ സ്ഥാനത്ത് ഒരു ഗവർണ്ണരാണ് അവിടെയുള്ളതെന്നുമാത്രം.

മദ്രാസ് സ്റ്റേററിനോടു തൊട്ടും നമ്മിൽനിന്ന് അധികം അകലെ അല്ലാതെയും സ്ഥിതിചെയ്യുന്ന മൈസൂർ, തിരുവിതാംകൂർ-കൊച്ചിയെപ്പോലെ ജനകീയഭരണത്തിലാണ് ഇപ്പോൾ കഴിഞ്ഞുപോരുന്നത്. ഇവിടത്തെപ്പോലെ അവിടെയും ഒരു രാജപ്രമുഖൻെറ കീഴിൽ മന്ത്രിമാർ ഭരണം നടത്തുന്നു.

ബ്രിട്ടീഷുകാരിൽനിന്ന് ഏ. ഡി. 1947-ൽ ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇവിടെ ഏതാണ്ട് 584 നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. അവയിൽ ചിലതിനെയെല്ലാം അടുത്തുള്ള പ്രവിശ്യകളിൽ ലയിപ്പിക്കുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചിപൊലെ ചില സംസ്ഥാനങ്ങൾ സംയോജിപ്പിക്കുകയും, മൈസൂറും, ഹൈദ്രബാദും പോലെയുള്ള രാജ്യങ്ങളെ ലയിപ്പിക്കുകയോ സംയോജിപ്പിക്കുകയോ ചെയ്യാതെ അതേപടി തുടൎന്നുപോരികയും ചെയ്തിട്ടുണ്ട്. രാജാക്കന്മാരിൽ ഏതാനുംപേർ രാജപ്രമുഖന്മാരായും ഗവർണ്ണർമാരായും തീൎന്നിരിക്കുന്നു. മററുള്ളവർ കൊച്ചിമഹാരാജാവിനെപ്പോലെ അടുത്തൂൺ വാങ്ങി കഴിയുന്നു. പഴയ രീതിയിലുള്ള രാജവാഴ്ച, തീരെ നശിച്ചിരിക്കുന്നു. എല്ലാ സ്റ്റേററുകളിലും ജനാധിപത്യഭരണമാണ് ഇന്ന് നടന്നുവരുന്നത്.

ഇനി ഇൻഡ്യയുടെ പൊതുഭരണത്തെ പരാമർശിക്കാം. എ. ഡി. 1950 ജനവരി 26-ാംനു-വരെ ബ്രിട്ടീഷ് ചക്രവർത്തി നിയമിക്കുന്ന ഗവർണ്ണർജനറൽ ഇൻഡ്യയുടെ ഭരണം നടത്തിയിരുന്നു. ഡെൽഹിയിൽ, തിരുവിതാംകൂറിലും കൊച്ചിയിലുമെന്നപോലെ, ജനപ്രതിനിധികളുൾപ്പെടുന്ന ഒരു നിയമസഭയുണ്ടായിരുന്നു. അതിലെ അംഗങ്ങൾക്ക് ഭരണരീതിയേയും, നയത്തേയും പററി വിമർശിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിലും, ഭരണം നടത്തിയിരുന്നത് വൈസ്രോയിയും കൗൺസിലും വകുപ്പദ്ധ്യക്ഷന്മാരുംകൂടിയായിരുന്നു.

ഇന്നാകട്ടെ ഇൻഡ്യയിൽ ഭരണം നടത്തുന്നത് ഇവിടത്തെപ്പോലെ ഒരു പ്രധാനമന്ത്രിയും മന്ത്രിസഭയും കൂടിയാകുന്നു. ഇവരെല്ലാം ജനപ്രതിനിധികളും നിയമസഭാസാമാജികന്മാരുമാകുന്നു. ഇവരുടെ മേലായി വൈസ്രോയിക്കു പകരം ഒരു പ്രസിഡൻറ് അഥവാ രാഷ്ട്രപതിയാണുള്ളത്. ഇദ്ദേഹവും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധിയാണ്.

N. 616

ഇങ്ങനെ നോക്കുമ്പോൾ ഇൻഡ്യൻഭരണം ഇന്ന് പൂർണ്ണമായ ജനാധിപത്യഭരണമാണെന്ന് പറയാം.

പൗരാണികകാലത്ത് ഇൻഡ്യയിൽ പരിമിതമായ തോതിലെങ്കിലും പ്രജായത്തഭരണമുണ്ടായിരുന്നു എന്നതിനു തെളിവുകളുണ്ട്. വൈദികകാലത്തെ (Vedic) രാജാക്കന്മാർ സഭകളുടെയും, സമിതികളുടെയും നിയന്ത്രണത്തിന് അധീനരായിരുന്നു. ബുദ്ധമതകാലത്ത് ശാക്യന്മാരും ലിച്ഛാവികളും ജനായത്തരീതിയിൽ ഭരിക്കപ്പെട്ടിരുന്നതായി കാണാം.

## ഭരണഘടനകളുടെ രൂപം.

പ്രജായത്തരാഷ്ട്രങ്ങളെ അവയുടെ ഘടനാരൂപമനുസരിച്ച് 'ഏകായത്തം' 'സംയുക്തം' എന്നും, 'സ്ഥിരം'

'പരിണാമി' എന്നും 'പാർലമെൻററി' 'പ്രസിഡൻഷ്യൽ' എന്നും മൂന്നുതരത്തിൽ സാമാന്യേന വിഭജിക്കാവുന്നതാണ്.

## 1. ഏകായത്തം, സംയുക്തം.

(1) ഏകായത്തം. ഏകായത്തം അഥവാ 'യൂണിററി' (Unitary) എന്നു പറയപ്പെടുന്ന ഭരണക്രമത്തിൽ ഗവൺമെൻറധികാരങ്ങൾ കേന്ദ്രഗവണ്മെൻറിനും പ്രാദേശികഗവണ്മെൻറിനുമായി വിഭജിക്കപ്പെടുന്നില്ല. ഭരണഘടനപ്രമാണമനുസരിച്ച് കേന്ദ്രഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം അതിന് പ്രാദേശികഗവണ്മെൻറുകൾക്കായി വിഭജിച്ചുകൊടുക്കാമെങ്കിലും അതു മുഴുവൻ പിൻവലിക്കുവാനുള്ള അധികാരവും അതിനുള്ളതാകുന്നു. പ്രാദേശികഗവണ്മെൻറുകൾ ഒരു തരത്തിൽ കേന്ദ്രത്തിൻെറ ആജ്ഞാനുവർത്തികൾ ആകുന്നു. ഇംഗ്ലണ്ട്, ഫ്റാൻസ്, ബൽജിയം, ഇററലി മുതലായ യൂറോപ്യൻ രാജ്യങ്ങൾ ഇത്തരത്തിലുള്ളവയാകുന്നു. അവിടങ്ങളിലെ പ്രാദേശിക വിഭാഗങ്ങൾക്ക് വളരെയധികം സ്വാതന്ത്ര്യമുണ്ടെന്നുവരികിലും അവ കേന്ദ്രത്തിൻെറ പിടിപാടിലാണ് എന്നതാണ് വാസ്തവം.

### ഇംഗ്ലണ്ട്.

ഇംഗ്ലണ്ട് ഏകായത്തഭരണത്തിന് ഒരുത്തമദൃഷ്ടാന്തമാകുന്നു. ഭരണകാര്യനിർവ്വഹണത്തിനായി ഇംഗ്ലണ്ടിനെ 62 'കൗണ്ടി'കളായി വിഭജിച്ചിട്ടുണ്ട്. അതിലോരോന്നിൻെറയും ഭരണം നടത്തുന്നതു് പ്രസിഡൻറ്, ആൽഡർമാൻ, സാമാജികന്മാർ എന്നിവരുൾപ്പെട്ട നഗരസഭയാകുന്നു. കൗണ്ടികളിൽ 'അർബൻ' ഡിസ്ട്രിക്ററുകളും, 'റൂറൽ' ഡിസ്ട്രിക്ററുകളുമുണ്ട്. അബൻഡിസ്ട്രിക്ററുകളെ 'അബൻ പാരിഷ്'കളായും, റൂറൽഡിസ്ട്രിക്ററുകളെ 'റൂറൽ പാരിഷ്'കളായും വിഭജിച്ചിരിക്കുന്നു. റോഡുകളും പാലങ്ങളും സംരക്ഷിക്കുക, സമാധാനം പാലിക്കുക, ആസ്പത്രി, ദുർഗുണപരിഹാരപാഠശാല മുതലായവ നടത്തുക, വാർദ്ധക്യ പെൻഷൻ സംബന്ധിച്ചുള്ള ചുമതല വഹിക്കുക എന്നി

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



ങ്ങനെ വിവിധങ്ങളായ കർത്തവ്യങ്ങളാണ് കൗണ്ടിസഭയ്ക്കുള്ളത്. കൗണ്ടികളിലെ വിദ്യാഭ്യാസാധികാരവും പ്രധാനമായി കൗൺസിലിനു തന്നെയാണ്.

പ്രാദേശികഭരണഘടനകൾക്ക് അവയുടെ അധികാരസീമയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടെങ്കിലും അതൊക്കെ കേന്ദ്രഭരണത്തിന്റെ നിയന്ത്രണത്തിനധീനമാകുന്നു. പ്രാദേശികസംഗതികൾ കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്നു നോക്കേണ്ട ചുമതല കേന്ദ്രഭരണകൂടത്തിനുള്ളതാണ്. ഈ അധികാരം കോടതികൾ, പാർലമെന്റ്, ഭരണകാര്യനിർവ്വഹണവകുപ്പുകൾ എന്നിവ മൂലമാണ് നിർവ്വഹിക്കപ്പെടുന്നതു്. പൊതുജനാരോഗ്യം വിദ്യാഭ്യാസം മുതലായവ കൈകാര്യം ചെയ്യുന്നതിന് സാമാന്യനിയമങ്ങൾകൊണ്ടുതന്നെ പാർലമെന്റ് പ്രാദേശികഭരണാധികാരികൾക്ക് അധികാരംനൽകിയിട്ടുണ്ട്.

9613

പ്രാദേശികസ്ഥാപനങ്ങളുടെ ദൈനന്ദിനഭരണകാര്യങ്ങളിലും കേന്ദ്രത്തിന് നിയന്ത്രണം ചെലുത്തുവാൻ പല മാർഗ്ഗങ്ങളുമുണ്ട്. പ്രാദേശികഭരണത്തിന്റെ കാര്യക്ഷമത ഒരു നിർദ്ദിഷ്ടനിലയിൽനിന്നും അധഃപതിക്കാതിരിക്കാൻ അതിന് നിർബന്ധിക്കാൻ കഴിയും. അവിടങ്ങളിലെ സ്ഥിരം ഉദ്യോഗസ്ഥന്മാർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിർണ്ണയിക്കുന്നതും കേന്ദ്രഗവണ്മെന്റാകുന്നു.

ഇംഗ്ലണ്ടിലെ പ്രാദേശികസ്ഥാപനങ്ങൾ ജനായത്തവും, കേന്ദ്രഗവണ്മെന്റിൽനിന്ന് പ്രായേണ സ്വതന്ത്രവുമാണെങ്കിലുംകാര്യക്ഷമത പാലിക്കേണ്ടതിന്കേന്ദ്രഗവണ്മെന്റിന് എപ്പോഴും അവയെ നിർബന്ധിക്കാവുന്നതാണ്. ഇങ്ങനെ ഇംഗ്ലണ്ട് ഏകായത്തഭരണത്തിന് മകുടോദാഹരണമായി നിലകൊള്ളുന്നു.

(2) സംയുക്തം. പരസ്പരബന്ധത്തോടുകൂടി വർത്തിക്കുന്ന പല സ്റ്റേറ്റുകളുംകൂടി ചേർന്നതാണ് 'സംയുക്തരാഷ്ട്രം' (Federal State). ആഭ്യന്തരകാര്യങ്ങളിൽ ഓരോ സ്റ്റേറ്റും സ്വതന്ത്രമാണ്. രാഷ്ട്രീയവും പൊതുവിലുള്ളതുമായ കാര്യങ്ങൾക്കായി അവ സംഘടിതവുമാകുന്നു. അമേരി

ക്കയിലെ ഐക്യനാടുകളും, യൂറോപ്പിലെ സ്വിററ്സർലണ്ടും ഇതിനു് ദൃഷ്ടാന്തങ്ങളാകുന്നു.

## അമേരിക്കൻ ഐക്യനാടുകൾ.

ആദ്യമായി അമേരിക്കൻ ഭരണഘടനയെപ്പററി ചിന്തിക്കാം. നിങ്ങൾ ഇംഗ്ലണ്ടിലെ എലിസബത്തു രാജ്ഞിയെപ്പററി കേട്ടിട്ടുണ്ടല്ലോ. അവരുടെ ഭരണകാലത്തു് എ. ഡി. 1583-ൽ സർ ഹംഫ്റി ജിൽബർട്ടു് (Sir Humphrey Gilbert) വടക്കെ അമേരിക്കയോടു് തൊട്ടു കിടക്കുന്ന ന്യൂഫൗണ്ട്ലണ്ടു്ദ്വീപിൽ ഒരു ഇംഗ്ലീഷു കാളനി സ്ഥാപിക്കുവാൻ ശ്രമിച്ചു. വിഫലമായ ആ ശ്രമത്തെ തുടന്നു് എ. ഡി. 1585–1590 എന്നീ വർഷങ്ങൾക്കിടയിൽ സർ വാൾട്ടർ റാലി (Sir Walter Raleigh) അമേരിക്കയുടെ പ്രധാനകരയിൽ 'വെർജീനിയാ' എന്നൊരു കാളനി സ്ഥാപിച്ചു. അതിനെ തുടന്നു് പില്ക്കാലങ്ങളിൽ ഇംഗ്ല ണ്ടിൽനിന്നു് പലരും അമേരിക്കയിൽ കുടിയേറിപ്പാർക്കുകയും മേരിലണ്ടു് മുതലായ സ്റ്റേററുകൾ സ്ഥാപിക്കുകയും ചെയ്തു. ജെയിംസ് ഒന്നാമന്റെ കാലത്തു് മതസ്വാതന്ത്ര്യമില്ലെന്നുള്ള കാരണത്തെ ആസ്പദമാക്കി തീർത്ഥാടകപിതാക്കന്മാർ (Pilgrim Fathers), എന്നറിയപ്പെടുന്ന ഒരു കൂട്ടം 'വൈരാഗികൾ' (Puritans) ഇംഗ്ലണ്ടിൽനിന്നു് പുറപ്പെട്ടു പോകുകയും അവിടെ അധിവാസമുറപ്പിക്കുകയും ചെയ്തു. ഇങ്ങനെ അങ്ങിങ്ങായി സ്വതന്ത്രമായ ഓരോ സ്റ്റേററുകൾ ആവിർഭവിച്ചു. അവയ്ക്കു് പ്രത്യേക നീട്ടുംപ്രകാരം ഭരണസ്വാതന്ത്ര്യം മാതൃരാജ്യമായ ഇംഗ്ലണ്ടിൽനിന്നു് അനുവദിച്ചുകിട്ടുകയുമുണ്ടായി. കാലാന്തരത്തിൽ അവയെല്ലാം, ഭദ്രതയ്ക്കുവേണ്ടി ഒന്നുചേന്നു്നില്ക്കേണ്ടതായിവന്നു.

ഒടുവിൽ ഈ പുത്രികാരാജ്യങ്ങൾ മാതൃരാജ്യവുമായി സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു കടുത്ത സമരംനടത്തി വിജയം കൈവരിച്ചു. ഈ യുദ്ധകാലത്തുണ്ടായ ഐക്യത്തെ തുടന്നുകൊണ്ടു് അവർ അനന്തരം ഒരു ഐക്യസംസ്ഥാനം സ്ഥാപിക്കുകയും അതിനു് ഒരു പൊതുഭരണഘടന എഴുതി ഉണ്ടാക്കുകയും ചെയ്തു.

എന്നാൽ അതിനു മുമ്പുള്ള വ്യക്തിസ്വാതന്ത്ര്യത്തിൽ പലതും ഓരോ സ്റ്റേറ്റിലും അതേപടി പിന്നെയും തുടൎന്നുപോയി. അമേരിക്കൻ കേന്ദ്രഗവണ്മെൻറിൽ നിക്ഷിപ്തമായ അധികാരത്തെ ഘടകസ്റ്റേറ്റുകളിൽനിന്നുള്ള ഒരു സൗജന്യദാനമായിട്ടല്ല, പ്രത്യുത ജനങ്ങളാൽതന്നെ നല്കപ്പെട്ട ഒരു അവകാശമായിട്ടാണ് കരുതിവരുന്നതു്. ഇങ്ങനെ ഭരണത്തെസംബന്ധിച്ചു് ഐക്യനാട്ടിലെ കേന്ദ്രഗവണ്മെൻറിനുള്ളതായ പരമാധികാരവും ഘടകങ്ങളായ ഓരോ സ്റ്റേറ്റുകളുടെയും അധികാരവും ഒരേ ഉൽപ്പത്തിസ്ഥാനത്തുനിന്നു്, ജനങ്ങളിൽനിന്നുതന്നെ, പ്രത്യേകം പ്രത്യേകം ലഭിച്ചിട്ടുള്ളതാകുന്നു. ഭരണഘടനയിൽ മൂന്നുതരം അധികാരങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ടു് :—

(1) ഐക്യനാടുകളിലെ കാൺഗ്രസ്സിനു് നിൎവ്വഹിക്കുവാനുള്ളതു്.

(2) കാൺഗ്രസ്സിനു് ചെയ്യാൻ പാടില്ലാത്തതു്.

(3) ഘടകസ്റ്റേറ്റുകൾക്കു് പാടില്ലാത്തതു്.

നികുതി, ചുങ്കം, അബ്കാരി എന്നിവ ചുമത്തുകയും പിരിക്കുകയും ചെയ്യുക; കടം വീട്ടുക; ഐക്യസംസ്ഥാനത്തിൻെറ പ്രതിരോധം, പൊതുനന്മ ഇവയ്ക്കു് വേണ്ടതെല്ലാം ചെയ്യുക; യുദ്ധപ്രഖ്യാപനം ചെയ്യുക; പട്ടാളങ്ങളെ ശേഖരിക്കുക; വിദേശങ്ങളും ഘടകസ്റ്റേറ്റുകളുമായുള്ള വാണിജ്യം ഇറക്കുമതി എന്നിവ നിയന്ത്രിക്കുക; ഭരണത്തിനാവശ്യമായ നിയമങ്ങൾ നിൎമ്മിക്കുക എന്നിവയാണു് കാൺഗ്രസ്സിനു നിൎവ്വഹിക്കേണ്ടതായിട്ടുള്ളതു്.

മതസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, മുദ്രണസ്വാതന്ത്ര്യം മുതലായവയിൽ കേന്ദ്രഗവണ്മെൻറിനു് കൈകടത്തുവാൻ പാടില്ല.

പൗരസ്വാതന്ത്ര്യം സങ്കുചിതമാക്കുന്നതും, ജാതി, വൎണ്ണം എന്നീ കാരണങ്ങളാൽ സമ്മതിദാനാവകാശം നിഷേധി

ക്കുന്നതും, സ്ത്രീകളുടെ സമ്മതിദാനാവകാശം തടയുന്നതുമായ നിയമനിർമ്മാണവും സ്റ്റേറ്റുകൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു.

സ്റ്റേറ്റുകൾക്ക് ചില വിഷയങ്ങളെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഇങ്ങനെ അവയ്ക്കു് ഭരണത്തിലും, നിയമനിർമ്മാണത്തിലും അധികാരം ഉണ്ട്. ഭൂസ്വത്തവകാശം, കുടുംബം, ഫാക്റ്ററി എന്നിവയെ സംബന്ധിച്ച നിയമനിർമ്മാണം, പൊതുജനാരോഗ്യം, പൊതുസന്മാർഗ്ഗം, വിദ്യാഭ്യാസം മുതലായവ സ്റ്റേറ്റുകളുടെ നിയന്ത്രണത്തിലാണ്.

തൊഴിൽ, വാണിജ്യം, വിവാഹം, വിവാഹമോചനം എന്നിവയെപ്പററി നിയമപരമായി ഐകരൂപ്യം വരുത്തുവാനാകുന്നു അമേരിക്കയിലെ ഇന്നത്തെ ശ്രമം.

ഇങ്ങനെയുള്ള വടക്കെഅമേരിക്കയിലെ ഭരണം ഒരു സംയുക്തരാഷ്ട്രത്തിന്റെ ഭരണത്തിന് ദൃഷ്ടാന്തമാകുന്നു.

## ക്യാനഡാ.

വടക്കെ അമേരിക്കയുടെ വടക്കുവശത്തായി സ്ഥിതിചെയ്യുന്ന ക്യാനഡായുടെ ഭരണഘടനയെ ഇനി പരിശോധിച്ചുനോക്കാം.

ക്യാനഡാ ഫ്രഞ്ചുകാരുടെ ഒരു അധിവാസസ്ഥലമായിരുന്നു. ഇന്നും അവിടത്തെ ഒരു വലിയവിഭാഗം ജനങ്ങൾ ഫ്രഞ്ച് മാതൃഭാഷയായി സംസാരിക്കുന്നവരാകുന്നു. 'സപ്തവത്സരസമര'ത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ട്. അതു് ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും തമ്മിലായിരുന്നു നടന്നതു്. ആ യുദ്ധം ഇൻഡ്യയേയും ബാധിക്കുകയും കർണ്ണാടകയുദ്ധം, ആർക്കാട്ടുനിരോധനം, പ്ലാസിയുദ്ധം മുതലായവ അതുമൂലം ഇവിടെ നടക്കുകയും ചെയ്തു.

ആ യുദ്ധകാലത്തായിരുന്നു വുംഫ് ഫ്രഞ്ചുകാരിൽ നിന്ന് ക്യൂബെക് പിടിച്ചെടുത്തതും, അങ്ങനെ ക്യാനഡാ ഇംഗ്ലീഷുകാരുടെ അധീനതയിലായതും. അമേരിക്കയെപ്പോലെതന്നെ ക്യാനഡായും ആദ്യകാലത്ത് ഇംഗ്ലണ്ടിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. പിന്നീട് ഒരു ഡൊമിനിയൻ എന്ന നിലയിൽ അത് ബ്രിട്ടീഷ് കാമൺവെൽത്ത് വലയത്തിനുള്ളിൽ ഒരു സ്വതന്ത്രരാജ്യമായിത്തീർന്നു. അവിടത്തെ ഗവർണ്ണർജനറലിനെ ഇംഗ്ലണ്ടിലെ രാജാവാണു നിയമിക്കുന്നത്. ഭരണം ഇംഗ്ലണ്ടിലെപ്പോലെ പാർലമെൻറ് രീതിയിലുമാകുന്നു.

ക്യാനഡായിലെ സംയുക്തഭരണഘടന അവിടത്തെ ജനങ്ങൾതന്നെ രൂപവൽക്കരിച്ചതാണ്. അല്ലാതെ ഇംഗ്ലീഷുകാർ കെട്ടിവച്ചതല്ല. എ. ഡി. 1864-ൽ ക്യാനഡായിലെ വിവിധവിഭാഗങ്ങൾ സമ്മേളിച്ച് ഒരു സംയുക്തഭരണം വേണമെന്ന് തീരുമാനിച്ച് പ്രമേയങ്ങൾ പാസ്സാക്കി. അവയെ പ്രവിശ്യകളിലെ പാർലമെൻറുകൾ അംഗീകരിക്കുകയും എ. ഡി. 1867-ൽ ബ്രിട്ടീഷ്പാർലമെൻറ് അതെല്ലാം അതേപടി സ്വീകരിക്കുകയും ചെയ്തു.

അമേരിക്കയിലെ ഭരണഘടനാരൂപവൽക്കരണത്തിൽ വന്നുപോയ തെററുകൾ ക്യാനഡായെ സംബന്ധിച്ച് വന്നിട്ടില്ല. അമേരിക്കയിൽ ഓരോ ഘടകസംസ്ഥാനത്തിനും വിപുലമായ അധികാരം നൽകപ്പെട്ടിരുന്നു. ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥചെയ്തിരുന്ന അധികാരങ്ങൾ മാത്രമാണ് കേന്ദ്രഗവണ്മെൻറിനുള്ളത്. ക്യാനഡായിലെ സംയുക്തഗവണ്മെൻറിന്റെ മൂലതത്വം പരമാധികാരം കേന്ദ്രഗവണ്മെൻറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഘടകങ്ങളായ സ്റ്റേററുകളുടെ അധികാരം പരിമിതപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ്. ക്യാനഡായിൽ കേന്ദ്രഗവണ്മെൻറിലാണ് അവശിഷ്ടാധികാരങ്ങൾ (Residuary Powers) സ്ഥിതിചെയ്യുന്നത്; അമേരിക്കയിലും ആസ്ത്രേലിയായിലുമുള്ളതുപോലെ സ്റ്റേററുകളിലും പ്രവിശ്യകളിലുമില്ല.

കേന്ദ്രത്തിന് ശക്തികൂട്ടുക എന്ന ഉന്നം ക്യാനഡായിലെ ഭരണവിഷയവിഭജനത്തിൽ അവിടത്തെ ഭരണഘടനാ

നിർമ്മാതാക്കൾ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. സൈനികകാര്യങ്ങൾ, പോസ്റ്റൽസർവ്വീസ്, നാണയവിനിമയം മുതലായവ ഡൊമിനിയൻപാർലമെൻറിൻെറയും, വസ്തുവകകൾ, സിവിൽ അധികാരം, വിദ്യാഭ്യാസം മുതലായവ പ്രവിശ്യകളുടെയും നിയന്ത്രണത്തിലാകുന്നു. അധിനിവേശം (Immigration) കൃഷി എന്നിവയിൽ ഇരുകൂട്ടർക്കും തുല്യമായ അധികാരം (Concurrent powers) ഉണ്ട്.

ഓരോ പ്രവിശ്യയ്ക്കും വിദ്യാഭ്യാസകാര്യത്തിൽ നിയമങ്ങൾ നിർമ്മിക്കുവാനുള്ള പൂർണ്ണാധികാരമാണുള്ളതു്. എന്നാൽ കത്തോലിക്കർ മുതലായ ന്യൂനപക്ഷക്കാരുടെ പ്രത്യേകാവകാശത്തിൽ പ്രവിശ്യകൾക്ക് കൈകടത്തുവാൻ പാടില്ല.

ഇനി അവശേഷിക്കുന്നതു് ക്യാനഡായിലെ ഭരണഘടനയുടെ നിർവ്വചനമാകുന്നു. അതു് ആകൃതികൊണ്ട് സംയുക്തമെന്നു് തോന്നുമെങ്കിലും, പ്രകൃതിയിൽ ഏകായത്തമാണ്. ഡൊമിനിയൻ ഗവൺമെൻറിന് പ്രവിശ്യകളുടെ നിയമങ്ങളെ നിഷേധിക്കുവാനുള്ള അധികാരമുണ്ട്. അതു് പ്രവിശ്യകളിലെ ഗവർണ്ണർമാരെ നിയമിക്കുകയും, പിരിച്ചുവിടുകയും ചെയ്യുന്നു. പ്രവിശ്യകളിലെ കോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്നതും അതുതന്നെ. കനേഡിയൻ സെനററിൽ ഡൊമിനിയൻ ഗവൺമെൻറിനാൽ നിയമിക്കപ്പെടുന്ന ആയുഷ്ക്കാലാംഗങ്ങളുണ്ട്. എന്നാൽ ഐക്യസംസ്ഥാനത്തെ സെനററിലെ അംഗങ്ങളിൽ പകുതിപ്പേരെ സ്റ്റേററുകളാണ് തെരഞ്ഞെടുക്കുന്നതു്.

ക്യാനഡായിൽ ഒരു ഫെഡറൽകോടതിയുണ്ട്; ഡൊമിനിയൻ ഗവൺമെൻറിൻെറ അധികാരത്തിൽ പ്രവിശ്യകൾക്ക് കൈകടത്താവുന്നതല്ല; സ്റ്റേററുകളുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കേണ്ടതിനുവേണ്ടി നിയമസഭയിൽ ഒരു ഉപരിമണ്ഡലവും ഉണ്ട്. ഇവയെല്ലാം സംയുക്തഗവൺമെൻറിൻെറ ലക്ഷണങ്ങളായി ഉന്നയിക്കപ്പെടുന്നു.

എന്നാൽ ക്യാനഡായ്ക്കു് തനിരൂപത്തിലുള്ള ഒരു ഫെഡറൽ ഭരണഘടനയില്ല എന്നതാണു പരമാർത്ഥം.

## സ്വിററ്സർലണ്ടു്.

ഇനി നമുക്കു് യൂറോപ്പിലേക്കു കടന്നു് സ്വിററ്സർലണ്ടിന്റെ ഭരണഘടനയെ പരിശോധിക്കാം. അതു് ലോകത്തിൽ വച്ചു് ഏററവും ജനാധിപത്യപരമാകുന്നു. മതവൈപരീത്യവും, ഭാഷാവൈപരീത്യവുമുള്ള നാൽപ്പതുലക്ഷം ജനങ്ങളുള്ളതാണു് ആ രാജ്യമെങ്കിലും അവിടത്തെ ഭരണം അമേരിക്കൻ ഭരണക്രമത്തിലുള്ള സുസ്ഥിരതയും ബ്രിട്ടീഷ്ഭരണക്രമത്തിലുള്ള ഉത്തരവാദിത്വവും ഒന്നിച്ചു്ചേർന്നിട്ടുള്ളതാകുന്നു.

Nr. 616

ഭരണഘടന സംയുക്തരീതിയിലുള്ളതാണു്. ക്യാൻറൻ (Canton) എന്നറിയപ്പെടുന്ന 25 സ്റ്റേററുകളായിട്ടത്രെ രാജ്യം വിഭജിക്കപ്പെട്ടിട്ടുള്ളതു്. ഇവയിൽ 19 എണ്ണം ഒന്നാംകിടയിലുള്ളതും ശേഷമുള്ളവ രണ്ടാംകിടയിലുള്ളവയുമാകുന്നു. സ്റ്റേററുകൗൺസിലിലേക്കു് (State Council) സ്ഥിതിവ്യത്യാസമനുസരിച്ചു് ഓരോന്നോ രണ്ടോവീതം സാമാജികന്മാരെ ഓരോ ക്യാൻറനിൽനിന്നും അയയ്ക്കുന്നു. ഓരോ ക്യാൻറൻവിഭാഗത്തിനും പ്രത്യേകം ഭരണക്രമമാണുള്ളതു്. ഭരണഘടന സ്ഥിരം (Rigid) ആയതുകൊണ്ടു് കേന്ദ്രനിയമസഭയ്ക്കു് യഥേഷ്ടം അതു് ഭേദഗതിചെയ്യാനുള്ള അധികാരമില്ല. രണ്ടു പോംവഴികളാണു് അതിനുള്ളതു്.

ഏതെങ്കിലുമൊരു ഭേദഗതി വേണമെന്നു് നിയമസഭകളുടെ രണ്ടു മണ്ഡലങ്ങളും തീരുമാനിക്കുന്നപക്ഷം അതു് സമ്മതിദായകന്മാരുടെ സമക്ഷം സമർപ്പിക്കപ്പെടുന്നു. പൗരന്മാരിൽ ഭൂരിപക്ഷം ആളുകൾ വോട്ടുചെയ്തു് അതിന്നു് അംഗീകാരം നൽകണമെന്നും അവർ ക്യാൻറനുകളിൽ ഭൂരിഭാഗത്തെ പ്രതിനിധീകരിക്കുന്നവരായിരിക്കണമെന്നും വ്യവസ്ഥചെയ്യപ്പെട്ടിട്ടുണ്ടു്.

രണ്ടാമത്തെ മാർഗ്ഗം പൗരന്മാരിൽ അമ്പതിനായിരം പേർ ചേർന്നു് അവർ ഉദ്ദേശിക്കുന്ന ഭേദഗതിയെപ്പററി ഒരു ബില്ലു് അവതരിപ്പിക്കുക എന്നതാണു്. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി അതു് സഞ്ചരിച്ചു് വോട്ടർമാരിലും,

ക്യാൻറനുകളിലും ഭൂരിപക്ഷം അംഗീകരിക്കുന്നതായാൽ നിയമമായിത്തീരുന്നു.

സ്വിററ്സർലണ്ടിലെ ഭരണഘടന ലിഖിതമായ (Written) ഒന്നാണ്. പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, നിയമപരമായ തുല്യത എന്നിവ സ്ഥിരമായി അതിൽ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.

ഏ. ഡി. 1848-ലാണ് ഇന്നുള്ള സംയുക്തസംസ്ഥാനം ആവിർഭവിച്ചത്. കേന്ദ്രഗവണ്മെൻറും, ക്യാൻറൻ ഗവണ്മെൻറുകളും തമ്മിലുള്ള അധികാരവിഭജനം അമേരിക്കയിലും, ആസ്ട്രേലിയായിലുമുള്ളതുപോലെ ആകുന്നു. അന്യരാജ്യങ്ങളുമായുള്ള ബന്ധം, യുദ്ധപ്രഖ്യാപനം, സമാധാനഉടമ്പടി, സൈന്യം, റെയിൽവെ, പോസ്റ്റ്, കമ്പിത്തപാൽ, നാണയം, ബാങ്കുകൾ, ചുങ്കം മുതലായവ കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലാകുന്നു. കേന്ദ്രവ്യവസ്ഥകളെ സംബന്ധിക്കുന്ന പ്രശ്നങ്ങളും ഒരു ക്യാൻറൻ അവയെ ലംഘിച്ചതായി ആരോപണം ഉത്ഭവിക്കുന്നപക്ഷം അതും കേന്ദ്രഗവണ്മെൻറാണ് തീരുമാനിക്കേണ്ടത്. അമേരിക്കയിലാകട്ടെ സുപ്രീംകോടതിക്കാകുന്നു ഈ അധികാരം. മററു പല സംഗതികളിലും സ്വിററ്സർലണ്ടിലെ കേന്ദ്രഗവണ്മെൻറിനു് അമേരിക്കയെ അപേക്ഷിച്ച് കൂടുതൽ അധികാരമാണുള്ളത്. പ്രത്യേകനിയമം (Private Law), വിദ്യാഭ്യാസം, വാണിജ്യം എന്നിവയിലും ഫെഡറൽഗവണ്മെൻറിനു് അധികാരമുണ്ട്.

ഫെഡറൽ ഗവണ്മെൻറിനും ക്യാൻറൻ ഗവണ്മെൻറുകൾക്കും ചില കാര്യങ്ങളിലെല്ലാം തുല്യാവകാശമാണുള്ളത്. വ്യവസായസംവിധാനം, ഇൻഷുറൻസ്, പത്രപ്രവർത്തനം, വിദ്യാഭ്യാസം മുതലായ വിഷയങ്ങളെ സംബന്ധിച്ച് ക്യാൻറനുകൾക്ക് നിർദ്ദേശം നൽകുവാനുള്ള അധികാരവും ക്യാൻറനുകളെ അതിലംഘിക്കുന്നതായ അധികാരവും കേന്ദ്രത്തിനുണ്ട്. എന്നാൽ അവശിഷ്ടാധികാരം ക്യാൻറനുകൾക്കുള്ളതാകുന്നു.

കക്ഷിനിലയനുസരിച്ചു സ്വിററ്സർലണ്ടു് ഇൻഡ്യയ്ക്കു നല്ലൊരു മാതൃക നൽകുന്നുണ്ടു്. ജാതി, മതം, ഭാഷ എന്നിവയിലുള്ള അവിടത്തെ വൈപരീത്യം പരിശോധിക്കുമ്പോൾ അവിടെ അനേകം രാഷ്ട്രീയ കക്ഷികൾ ഉണ്ടായിരിക്കേണ്ടതാണു്. ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളിൽ പലതിനുമുള്ള അവശതകൾ കക്ഷികളുടെ ആവിർഭാവത്തിനു് ഇടം നൽകിയിട്ടുണ്ടു്. എന്നാൽ സ്വിററ്സർലണ്ടുകാർ തികഞ്ഞ ദേശാഭിമാനികളാകകൊണ്ടു് ആ രീതിയിൽ പുറപ്പെട്ടിട്ടില്ല. കക്ഷിരഹിതമായ രാഷ്ട്രീയ പാരമ്പര്യമാണു് അവിടെ ഉണ്ടായിരുന്നതു്. എന്നാൽ ഇന്നത്തെ നിലപാടു് കക്ഷിഭരണത്തിനു് ഏതാണ്ടു് അനുകൂലമാണെന്നു് സമ്മതിക്കണം. പ്രധാനകക്ഷികളായി അവിടെ ഇപ്പോൾ നിലകൊള്ളുന്നതു് യാഥാസ്ഥിതികകക്ഷിയും, പ്രജായത്തകക്ഷിയുമാകുന്നു. പുറമെ സോഷ്യലിസ്ററു് മുതലായ ന്യൂനകക്ഷികളും തല ഉയർത്തിയിട്ടുണ്ടു്.

സ്വിസ് സിവിൽ സർവ്വീസിനെപ്പററി അറിഞ്ഞിരിക്കുന്നതു് നല്ലതാകുന്നു. പതിനയ്യായിരത്തിലധികം ആളുകൾ, അതായതു് ആകെ ജനസംഖ്യയിൽ ഏതാണ്ടു് എട്ടുശതമാനം, ഫെഡറൽ, ക്യാൻറൻ, നഗരം എന്നീ സർവ്വീസുകളിൽ ഉദ്യോഗം വഹിക്കുന്നവരാകുന്നു. ഏ. ഡി. 1925-ലെ ഒരു നിയമപ്രകാരം വിവാഹിതക്കു് അവിവാഹിതരെ അപേക്ഷിച്ചു് ശമ്പളക്കൂടുതൽ ഏർപ്പെടുത്തിയിട്ടുണ്ടു്. ഓരോ കുട്ടിക്കും പ്രത്യേക അലവൻസു് ഉണ്ടു്.

സ്വിററ്സർലണ്ടിലെ പ്രജാധിപത്യഭരണം വിജയപ്രദമാകുവാനുള്ള കാരണങ്ങളിലൊന്നു് അവിടത്തെ ജനങ്ങൾ. മിതവ്യയശീലരും ആർഭാടരഹിതരുമാണെന്നുള്ളതാണു്. ഗവണ്മെൻറു് അധികച്ചെലവുചെയ്യുവാൻ അവർ അനുവദിക്കുന്നതുമല്ല. കൂടാതെ സാമാന്യവിദ്യാഭ്യാസം നല്ലപോലെ സിദ്ധിച്ചു് അസൂയാവഹമായി അതിൽ മികച്ചുനിൽക്കുന്ന 'സ്വിസ്സു'കൾക്കു് പൊതുക്കാര്യങ്ങളിൽ ശരിയായ തീരുമാനമെടുക്കുവാനും, വിവേകപൂർവ്വം അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുവാനും സാധിക്കുന്നുമുണ്ടു്.

ഏകായത്തം, സംയുക്തം എന്നീ ഭരണഘടനകളെപ്പററി ഉദാഹരണസഹിതം പഠിച്ചുകഴിഞ്ഞു. ഇനി നമുക്ക് സ്ഥിരം, പരിണാമി, പാർലമെൻററി, പ്രസിഡൻഷ്യൽ എന്നിവയെക്കുറിച്ചു പഠിക്കാം.

## ൨. സ്ഥിരം, പരിണാമി.

സ്ഥിരം. ഭരണഘടന ഭേദഗതി ചെയ്യുന്ന സമ്പ്രദായമനുസരിച്ചാകുന്നു ഈ 'തരംതിരിപ്പ്'. സ്ഥിരം ഭരണഘടനയിൽ (Rigid constitution) ഭേദഗതി വരുത്തുക സുസാദ്ധ്യമല്ല. സാധാരണതരത്തിലുള്ള നിയമനിർമ്മാണരീതിയിൽനിന്നു തുലോം വ്യത്യസ്തമായ ഒരു രീതിയാണ് അതിനുവേണ്ടി അവലംബിക്കേണ്ടതായിട്ടുള്ളത്. അമേരിക്കൻ സമ്പ്രദായമാണ് ഇതിനു പററിയ ഉദാഹരണം. അവിടെ ഭരണഘടനാഭേദഗതി ഇംഗ്ലണ്ടിലേതുപോലെ അത്ര എളുപ്പമല്ല. അമേരിക്കൻകാൺഗ്രസ്സിനാകട്ടെ അതിന് നേരിട്ടു അധികാരവുമില്ല.

കാൺഗ്രസ്സിൻെറ ഇരുമണ്ഡലങ്ങളിലുമുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗം ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു വോട്ടുചെയ്യേണ്ടതാകുന്നു. വേറൊരുവഴി, സ്റ്റേററുകളിൽ മൂന്നിൽ രണ്ടുഭാഗം നിയമസഭകൾവഴി ഭേദഗതിക്കുള്ള അപേക്ഷ അയയ്ക്കണമെന്നുള്ളതാണ്. അതുപ്രകാരം കാൺഗ്രസ്സ് ഒരു പ്രത്യേകസമ്മേളനം (Convention) വിളിച്ചുകൂട്ടുന്നു. ഇങ്ങനെ അവതരിപ്പിക്കപ്പെടുന്ന ഭേദഗതിക്ക് സ്റ്റേററ് നിയമസഭകളുടെ സ്ഥിരീകരണം ലഭിക്കണമെന്ന വ്യവസ്ഥയുമുണ്ട്.

സ്വിററ്സർലണ്ടിനെപ്പററി വിവരിച്ചുകഴിഞ്ഞതല്ലോ.

പരിണാമി. ഇംഗ്ലണ്ടിലെ ഭരണഘടനയെ പാർലമെൻറിന് യഥേഷ്ടം ഭേദഗതി ചെയ്യാവുന്നതാണ്. ഇംഗ്ലീഷ് ഭരണഘടന പാരമ്പര്യം, രാജവിളംബരം, പാർലമെൻറ്നിയമങ്ങൾ, കോടതികളുടെ തീരുമാനം മുതലായവയുടെ ഒരു

സംഹിതയും, ലേഖനപ്പെട്ടത്താത്തതുമായതിനാൽ അതിനെ "അലിഖിത ഭരണഘടന" (Unwritten Constitution) എന്നാണ് വിളിക്കുന്നത്. തൻമൂലം സാധാരണ നിയമങ്ങൾ നിർമ്മിക്കുന്നതിൽ ഒട്ടും കൂടുതൽ ക്ലേശമില്ലാതെ തന്നെ വേണമെന്നുള്ളപ്പോഴെല്ലാം അവിടത്തെ ഭരണഘടനയേയും മാററാം. സാധാരണ പതിവ് ജനസഭയിൽ (House of Commons) ക്രമാനുസരണം പാസ്സാകുന്ന ബില്ലുകൾ പ്രഭുസഭയിലും (House of Lords) പാസ്സാക്കുകയെന്നതാണ്. ഇവയെ പ്രഭുസഭയ്ക്കു് മുൻകാലങ്ങളിൽ മാററം വരുത്താമായിരുന്നു. എ. ഡി. 1911-ലെ ഒരു പാർലമെൻറ നിയമമനുസരിച്ചു് പ്രഭുസഭ ഭേദഗതി ചെയ്യുന്ന ബില്ല് വീണ്ടും ജനസഭയിലേയ്ക്കു വരുന്നതും രണ്ടു സെഷൻസുകളിലായി രണ്ടാവത്തി പാസ്സാക്കിയാൽ പ്രഭുസഭയുടെ എതിർപ്പുണ്ടായാലും നേരിട്ട് രാജകീയാനുമതിക്കയയ്ക്കാവുന്നതുമാണ്. എ. ഡി. 1908-നുശേഷം ഇതുവരെയും രാജാവിനുള്ള നിഷേധാധികാരം ഉപയോഗിച്ചിട്ടുമില്ല.

ഈ കാരണങ്ങളാൽ ആംഗ്ലേയ ഭരണവ്യവസ്ഥയെ പരിണാമിഭരണഘടന (Flexible constitution) എന്നു പറയുന്നു.

## 3. പാർലമെൻററി, പ്രസിഡൻഷ്യൽ.

രാഷ്ട്രത്തിലുള്ള കാര്യനിർവ്വഹണാധികാരവും (Executive), നിയമനിർമ്മാണാധികാരവും (Legislature) തമ്മിലുള്ള ബന്ധമനുസരിച്ചാകുന്നു ഇത്തരം ഒരു വ്യത്യാസം വരുത്തിയിരിക്കുന്നത്.

കാര്യനിർവ്വഹണാധികാരം, നിയമനിർമ്മാണാധികാരത്തിന് വിധേയമായിരിക്കുമ്പോൾ ഭരണഘടന 'പാർലമെൻററി' എന്നു പറയുന്നു. ഇംഗ്ലണ്ട്, ബൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഇത്തരത്തിലുള്ളവയാകുന്നു. ഇംഗ്ലണ്ടിലെ മന്ത്രിമാർ പാർലമെൻറിനോട് ഉത്തരവാദിത്വമുള്ളവരാകുന്നു.

അമേരിക്കയിൽ അങ്ങനെ അല്ലല്ലൊ. അവിടെ പ്രസി ഡൻറാണ് നാട്ടുനായകത്വം വഹിക്കുന്നത്. അദ്ദേഹം അവിടത്തെ സെനററിനോട്ട്, ഇംഗ്ലണ്ടിലെ മന്ത്രിമാർ അവി ടത്തെ പാർലമെൻറിനോട്ട ഉത്തരവാദിത്വപ്പെട്ട നില്ക്കു ന്നതുപോലെ, അത്രയ്ക്കു് ഉത്തരവാദിത്വപ്പെട്ട നില്ക്കുന്നില്ല.

അതുകൊണ്ട് ഇംഗ്ലണ്ടിലെ ഭരണസമ്പ്രദായം പാർലാ മെൻററി എന്നും, അമേരിക്കയിലേതു് പ്രസിഡൻഷ്യൽ എന്നും പറയപ്പെടുന്നു.

## ഇൻഡ്യ.

ഇനി നമുക്ക് നമ്മുടെ ഇൻഡ്യൻ ഭരണഘടനയെ ഈ വെളിച്ചത്തിൽ വിശകലനം ചെയ്യാം. പ്ലാസി യുദ്ധാ നന്തരമുണ്ടായ ഭാരതത്തിൻെറ രാഷ്ട്രീയൈക്യം എ. ഡി. 1947 ആഗസ്റ്റ് 15–ാംനു ഇൻഡ്യ, പക്കിസ്ഥാൻ എന്ന രണ്ട ഡൊമിനിയനായി ഭാരതം വിഭജിക്കപ്പെട്ടതോടുകൂടി അസ്ത മിച്ചു. സിൻഡ്, വടക്കപടിഞ്ഞാറെ അതിർത്തി എന്ന രണ്ടു പ്രവിശ്യകളും പഞ്ചാബിൻെറയും ബങ്കാളിൻെറയും ഓരോ ഭാഗവും പക്കിസ്ഥാനായി തിരിക്കപ്പെട്ടു.

ഈ വിഭജനംമൂലം ഭാരതത്തിനു ഏതാണ്ട് 20 ശത മാനം ഭൂമിയും, 420 ലക്ഷം ജനങ്ങളും നഷ്ടപ്പെട്ടു. ഭക്ഷണം, വസ്ത്രം എന്നിവയിലും ഇതുവഴി നമ്മുടെ മാതൃരാജ്യത്തിനു് സാരമായ ദോഷം നേരിട്ടിട്ടുണ്ട്. ജലസേചനപദ്ധതിക്ക ധീനമായ കൃഷിനിലങ്ങളിൽ ഏതാണ്ട മൂന്നിലൊരുഭാഗം പക്കിസ്ഥാൻെറ അധീനതയിലായിരിക്കുന്നു. പ്രതിവർഷം എട്ടു ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളുടെ കുറവാണ് അതുമൂലം ഇൻഡ്യയ്ക്കു് അഭിമുഖീകരിക്കേണ്ടിവന്നതു്. പഞ്ഞിയുടെ ഉൽപ്പാദനവും അരപ്പതു ശതമാനം കുറഞ്ഞുപോയി.

എ. ഡി. 1947 ആഗസ്റ്റ് 15-ാംനു ഇൻഡ്യ നിയമപ രമായി സ്വതന്ത്രയായി. ഇൻഡ്യയ്ക്കു് നിയമപരമായി പരമാധികാരവും ലഭിച്ചു.

വിഭജനംമൂലം ജനസംഖ്യയിലും, സാമ്പത്തികനിലയിലും ഇൻഡ്യയ്ക്കു് നേരിട്ട നഷ്ടം നാട്ടുരാജ്യങ്ങളുടെ സംയോജനംകൊണ്ടു് ഒരു വിധത്തിൽ പരിഹരിക്കപ്പെട്ടു എന്നു് സമാധാനിക്കാം. രക്തം ചിന്താതെ സാധിതമായ ഈ സംയോജനം ലോകചരിത്രത്തിലെ ഒരു മഹാസംഭവമായി മികച്ചുനിൽക്കുന്നു.

ആകെ നാട്ടുരാജ്യങ്ങൾ 584 ആയിരുന്നു. അവയിൽ ഏറ്റവും ചെറുതായ ബിൽബാറിയിൽ (Bilbari) ജനസംഖ്യ 27-ം ഒരു കൊല്ലത്തെ മുതലെടുപ്പു് 80 ക.യുമായിരുന്നു. നാട്ടുരാജ്യങ്ങളുടെ ആകെ വിസ്തീർണ്ണം 6,45,000 ചതുരശ്രമൈലും, പ്രവിശ്യകളുടേതു് 6,31,000 ചതുരശ്രമൈലുമാണ്. നാട്ടുരാജ്യങ്ങളിൽ 910 ലക്ഷവും, പ്രവിശ്യകളിൽ 2,270 ലക്ഷവും ജനങ്ങളാണുണ്ടായിരുന്നതു്.

നാട്ടുരാജ്യങ്ങളുടെ സംയോജനം എ. ഡി. 1949 ജൂൺ 27-ാംനു ആരംഭിച്ചു. മൂന്നുവിധത്തിലാണ് ഇതു് നടന്നിട്ടുള്ളതു്. ചിലതെല്ലാം അയൽപ്രവിശ്യകളോടുകൂടി യോജിപ്പിച്ചു. വേറെ ചിലതെല്ലാം തമ്മിൽ യോജിപ്പിക്കുകയും അവയുടെ ഭരണം കേന്ദ്രഗവണ്മെൻറ് കയ്യേൽക്കുകയും ചെയ്തു. തിരുവിതാംകൂർ-കൊച്ചിപോലെ ഏതാനും രാജ്യങ്ങളെ യോജിപ്പിച്ചു് ചില സംയുക്തസംസ്ഥാനങ്ങളെ പുതുതായി സൃഷ്ടിക്കുകയും ചെയ്തു.

ഇൻഡ്യൻ ഭരണഘടനയുടെ പരിധിക്കുള്ളിൽ നാട്ടുരാജ്യങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതു് താഴെപ്പറയുന്ന വ്യവസ്ഥകളോടുകൂടിയാകുന്നു.

1. രാജപദവിയുടെ അടിസ്ഥാനം ജനസമ്മതിയാകുന്നു.

2. ഓരോ പ്രവിശ്യയിലേയും ഗവർണ്ണരെ നിയമിക്കുന്നതുപോലെ തന്നെ നാടുവാഴിയോ അഥവാ രാജപ്രമുഖനോ ഇൻഡ്യൻയൂണിയനിലെ പ്രസിഡൻറിനാൽ അംഗീകരിക്കപ്പെടേണ്ടതാകുന്നു.

3. നാടുവാഴി അധികാരം ദുരുപയോഗിക്കുന്ന പക്ഷം പ്രസിഡൻറിനു് അംഗീകാരം പിൻവലിക്കാവുന്നതാണ്.

4. രാജപ്രമുഖൻെറയും, നാട്ടുവാഴിയുടെയും രാജഭോഗത്തിനു (privy purse) ഇൻഡ്യാഗവണ്മെൻറ് ഉറപ്പു നൽകുന്നു.

5. അവരുടെ ശമ്പളവും അലവൻസും സ്റ്റേററ് മുതലെടുപ്പിൽ ചുമത്തുന്നതാകുന്നു.

6. സ്റ്റേററു നിയമസഭകൾ പ്രവിശ്യകളിലെ സഭകൾപോലെ തുല്യപ്രാബല്യമുള്ളവയായിരിക്കും.

7. മന്ത്രിമാർ നിയമസഭകളോട് ഉത്തരവാദിത്വമുള്ളവരായിരിക്കണം.

8. ഓരോ സ്റ്റേററിനും ഏകമണ്ഡല നിയമസഭയോ, ദ്വിമണ്ഡല നിയമസഭയോ സ്വീകരിക്കാവുന്നതാണ്.

9. ഭരണഘടനപ്രകാരം തനിക്കു ലഭിച്ചിരിക്കുന്ന അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ നാട്ടുവാഴി മന്ത്രിമാരുടെ ഉപദേശം സ്വീകരിക്കേണ്ടതാകുന്നു.

നിയമനിർമ്മാണം. ഇനി എ. ഡി. 1946 ഡിസംബർ മുതൽ എ. ഡി. 1949 വരെ ഡെൽഹിയിൽ സമ്മേളിച്ച ഭരണഘടനാസമിതി (Constituent Assembly) രൂപവൽക്കരിച്ചിട്ടുള്ള ഇൻഡ്യൻഭരണഘടനയെപ്പററി പഠിക്കാം.

യൂണിയൻഗവണ്മെൻറിനു മാത്രമുള്ളത്, സ്റ്റേററുകൾക്കുള്ളത്, യൂണിയനും സ്റ്റേററുകൾക്കും തുല്യാധികാരമുള്ളത് ഇങ്ങനെ മൂന്നായിട്ടാകുന്നു നിയമസഭയുടെ അധികാരങ്ങളെ വിഭജിച്ചിട്ടുള്ളത്. പ്രതിരോധം, വിദേശകാര്യ്യങ്ങൾ, ഗതാഗതം, നാണയം, ബാങ്കും ഇൻഷ്വറൻസും, അന്യരാജ്യങ്ങളുമായുള്ള കച്ചവടം, ചുങ്കം, കാർഷികവരുമാനമൊഴിച്ച് മററു വരുമാനങ്ങളിന്മേലുള്ള നികുതി, വ്യവസായവിപുലീകരണം, ജലസേചനം മുതലായ വിഷയങ്ങൾ കേന്ദ്രഗവണ്മെൻറിൻെറ അധികാരത്തിൽ ഉൾപ്പെട്ടവയാകുന്നു.

സ്റ്റേറ്റുകളുടെ അധികാരത്തിലുള്ള 66 വിഷയങ്ങളിൽ സമാധാനപരിപാലനം, നീതിന്യായ പരിപാലനം, കോടതികൾ (സുപ്രീംകോടതി ഒഴിച്ച്), പോലീസ്, തടവുകൾ, പൊതുജനാരോഗ്യം, ആശുപത്രികൾ, വിദ്യാഭ്യാസം, ഗതാഗതം, കൃഷി, വനം, മത്സ്യവ്യവസായം, സ്റ്റേറ്റിലുള്ള കച്ചവടം, അഗതിസംരക്ഷണം, തൊഴിലില്ലായ്മ, സിനിമാ മുതലായവയും ഉൾപ്പെടുന്നു.

കേന്ദ്രനിയമസഭയുടെയും, സ്റ്റേറ്റുനിയമസഭകളുടെയും കൂട്ടധികാരത്തിലുള്ള വിഷയങ്ങൾ ക്രിമിനൽലാ, വിവാഹം, വിവാഹമോചനം, വർത്തമാനപ്പത്രങ്ങൾ, പുസ്തകങ്ങൾ, മുദ്രണാലയങ്ങൾ, തൊഴിൽശാലകൾ, തൊഴിലാളികളുടെ അഭിവൃദ്ധി, ട്രേഡ്യൂണിയൻ, വ്യവസായതർക്കങ്ങൾ, വിദ്യുച്ഛക്തി, ഉന്നതവിദ്യാഭ്യാസം മുതലായവയാണ്. ഈ വിഷയങ്ങളിൽ ഒരു സ്റ്റേറ്റുഗവണ്മെൻറ് കേന്ദ്രനയത്തിന് അനുയോജ്യമല്ലാതെ പ്രവർത്തിക്കുന്നപക്ഷം കേന്ദ്രത്തിന് ഇടപെടുവാൻ കഴിയും.

96/3

ഇൻഡ്യൻഭരണഘടന ഏകായത്തവുമാണ് സംയുക്തവുമാണ് എന്നു പറയാം. സാധാരണയായി ഒരു സംയുക്തഭരണഘടനയായിട്ടാണ് അതു് വ്യവഹരിക്കപ്പെടുന്നതു്. എന്നാൽ സ്റ്റേറ്റുകാര്യങ്ങളിൽ കൈകടത്തുവാൻ കേന്ദ്രത്തിനധികാരമുണ്ടു്. അധീശാധികാരം കേന്ദ്രത്തിലാണ് നിക്ഷിപ്തമായിരിക്കുന്നതു്.

പ്രത്യേകസന്ദർഭങ്ങളിലും യുദ്ധകാലത്തും ഏകമായി പ്രവർത്തിക്കത്തക്കവിധത്തിലാണ് ഭരണഘടന രൂപവൽക്കരിച്ചിട്ടുള്ളതു്. പ്രസിഡൻറിൻെറ ഒരു വിളംബരത്തോടുകൂടി ഭാവം മാറുകയും സ്റ്റേറ്റുകളെല്ലാം ഒന്നായിത്തീരുകയും ചെയ്യുന്നതാണ്.

പ്രസിഡൻറിന് സ്റ്റേറ്റുകളിലെ ഗവർണ്ണർമാരെ നിയമിക്കുവാനും, ഭരണം നേരിട്ടു നടത്തുവാനും തെരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുവാനും അധികാരമുണ്ടു്. രാജ്യഭദ്രതയ്ക്കു് കേന്ദ്രത്തിനു സ്റ്റേറ്റുകളെക്കാൾ കൂടുതൽ ശക്തിവേണ

മെന്നുള്ള വിശ്വാസമായിരിക്കണം ഇത്തരം ഒരു ഭരണഘടന സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത്.

ഭരണാധികാരം. ഇൻഡ്യയിലെ പ്രസിഡൻറിനെ രാഷ്ട്രപതിയെന്നാണ് പറഞ്ഞു വരുന്നത്. പ്രസിഡൻറിലാണ് ഇൻഡ്യൻയൂണിയനിലെ ഭരണാധികാരം സ്ഥിതി ചെയ്യുന്നത്. പാർലമെൻറിലെ ഇരു മണ്ഡലങ്ങളും സ്റ്റേററുകളിൽനിന്നുള്ള നിയമസഭാസാമാജികന്മാരും കൂടിയാണ് അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത്. അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാകുന്നു. ഒന്നിലധികം പ്രാവശ്യം ഒരാളിനെ പ്രസിഡൻറായി തെരഞ്ഞെടുക്കുന്നതിന് നിയമതടസ്സമില്ല. പ്രസിഡൻറ സ്ഥാനാർത്ഥി ഇൻഡ്യയിലെ ഒരു പൗരനും 35 വയസ്സു കഴിഞ്ഞിട്ടുള്ളവനും പ്രതിനിധിസഭയിലെ തെരഞ്ഞെടുപ്പിന് നില്ക്കുവാൻ യോഗ്യതയുള്ളവനുമായിരിക്കണം.

ഇൻഡ്യൻയൂണിയനിലെ പ്രസിഡൻറിന് അമേരിക്കൻ പ്രസിഡൻറിനുള്ളതുപോലെ അത്രയ്ക്കു് അധികാരമില്ല. അദ്ദേഹം ക്യാബിനററിൻെറ നാഥനല്ല. മന്ത്രിമാരുടെ ഉപദേശപ്രകാരം മാത്രമാണ് അദ്ദേഹം അധികാരം നടത്തുന്നത്. എന്നാൽ യുദ്ധകാലത്ത് ഇൻഡ്യൻ പ്രസിഡൻറിന് അമേരിക്കൻ പ്രസിഡൻറിനുള്ളതുപോലെ വിപുലമായ അധികാരമുണ്ടായിരിക്കും,

പ്രസിഡൻറിൻെറ അഭാവത്തിൽ അദ്ദേഹത്തിനുവേണ്ടി ഭരണചുമതല നിർവ്വഹിക്കേണ്ടതു് വൈസ്പ്രസിഡൻറാകുന്നു. അദ്ദേഹം ഉപരിമണ്ഡലത്തിൻെറ അദ്ധ്യക്ഷനുമാകുന്നു.

പാർലമെൻറ് സഭയുടെ മൂന്നിൽ രണ്ടുഭാഗം ആവശ്യപ്പെടുന്നതായാൽ രാഷ്ട്രപതിയെ മതിയായ കുററമുള്ള പക്ഷം ഒരു പരസ്യവിസ്താരത്തിന് (Impeachment) വിധേയമാക്കാവുന്നതും കുററാരോപണങ്ങൾ ശരിയാണെന്നു തെളിയുന്നപക്ഷം അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു നീക്കം ചെയ്യാവുന്നതുമാകുന്നു.

മന്ത്രിസഭ. ഭരണഘടനയനുസരിച്ചു പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭയാണ് പ്രസിഡൻറിനെ ഉപദേശിക്കുവാനായിട്ടുള്ളതു്. പ്രധാനമന്ത്രിയെ നിയമിക്കുന്നതു് പ്രസിഡൻറാകുന്നു. കൂട്ടമന്ത്രിമാരെ പ്രധാനമന്ത്രിയുടെ ഉപദേശത്തോടുകൂടി പ്രസിഡൻറ് നിയമിക്കേണ്ടതാണ്. മന്ത്രിമാരുടെ ഉദ്യോഗകാലാവധി പ്രസിഡൻറിൻെറ തൃപ്തിയെ ആശ്രയിച്ചാണിരിക്കുന്നതു്. മന്ത്രിസഭ കൂട്ടായി ജനപ്രതിനിധിസഭയോടു് ഉത്തരവാദിത്വപ്പെട്ടിരിക്കും.

നിയമസഭ. സ്റ്റേറ്റ് കൗൺസിൽ (Council of States), ജനസഭ (House of the People) എന്നു് രണ്ടു വിഭാഗങ്ങൾ ചേർന്നതാണു് ഇൻഡ്യൻ പാർലമെൻറ്. ആദ്യത്തേതിലെ അംഗങ്ങളുടെ എണ്ണം 250 ആകുന്നു. അവരിൽ 12 പേർ സാഹിത്യം, കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവയിലുള്ള വൈദഗ്ധ്യത്തെ അടിസ്ഥാനമാക്കി പ്രസിഡൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും, ബാക്കിയുള്ളവർ ഓരോ സ്റ്റേറ്റുകളിലേയും നിയമസഭാ സാമാജികന്മാരാൽ തെരഞ്ഞെടുക്കപ്പെടുന്നവരുമാകുന്നു.

ജനസഭയിൽ ; അഞ്ഞൂറിലധികമല്ലാത്തതായ . അംഗങ്ങൾ ഉണ്ടായിരിക്കും. പ്രായപൂർത്തി വോട്ടവകാശപ്രകാരം സ്റ്റേറ്റുകളിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ടവരാണിവർ.

ന്യൂനപക്ഷക്കാരിൽ പട്ടികജാതിക്കാർക്കല്ലാതെ വേറെ ആർക്കും നിയമസഭകളിൽ സംവരണം അനുവദിച്ചിട്ടില്ല. അതുതന്നെ പത്തുകൊല്ലം മാത്രമേ നിലനില്ക്കുകയുള്ളു.

നീതിന്യായം. നീതിന്യായഭരണം സംബന്ധിച്ചുള്ള സർവ്വാധികാരങ്ങളും ഒരു സുപ്രീംകോടതി (Supreme Court)യിൽ നിക്ഷിപ്തമായിരിക്കുന്നു. ഒരു ചീഫ് ജസ്റ്റീസും ഏഴിൽ കുറയാത്ത ജഡ്ജിമാരും അതിലുണ്ടായിരിക്കും. പ്രസിഡൻറാണ് അവരെ നിയമിക്കുന്നതു്.

ഇൻഡ്യയുടെ ഭരണഘടന പ്രധാനമായി ബ്രിട്ടീഷ് ഭരണരീതിയിലാണ് രൂപവൽക്കരിച്ചിട്ടുള്ളതു്. എന്നാൽ സുപ്രീംകോടതി അമേരിക്കൻ ഐക്യസംസ്ഥാന മാതൃകയിലുള്ളതാകുന്നു.

സ്റ്റേറ്റ്ഭരണം. സ്റ്റേറ്റുകളിലെ ഭരണം കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിലായിരിക്കും നടക്കുക. പഴയ പ്രവിശ്യകളേയും, നാട്ടുരാജ്യങ്ങളേയും ഒരുപോലെ "സ്റ്റേറ്റുകൾ" എന്നാണിപ്പോൾ വിളിക്കുന്നതു്.

എ. ബി. സി. എന്നു മൂന്നു തരമായി തിരിച്ചിരിക്കുന്ന 27 സ്റ്റേറ്റുകളാണ് നമുക്കുള്ളതു്. പഴയ പ്രവിശ്യകൾ എ. സ്റ്റേറ്റുകളായും, കൂട്ടിയിണക്കിയ നാട്ടുരാജ്യങ്ങളെ പൊതുവെ ബി. സ്റ്റേറ്റുകളായും, നിയമസഭകളില്ലായിരുന്നവയും തുലോം ചെറുതുമായ പ്രദേശങ്ങളെ സി. സ്റ്റേറ്റുകളായും വച്ചിരിക്കുന്നു. എ. ഡി. 1951–ലെ പൊതുതെരഞ്ഞെടുപ്പോടുകൂടി സി. സ്റ്റേറ്റുകളിലും നിയമസഭകൾ സ്ഥാപിച്ച് മന്ത്രിസഭകൾ രൂപവൽക്കരിക്കുന്നതിനു് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടു. എ. സ്റ്റേറ്റുകളിൽ ഗവർണ്ണർമാരും ബി. സ്റ്റേറ്റുകളിൽ രാജപ്രമുഖന്മാരും സി. സ്റ്റേറ്റുകളിൽ കമ്മീഷണർമാരൊ, ലഫ്റ്റനൻറ് ഗവർണ്ണർമാരൊ ഭരിക്കത്തക്കവണ്ണവുമാണ് നിശ്ചയം ചെയ്തിരിക്കുന്നതു്. ബി. സ്റ്റേറ്റുകളുടെ ഭരണം 10 കൊല്ലത്തേക്ക് കേന്ദ്രഗവണ്മെൻറിൻെറ നിയന്ത്രണത്തിനു് വിധേയമാണെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു.

നാട്ടുരാജ്യങ്ങളിലെ ഭരണാധിപന്മാരായ 'രാജപ്രമുഖ'ന്മാരെയും പ്രവിശ്യകളിലെ 'ഗവർണ്ണർ'മാരെയും പ്രസിഡൻറാണ് നിയമിക്കുന്നതു്. മന്ത്രിസഭ രാജപ്രമുഖനെയോ, ഗവർണ്ണരെയോ ഭരണകാര്യങ്ങളിൽ ഉപദേശിക്കുന്നു.

സ്റ്റേറ്റ്നിയമസഭ, അവിടത്തെ ജനങ്ങളുടെ തീരുമാനമനുസരിച്ച് ഏകമണ്ഡലസഭയോ ദ്വിമണ്ഡലസഭയോ ആയിരിക്കും. ജനസംഖ്യയിൽ ഒരു ലക്ഷത്തിനു് ഒന്നു് എന്ന കണക്കിനായിരിക്കും നിയമസഭാസാമാജികന്മാരെ ഒതര

ഞ്ഞെടുക്കുന്നതു്. അസംബ്ലിയുടെ കാലാവധി അഞ്ചുകൊല്ലമായിരിക്കും.

നീതിന്യായഭരണത്തിനു് ഓരോ സ്റ്റേററിലും ഓരോ ഹൈക്കോടതിയുണ്ടു്. ഈ ഹൈക്കോടതികൾ സുപ്രീംകോടതിയുടെ നിയന്ത്രണത്തിലാണു്.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU

## തിരുവിതാംകൂർ-കൊച്ചി.

ഇൻഡ്യൻയൂണിയനിലെ ഒരു ഘടകമാകുന്നു തിരുവിതാംകൂർ-കൊച്ചി ഇവിടത്തെ ഭരണം മന്ത്രിസഭയുടെ ഉപദേശപ്രകാരം രാജപ്രമുഖൻെറ പേരിൽ നടക്കുന്നു. മുഖ്യമന്ത്രി (Chief Minister) യും സഹമന്ത്രിമാരും ഭൂരിപക്ഷകക്ഷിയിലുള്ളവരായിരിക്കും.

മന്ത്രിമാർ പ്രത്യേകവകുപ്പുകളുടെ ചാർജ്ജ് വഹിക്കുമെങ്കിലും അവക്കു് കൂട്ടുത്തരവാദിത്വമാണുള്ളതു്. അവരെല്ലാവരും നിയമസഭാസാമാജികന്മാരും, നിയമസഭയോടു് ഉത്തരവാദിത്വപ്പെട്ടു നിൽക്കുന്നവരുമാകുന്നു.

ഏകമണ്ഡലനിയമസഭയാണു് നമുക്കുള്ളതു്. അതിൽ 11 പട്ടികജാതിപ്രതിനിധികളുൾപ്പെടെ ആകെ 108 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുണ്ടു്. ഇവർ ഓരോ നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നു. ആകെയുള്ള നിയോജകമണ്ഡലങ്ങൾ 97 ആണു്. അവയിൽ 86 എണ്ണം ഏകാംഗനിയോജകമണ്ഡലങ്ങളും, 11 എണ്ണം ബഹ്വംഗമണ്ഡലങ്ങളുമത്രെ. പട്ടികജാതിക്കാക്കായി സംവരണം ചെയ്തിട്ടുള്ളതുകൊണ്ടാകുന്നു 11 എണ്ണം ബഹ്വംഗമണ്ഡലങ്ങളായിരിക്കുന്നതു്. രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് നാമനിർദ്ദേശം ചെയ്ത ഒരു ആംഗ്ലോ ഇൻഡ്യൻ പ്രതിനിധിയെ കൂട്ടി അസംബ്ളിയിൽ ആകെ 109 അംഗങ്ങളുണ്ടു്. കേന്ദ്രസഭയിലേക്കു് തിരുവിതാംകൂർ-കൊച്ചിയിൽനിന്നു് 12 പേരെ തെരഞ്ഞെടുത്തയയ്ക്കുന്നു; ഇവരിലൊരാൾ പട്ടികജാതിപ്രതിനിധിയുമാകുന്നു. ഇതിനുപുറമെ ആറു മെംബർമാരെ സ്റ്റേററുകൗൺസിലേക്കും അയയ്ക്കുന്നുണ്ടു്. അവരെ

തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം നമ്മുടെ നിയമസഭയ്ക്കാകുന്നു.

നീതിന്യായം നടത്തുന്നതിനുള്ള ചുമതല ഹൈക്കോടതിക്കാകുന്നു. സിവിലും ക്രിമിനലുമായ കാര്യങ്ങൾക്ക് വെവ്വേറെ കോടതികൾ ഇതിന്റെ കീഴിലുണ്ട്. ഹൈക്കോടതിയിൽ ഒരു ചീഫ്ജസ്റ്റീസും, എട്ടിൽ കവിയാത്ത ഉപജഡ്ജിമാരുമുണ്ട്. ഹൈക്കോടതിവിധിയിന്മേൽ പ്രധാനമായ ചില കാര്യങ്ങളിലെല്ലാം, സുപ്രീംകോടതിയിലേക്ക് അപ്പീൽ കൊടുക്കാവുന്നതാണ്.

ഭരണനിർവ്വഹണത്തിന് മന്ത്രിമാരുടെ കീഴിലായി വകുപ്പദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരുമുണ്ട്. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത വളരെ അധികം ആശ്രയിച്ചിരിക്കുന്നതു് സെക്രട്ടേറിയററിനെയാകുന്നു. ചീഫ്സെക്രട്ടറിയാണ് സെക്രട്ടേറിയററിന്റെ അദ്ധ്യക്ഷൻ.

നമ്മുടെ പഞ്ചായത്തു്, മുനിസിപ്പാലിററി, വില്ലേജുയൂണിയൻ എന്നിവ, പ്രവിശ്യകളിലുള്ള ഡിസ്ട്രിക്ട്ബോർഡുകളും മുനിസിപ്പാലിററികളുംപോലെ, പ്രാദേശികഭരണസ്ഥാപനങ്ങളാകുന്നു. തിരുവിതാംകൂർ—കൊച്ചി രാജ്യത്തെ തിരുവനന്തപുരം കാർപ്പൊറേഷനുൾപ്പെടെ 25 മുനിസിപ്പാലിററികളും, 107 പഞ്ചായത്തുകളും, 195 വില്ലേജുയൂണിയനുമായിട്ടാണ് തിരിച്ചിട്ടുള്ളതു്. വില്ലേജുയൂണിയൻ തിരുവിതാംകൂർവിഭാഗത്തും പഞ്ചായത്തുകൾ കൊച്ചിവിഭാഗത്തും പ്രവത്തനം നടത്തുന്നു.

പഞ്ചായത്തിന്റെയും വില്ലേജുയൂണിയന്റെയും പ്രവത്തനപരിധിയിലുൾപ്പെടുന്ന വിഷയങ്ങളാണ് റോഡു്, കിണറ്, പൊതുജനാരോഗ്യസംരക്ഷണം മുതലായവ. മൂന്നു കൊല്ലത്തിലൊരിക്കൽ പഞ്ചായത്തുതെരഞ്ഞെടുപ്പു നടക്കുന്നു.

പഞ്ചായത്തിന്റെയും വില്ലേജുയൂണിയന്റെയും സീമകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ജനബാഹുല്യമുള്ളതുമായ പ്രധാന പട്ടണങ്ങളിൽ മുനിസിപ്പാലിററി ഭരണമാണു നട

ക്കുന്നതു്. ആകെ നമുക്കു് 25 മുനിസിപ്പാലിററികളുണ്ടെന്നു പറഞ്ഞുവല്ലോ. ഇവയിൽ തിരുവനന്തപുരം മുനിസിപ്പാലിററിയെ ഒരു കാർപ്പൊറേഷനായി ഉയർത്തിയിട്ടുള്ളതു് അതിൻെറ ജനബാഹുല്യവും പ്രാധാന്യവും പരിഗണിച്ചാകുന്നു. അതിൻെറ അദ്ധ്യക്ഷനു് 'മേയർ' എന്നാണു് സ്ഥാനപ്പേർ. മേയറും, മെംബർമാരുംകൂടി തലസ്ഥാനനഗരം ഭരിക്കുന്നതുപോലെ ചെയർമാനും, കൗൺസിലർമാരുംകൂടി മുനിസിപ്പൽഭരണം നടത്തുന്നു. അവർ ഓരോരുത്തരും പട്ടണത്തിലെ ഓരോ വാർഡിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാകുന്നു. നഗരശുചീകരണം, ഗതാഗതമാർഗ്ഗങ്ങൾ, ജലവിതരണം, ചന്ത, വിളക്കുവയ്പു് മുതലായി നഗരജീവിതത്തിനു് അത്യന്താപേക്ഷിതമായ സംഗതികളെല്ലാം നഗരസഭകളുടെ അധീനതയിലാകുന്നു. പ്രവിശ്യകളിലാണെങ്കിൽ ഇവയ്ക്കുപുറമെ ഡിസ്ട്രിക്ട്ബോർഡുകളും, മുനിസിപ്പാലിററികളും സ്കൂളുകൾ നടത്തി വിദ്യാഭ്യാസപ്രവൎത്തനവും നിൎവ്വഹിക്കുന്നുണ്ടു്. മുനിസിപ്പാലിററികളിൽ ചെറിയതോതിൽ ഗവണ്മെൻറസമ്പ്രദായത്തിലുള്ള ആഫീസുകളും ശമ്പളംപററുന്ന ഉദ്യോഗസ്ഥന്മാരുമുണ്ടു്. മുനിസിപ്പൽ ചെയർമാൻ, പഞ്ചായത്തുമെംബർമാർ, മുനിസിപ്പൽമെമ്പർമാർ, എന്നിവരെല്ലാം പ്രതിഫലമൊന്നും കൂടാതെ പൊതുസേവനംനടത്തുന്നവരാണു്. മുനിസിപ്പാലിററികളുടെ ചെലവുകൾ ജനങ്ങളിൽനിന്നു് നികുതിപിരിച്ചും, ഗവണ്മെൻറിൽനിന്നുള്ള ചില സഹായങ്ങളോടുംകൂടിയാണു് നടത്തുന്നതു് പഞ്ചായത്തുകൾക്കു് നികുതി പിരിക്കുവാനുള്ള അധികാരമില്ല. അവർ ഗവണ്മെൻറ് ഗ്രാൻറുകൊണ്ടു കഴിഞ്ഞുപോരുന്നു. എന്നാൽ പുതിയ ഒരു ആക്ററപ്രകാരം തിരുവിതാംകൂർ വിഭാഗത്തുള്ള വില്ലേജുയൂണിയൻ സ്ഥാപനങ്ങളെ കൊച്ചിയിലുള്ളതുപോലെ പഞ്ചായത്തുകളായി തരംതിരിക്കുകയും പഞ്ചായത്തുകൾക്കെല്ലാം, മുനിസിപ്പാലിററികളുടെ രീതിയിൽ ചെറിയ തോതിലുള്ള നികുതി ചുമത്തുവാനുള്ള അധികാരം നൽകുകയും ചെയ്തിരിക്കുന്നു.

സാധാരണയായി മൂന്നുകൊല്ലത്തിലൊരിക്കലാണു് മുനിസിപ്പൽ തെരഞ്ഞെടുപ്പു് നടക്കുന്നതു്. ചെറിയ തോതി

ലെങ്കിലും നിയമസഭകളിലേയ്ക്കുള്ള രീതിയിൽതന്നെയാണ് ഈ തെരഞ്ഞെടുപ്പുകളും നടക്കുന്നതു്. ഗവണ്മെൻറിന് മുനിസിപ്പാലിററികളുടെയും പഞ്ചായത്തുകളുടെയും മേൽ നിയന്ത്രണാധികാരവും, പരിശോധനാധികാരവുമുണ്ടു്.

പഞ്ചായത്തും മുനിസിപ്പാലിററിയും പൗരന്മാരുടെ പൊതുജീവിതത്തിനും, സേവനത്തിനും പരിശീലനം നൽകുന്ന ഉത്തമ കളരികളാകുന്നു.

---

## അദ്ധ്യായം II

### കക്ഷിഭരണം.

**രാഷ്ട്രീയകക്ഷികൾ.**

മന്ത്രിമാരാണ് തിരുവിതാംകൂർ—കൊച്ചിയിലെ ഭരണം നടത്തുന്നതു്. ഇവരെല്ലാം ഒരു രാഷ്ട്രീയകക്ഷിയിലുള്ളവരാകുന്നു. പൊതുതെരഞ്ഞെടുപ്പിൽ ഓരോ നിയോജകമണ്ഡലങ്ങളിലുംനിന്ന് മത്സരിച്ചു് ജയിച്ചോ അഥവാ എതിരില്ലാതെയോ നിയമസഭയിലേക്ക് വന്നിട്ടുള്ളവരാണിവർ.

ഒരു തെരഞ്ഞെടുപ്പു കഴിയുമ്പോൾ ഭൂരിപക്ഷം അംഗങ്ങളുള്ള പാർട്ടിയിലെ നേതാവിനെ രാജപ്രമുഖൻ ക്ഷണിച്ചു് മന്ത്രിസഭ രൂപീകരിക്കുവാൻ ആവശ്യപ്പെടുന്നു. അദ്ദേഹം ആ ക്ഷണം സ്വീകരിച്ചു് തൻെറ സഹമന്ത്രിമാരുടെ ലിസ്റ്റ് സമർപ്പിക്കുകയും രാജപ്രമുഖൻ ലിസ്റ്റ് ഔപചാരികമായി സ്വീകരിക്കുന്നതോടുകൂടി മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്തു് ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നു. നിയമസഭയിൽ ഭൂരിപക്ഷത്തിൻെറ പിന്തുണ ഇല്ലാതെവരികയോ, വേറൊരു തെരഞ്ഞെടുപ്പു് ക്രമാനുസരണം നടന്നു് പുതിയ ഒരു മന്ത്രിസഭ രൂപവൽക്കരിക്കുന്നതിനുമുമ്പുവരെയോ അവരുടെ ഭരണം നിലനിൽക്കുന്നതാണ്.

ഇത്തരത്തിലുള്ള ഒരു ഭരണമാണ് ഇന്ന് ഇൻഡ്യയ്ക്കു് പൊതുവിലുള്ളതു്. എ. ഡി. 1885-ൽ ആരംഭിച്ചു് അതു മുതൽ പ്രവർത്തനങ്ങൾ നടത്തി ഭാരതത്തിനു് സ്വാതന്ത്ര്യം സമ്പാദിച്ചുതന്നതായ ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സു് കക്ഷിയിലെ അംഗങ്ങളാണു് മന്ത്രിമാരായി ഇപ്പോൾ ഇൻഡ്യയിലാകെ ഭരണം നടത്തുന്നതു്. നിയമസഭകളിൽ കരുത്തുള്ള പ്രതിപക്ഷകക്ഷിയില്ലാതെ ഒരു കക്ഷിതന്നെ ഭരിക്കുന്നതു് ശരിക്കുള്ള കക്ഷിഭരണമായിത്തീരുന്നില്ല. ജനകീയഭരണമുള്ള രാജ്യങ്ങളിലെല്ലാം ഒന്നിലധികം കക്ഷികളുണ്ടായിരിക്കും. ഇൻഡ്യയിലും ഭിന്നകക്ഷികൾ രൂപമെടുത്തിട്ടുണ്ടു്. അവയിൽ പ്രധാനമായവ ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടി, കിസാൻ മസ്ദൂർ പ്രജാപാർട്ടി, ജനസംഘ്, ഹിന്ദുമഹാസഭാപാർട്ടി, കമ്മ്യൂണിസ്റ്റ്പാർട്ടി എന്നിവയാകുന്നു. എ. ഡി. 1951 അവസാനം പ്രായപൂർത്തിവോട്ടവകാശമനുസരിച്ചു് ഭാരതത്തിൽ ആദ്യമായി നടന്ന പൊതുതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനെതിരായി ഇവരും വേറെ പല പാർട്ടികളും രംഗപ്രവേശം ചെയ്തു.

Ac 616

ഇനിയത്തെ തെരഞ്ഞെടുപ്പിനു് കാൺഗ്രസ്സിനെതിരായി സോഷ്യലിസ്റ്റ് കക്ഷിയും, കമ്മ്യൂണിസ്റ്റ് കക്ഷിയും സുനിശ്ചിതമായ നിലയിൽ മത്സരിക്കുമെന്നു് കരുതാം. അങ്ങനെ ഇൻഡ്യയിൽ മൂന്നു പ്രധാന കക്ഷികളുണ്ടായിരിക്കാനാണെളുപ്പം. അതുകൊണ്ടു് കാൺഗ്രസ്സ് കക്ഷിയേയും ഇതരകക്ഷികളേയും പററിയുള്ള പ്രധാന വിവരങ്ങൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ടതാണു്.

## ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ്.

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിനു് ഹിമാലയസേതു പര്യന്തം അംഗങ്ങളുണ്ടു്. എ. ഡി. 1946-47-വരെയുള്ള കാലത്തു് 10,50,00,000 ആയിരുന്നു കാൺഗ്രസ്സിലെ അംഗസംഖ്യ. ഉത്തരപ്രദേശത്തും, ആന്ധ്റായിലും, ബീഹാറിലുമായിരുന്നു താരതമ്യേന കൂടുതൽ അംഗങ്ങൾ. കാൺഗ്രസ്സിനു്, വാർഷികപൊതുസമ്മേളനത്തിൽ

വച്ചു ഒരു കൊല്ലത്തേക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡൻറും, രണ്ടു ജനറൽസെക്രട്ടറിമാരും, പ്രസിഡൻറ് നിയമിക്കുന്നതായ ഒരു പ്രവൎത്തകകമ്മിററിയും (Working Committee), ഒരു അഖിലേൻഡ്യാ കാൺഗ്രസ്സ് കമ്മിററി (A. I. C. C,) യും ഉണ്ടായിരിക്കും. ഇവയ്ക്കു പുറമെ പ്രവിശ്യാകമ്മിററികളും, പ്രാദേശിക (Local) കമ്മിററികളുമുണ്ടു്. ഇതിലേയ്ക്കായി 25 കാൺഗ്രസ്സ് പ്രവിശ്യകളായിട്ടാണു് രാജ്യത്തെ വിഭജിച്ചിട്ടുള്ളതു്. അവയിലൊന്നു് കേരളമാകുന്നു. നിയമസഭാസ്ഥാനാൎത്ഥികളെ തെരഞ്ഞെടുക്കേണ്ടതിനും നിയമങ്ങൾക്കു് ഐകരൂപ്യം വരുത്തുന്നതിനും സാമാജികന്മാൎക്കു് ഉപദേശങ്ങൾ നൽകേണ്ടതിനുമായി ഒരു പാർലമെൻററിബോർഡു് ഉണ്ടായിരിക്കും. കാൺഗ്രസ്സിനു് ന്യൂഡെൽഹി ആസ്ഥാനമാക്കി എട്ടു ഡിപ്പാൎട്ടുമെൻറുകളോടുകൂടിയ ഒരു സെക്രട്ടേറിയററുമുണ്ടു്.

കാൺഗ്രസ്സിനു് നിയമാവലിപ്രകാരം പ്രാഥമികമെമ്പർമാരും, വില്ലേജുകളിലും പട്ടണങ്ങളിലും പഞ്ചായത്തുകളും, ഡിസ്ട്രിക്ടു് കാൺഗ്രസ്സ് കമ്മിററികളും ഉണ്ടു്. ഇതിനുപുറമെ മുൻപ്രസ്താവിച്ചതുപോലെ പ്രവിശ്യാകാൺഗ്രസ്സ് കമ്മിററികൾ, അഖിലേൻഡ്യാകാൺഗ്രസ്സ് കമ്മിററി, വൎക്കിംഗ്കമ്മിററി എന്നിവയും ഉണ്ടു്.

21 വയസ്സുള്ള ഏതൊരാൾക്കും പ്രാഥമികാംഗമായി ചേരാവുന്നതാണു്. ക്വാളിഫൈഡ് മെംബർ (Qualified member), ഇഫക്ററീവ് മെമ്പർ (Effective member) എന്നീ സ്ഥാനങ്ങളിലേയ്ക്കു് പ്രാഥമികമെംബർമാൎക്കു് വ്യവസ്ഥാനുസരണം ഉയരാവുന്നതാണു്.

കാൺഗ്രസ്സ് ഭരണഘടനയനുസരിച്ചു് രാജ്യസേവനമാണു് അംഗങ്ങളുടെയും പ്രവൎത്തകസമതികളുടെയും ലക്ഷ്യം. ഭരണഘടനയുടെ 1-ാം വകുപ്പിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇൻഡ്യൻനാഷണൽകാൺഗ്രസ്സിൻെറ ഉദ്ദേശ്യം ഇൻഡ്യൻജനതയുടെ ക്ഷേമവും പുരോഗതിയും കൈവരുത്തുകയും, രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ സമാവസരത്തെയും, അവകാശത്തെയും അടിസ്ഥാന

SREE KRISHNA VILASOM GRANDHASALA

മാക്കിക്കൊണ്ടു ന്യായവും, സമാധാനപരവുമായ മാർഗ്ഗത്തി ലൂടെ ഒരു കോവാപ്പറേററീവ് കാമൺവെൽത്ത് ഇൻഡ്യ യിൽ സ്ഥാപിക്കുകയും ലോകസമാധാനത്തെയും വിശ്വ സാഹോദര്യത്തെയും ലക്ഷ്യം വച്ച് പ്രവർത്തിക്കുകയുമാകുന്നു.'' ഈ ഉദ്ദേശ്യസാദ്ധ്യത്തിനായിട്ടാണ് കാൺഗ്രസ്സ് രാജ്യ ഭരണം നടത്തുന്നത്.

കാൺഗ്രസ്സിനു് ഒരു പാർലമെൻററി ബോർഡുണ്ടെന്നു് പ്രസ്താവിച്ചുവല്ലോ. ഒരു പ്രസിഡൻറും അഞ്ചു് അംഗങ്ങ ളുമുള്ള ഈ സമിതിയെ വക്കിംഗ്കമ്മിററിയാണ് രൂപ വൽക്കരിക്കുന്നതു്. കാൺഗ്രസ്സ് പ്രസിഡൻറ് അതിൻെറ അഗ്രാസനാധിപതിയാകുന്നു. ഈ ബോർഡാണ് ഇൻഡ്യ യിലെ നിയമസഭകളുടെയെല്ലാം പ്രവൎത്തനങ്ങൾ ക്രമീകരി ക്കുന്നതു്. അതിനായിട്ടു് നിയമസഭകളിലേയ്ക്കുള്ള സ്ഥാനാ ർത്ഥികളെ ബോർഡിൽനിന്നും തെരഞ്ഞെടുക്കുന്നു. പ്രാദേ ശികകമ്മിററികൾ കാലേക്കൂട്ടി സ്ഥാനാർത്ഥികളുടെ ലിസ്റ്റ് അവക്കു് അയച്ചുകൊടുക്കേണ്ടതും അതിൽ നിന്നു് ബോർഡു് വേണ്ടവരെ സ്വീകരിക്കുന്നതുമാകുന്നു. പ്രവിശ്യകളിലും, സ്റ്റേററുകളിലും കാൺഗ്രസ്സ് ഭരണം നടപ്പാക്കിയതോടു കൂടി ബോർഡ് മന്ത്രിസഭാരൂപവൽക്കരണത്തെപ്പററിയും, സർവ്വേന്ത്യാ പ്രാധാന്യമുള്ള നിയമസഭാബില്ലുകളെപ്പററി യും പ്രാദേശികനേതാക്കന്മാൎക്കു് ഉപദേശം നല്കുക എന്ന ചുമതലയും നിർവ്വഹിച്ചുതുടങ്ങി. ബീഹാറിലും മദ്രാസ്സിലും സെമിന്താരി നിറുത്തൽ ബില്ലുകൾ (Zamindari Abolition Bills) അഭിപ്രായത്തിനും അംഗീകരണത്തിനുമായി അവൎക്കു് അയച്ചുകൊടുക്കപ്പെട്ടതു് ഇതനുസരിച്ചാണു്.

സ്റ്റേററുകളിലെ കാൺഗ്രസ്സ് പ്രവൎത്തനം എ. ഡി. 1949-നുമുമ്പ് കുറെക്കാലത്തേയ്ക്കു് കാൺഗ്രസ്സ് സ്ഥാപ നത്തിൻെറ അധികാരത്തിൽ ഉൾപ്പെട്ടിരുന്നില്ല. അക്കൊല്ലം ഡെൽഹിയിൽ നടന്ന സമ്മേളനത്തിൽവച്ച് സ്റ്റേററ്കാൺ ഗ്രസ്സുകളെ സർവ്വേന്ത്യാകാൺഗ്രസ്സുമായി സംയോജിപ്പിക്കേ ണ്ടതിനു് കാൺഗ്രസ്സ് വക്കിംഗ്കമ്മിററി തയ്യാറാക്കിയ

ചട്ടങ്ങൾ അംഗീകരിക്കപ്പെട്ടു. സ്റ്റേറ്റുകാൺഗ്രസ്സ് സംഘങ്ങൾ അഖിലേന്ത്യാകാൺഗ്രസ്സിന് അധീനമായിരിക്കണമെന്നും ആ സമ്മേളനത്തിൽ തീരുമാനിച്ചു. സ്റ്റേറ്റുകാൺഗ്രസ്സ്കമ്മിററികളേയും, പ്രജാമണ്ഡലങ്ങളേയും നാഷനൽ കാൺഗ്രസ്സ്കമ്മിററികളായും റീജ്യണൽ കൗൺസിലുകളെ പ്രൊവിൻഷ്യൽ കാൺഗ്രസ്സ്കമ്മിററികളായും രൂപാന്തരപ്പെടുത്തുകയും ചെയ്തു.

എ. ഡി. 1919-മുതൽ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സ് ഇൻഡ്യയിലെ രാഷ്ട്രീയ മണ്ഡലത്തിൽ ബ്രിട്ടീഷ ഭരണത്തിനെതിരായുള്ള ഒരു വലിയ പ്രതിപക്ഷമായിട്ടാണ് കഴിഞ്ഞിരുന്നതു്. ഇന്ന് ഇൻഡ്യയിലെ രാഷ്ട്രീയ നഭോമണ്ഡലത്തിൽ നാം കാണുന്ന പ്രധാനപാർട്ടികളിൽ, കമ്മ്യൂണിസ്ററുകാരൊഴികെ, മററുള്ളവരെല്ലാം കാൺഗ്രസ്സിൽനിന്ന് തെററി പൊട്ടിപ്പുറപ്പെട്ടിട്ടുള്ളവരാണ്. ഇപ്പോൾ പ്രതിപക്ഷമായി നിലകൊള്ളുന്നതു് സോഷ്യലിസ്ററ് പാർട്ടി, ഫോർവേർഡ് ബ്ലോക്കു്, കിസാൻ മസ്ദൂർ പാർട്ടി, ജനസംഘ്, റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയാകുന്നു.

പ്രധാനമായ രണ്ടു സംഗതികളിലാണ് കാൺഗ്രസ്സിലുള്ള ഇടതുപക്ഷക്കാർ വലതുപക്ഷക്കാരിൽനിന്ന് വ്യത്യസ്തമായ ഒരു നില കൈക്കൊണ്ടതു്. ഇൻഡ്യ ബ്രിട്ടീഷ് ബന്ധത്തിൽ നിന്നു് പരിപൂർണ്ണമായും സ്വതന്ത്രമാകണമെന്നും, ബ്രിട്ടനുമായി ഒരു വക ഒത്തുതീർപ്പിലും അതു സംബന്ധിച്ച് എത്തിച്ചേരരുതെന്നുമായിരുന്നു ഇടതുപക്ഷവാദം. രണ്ടാമതായി സാമ്പത്തിക സമീകരണവും, ദേശവൽക്കരണവും (Collectivism) വേണമെന്നും ഇടതുപക്ഷക്കാർ വാദിക്കുകയും തൊഴിലാളികളേയും, കർഷകരേയും ആ അടിസ്ഥാനത്തിൽ ദേശീയപ്രസ്ഥാനത്തിലേക്കു് കൊണ്ടുവരുവാൻ പണിപ്പെടുകയും ചെയ്തു.

എ. ഡി. 1934-ൽ ഭരണം കയ്യേൽക്കുവാൻ കാൺഗ്രസ്സ് തീരുമാനിച്ചപ്പോൾ ഇടതുപക്ഷക്കാർ ഒരു സോഷ്യലിസ്റ്റ്പരിപാടി കാൺഗ്രസ്സിനെക്കൊണ്ടു് സ്വീകരിപ്പി

ക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തു. അതിലുണ്ടായ പരാജയമാണ് ഇടതുപക്ഷക്കാരെ കാൺഗ്രസ്സിൽനിന്നു് വിട്ടുപോകുവാൻ പ്രേരിപ്പിച്ചതു്. താമസിയാതെ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് കക്ഷി രൂപവൽക്കരിക്കപ്പെട്ടു.

എന്നാൽ മഹാത്മാഗാന്ധിയുടെയും, പണ്ഡിററ് നെഹ്റുവിന്റെയും നേതൃത്വത്തിൽ കാൺഗ്രസ്സിന്നു് പട്ടണങ്ങളേയും, ഗ്രാമങ്ങളേയും ബാധിക്കുന്നതായ ഒരു സാമ്പത്തികപദ്ധതി, സോഷ്യലിസ്ററുകാരുടേതിനോടു തുല്യമായി ഗാന്ധിയൻ സോഷ്യലിസം എന്ന പേരിൽ, രൂപവൽക്കരിക്കുവാൻ സാധിച്ചു. അതുകൊണ്ടു് ഇടതുപക്ഷക്കാൎക്കു് കാൺഗ്രസ്സിന്റേതിൽനിന്നു് കേവലം വിഭിന്നമായ ഒരു പരിപാടി ഇല്ലാതെവന്നു. അതിനാൽ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുകയും ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തതോടുകൂടി ഇടതുപക്ഷക്കാർ കാൺഗ്രസ്സിനെതിരായുള്ള പ്രവൎത്തനം ശക്തിപ്പെടുത്തി. എന്നാൽ ആഭ്യന്തരകലഹം, അനൈക്യം, സൎവ്വേന്ത്യാതോതിലുള്ള ഒരു ഘടനയുടെ അഭാവം എന്നീ കാരണങ്ങളാൽ ഇടതുപക്ഷക്കാൎക്കു് കാൺഗ്രസ്സിനോളം ശക്തി ലഭിച്ചിട്ടില്ല.

എ. ഡി. 1949-ൽ ഇടതുപക്ഷക്കാരെയും, കമ്മ്യൂണിസ്ററുകാരെയും ചേൎത്തുകൊണ്ടു് ഒരു ഐക്യമുന്നണി സൃഷ്ടിക്കുവാനായി ശരത് ചന്ദ്രബോസിന്റെ കീഴിൽ ഒരു പരിശ്രമം ബാംബെയിൽ വച്ചു് നടന്നു. ആ ശ്രമം പൂൎത്തിയായില്ല.

## സോഷ്യലിസ്ററു കക്ഷി.

സോഷ്യലിസ്റ്റ് കക്ഷിക്കു് എ. ഡി. 1949-ലെ കണക്കുപ്രകാരം 12,360 മെംബൎമാരാണുണ്ടായിരുന്നതു്. ഈ കുറവിനുള്ള കാരണം അംഗത്വവ്യവസ്ഥകളാണെന്നു പറയുന്നു. ഓരോ പ്രവൎത്തകാംഗവും ആഴ്ചയിൽ 14 മണിക്കൂർ കക്ഷിക്കുവേണ്ടി പ്രവൎത്തിക്കുന്നവരായിരിക്കണം. അംഗത്വത്തിനുള്ള അപേക്ഷകന്മാൎക്കു് ഒരു പരീക്ഷണകാലവും കഴിക്കേ

ത്തുണ്ട്. ഇപ്പോൾ ഈ നിയമങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിരിക്കുന്നു. അതുകൊണ്ട് അംഗസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്.

കക്ഷിവകയായി 21 വാരികകൾ പ്രസിദ്ധം ചെയ്യുന്നുണ്ട്. 'ജനതാ' (Jenata) എന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണമാണ് അവയിൽ ഏററവും പേരുകേട്ടതു്.

സോഷ്യലിസ്റ്റ് കക്ഷിയുടെ ശാഖകളിൽ പരിശീലന ക്ലാസ്സുകൾ നടത്തുന്നുണ്ട്. അവിടെ അംഗങ്ങൾക്ക് കക്ഷിയുടെ പ്രവർത്തനത്തെപ്പററിയുള്ള പരിശീലനവും, കാർഷിക വാണിജ്യവിഷയങ്ങൾ, ട്രേഡ്‌യൂണിയൻ എന്നിവയെസംബന്ധിച്ച് പരിജ്ഞാനവും നൽകപ്പെടുന്നു.

ഏ. ഡി. 1934-ലാണ് സോഷ്യലിസ്റ്റ് കക്ഷി ഉദയം ചെയ്തതു്. അതിൻെറ പരിപാടിയിൽ താഴെ പറയുന്നവ ഉൾപ്പെടുത്തിയിരിക്കുന്നു. പുതുവൽസ്ഥലങ്ങൾ കൃഷിചെയ്യേണ്ടതിന് ഒരു ഭൂസേവാസേന (Land Army) രൂപവൽക്കരിക്കുക, ഗവണ്മെൻറ് അതിൻെറ സകല ചെലവും വഹിക്കുക, ഭൂനികുതി വർദ്ധിപ്പിക്കാതിരിക്കുക, കർഷകകുടുംബങ്ങൾക്ക് $12\frac{1}{2}$ മുതൽ 30 വരെ ഏക്കർ ഭൂമി വീതിച്ചുകൊടുക്കുക, ചെറിയ വ്യവസായങ്ങൾക്ക് ഗവണ്മെൻറ് ധനസഹായം നൽകുക, ബാങ്കിംഗ്, ഇൻഷ്വറൻസ്, വിദ്യുച്ഛക്തി മുതലായവ ദേശസാൽക്കരിക്കുക, ശമ്പളക്കാൎക്കും കൂലിക്കാൎക്കും ജീവനക്കൂലി കൊടുക്കുക.

കമ്മ്യൂണിസ്റ്റ് കക്ഷിയോടു് യോജിപ്പില്ലാത്ത നിലയാണു സോഷ്യലിസ്റ്റ് കക്ഷിയുടേതു്. റഷ്യയുമായി സോഷ്യലിസ്ററുകാൎക്ക് വിരോധമൊന്നുമില്ല എന്നുതന്നെയല്ല സ്നേഹബന്ധം പുലത്തുവാൻ അവർ തയാറുമാണ്. എന്നാൽ റഷ്യ എന്നല്ല, വേറെ ഒരു രാജ്യവും ഇൻഡ്യൻ കാൎയ്യങ്ങളിൽ കൈകടത്തുവാൻ സോഷ്യലിസ്ററുകാർ അനുവദിക്കുന്നതല്ല.

**കമ്മ്യൂണിസ്ററു കക്ഷി.**

---

ഏ. ഡി. 1924-ലാണ് ഈ കക്ഷി ഇൻഡ്യയിൽ സ്ഥാപിതമായതു്. ഏതാണ്ട് 20 വർഷത്തോളം അതു്

ഗവണ്മെൻറ് നിരോധനത്തിലുൾപ്പെട്ട ഒരു കക്ഷിയായി കഴിഞ്ഞുകൂടിയിരുന്നു. ഏ. ഡി. 1943-ൽ നിരോധനം പിൻവലിക്കുകയും, കമ്മ്യൂണിസ്റ്റുകാർക്ക് പൊതുയോഗങ്ങൾ പഴയപടി നടത്തുവാൻ സാധിക്കുകയും ചെയ്തു.

ഏ. ഡി. 1949-ൽ ഔദ്യോഗികമായി 80,000 അംഗങ്ങൾ കമ്മ്യൂണിസ്റ്റുകക്ഷിയിൽ ഉണ്ടായിരുന്നു ഈ സംഖ്യ ഇപ്പോൾ വളരെ വർദ്ധിച്ചിട്ടുണ്ട്. മലബാർ, ആന്ധ്റ, വെസ്റ്റ്ബംഗാൾ, തെലിങ്കാന, ഈസ്റ്റ് പഞ്ചാബ് എന്നിവിടങ്ങളിലാണ് കൂടുതൽ അംഗങ്ങളുള്ളതു്.

പതിനെട്ടു വയസ്സു് തികഞ്ഞ ഒരു ഇൻഡ്യൻ പൗരന് കക്ഷിയിൽ ചേരാവുന്നതാണ്. അയാൾ കമ്മ്യൂണിസ്റ്റ് തത്വങ്ങളിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും, കക്ഷിക്കുവേണ്ടി പുറത്തിറങ്ങി പ്രവർത്തിക്കുവാനും, അതതുകാലത്തു കക്ഷി നിശ്ചയിക്കുന്ന പരിപാടി അനുസരിച്ച് പ്രവർത്തിക്കുവാനും സന്നദ്ധനായിരിക്കുകയും വേണം. ഓരോ അംഗവും സത്യപ്രതിജ്ഞ ചെയ്യേണ്ടതും, കക്ഷിനിയമത്തിന് വിധേയമാകേണ്ടതുമാകുന്നു.

ഈ കക്ഷിയുടെ ഉദ്ദേശ്യങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു. ഇൻഡ്യയെ പരിപൂർണ്ണമായും സ്വതന്ത്രമാക്കുക; തൊഴിലാളികളെയും കർഷകരെയും മററും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രജായത്ത ഭരണം ഏർപ്പെടുത്തുക; ആംഗ്ലോ അമേരിക്കൻ സാമ്രാജ്യത്വത്തെ എതിർത്തുകൊണ്ട് ജനായത്തരാജ്യങ്ങളുമായി സമ്പർക്കത്തിലേർപ്പെടുക; ഭൂസ്വത്തുക്കളെല്ലാം പ്രതിഫലം കൂടാതെ ഉടമസ്ഥന്മാരിൽനിന്നു് കൈവശപ്പെടുത്തുകയും അവയിൽ പണിയെടുക്കുന്നവർക്കായി വീതിച്ചുകൊടുക്കുകയും ചെയ്യുക; വൻകിട തൊഴിൽശാലകൾ, ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ മുതലായവ ദേശസാൽക്കരിക്കുക; ജനങ്ങളെ സായുധീകരിക്കുകയും ഒരു ദേശീയപട്ടാളത്തെ ശേഖരിക്കുകയും ചെയ്യുക; സൗജന്യവിദ്യാഭ്യാസവും, നിർബന്ധിത പ്രാഥമികവിദ്യാഭ്യാസവും നടപ്പിലാക്കുക.

## ഇംഗ്ലണ്ടും കക്ഷിഭരണവും.

രാഷ്ട്രീയകക്ഷികൾ. കക്ഷിക്രമമനുസരിച്ചുള്ള ഭരണത്തിന് ജഗൽപ്രസിദ്ധമായിരിക്കുന്നത് ഇംഗ്ലണ്ടാകുന്നു. അവിടെ ഇന്നു് യാഥാസ്ഥിതികകക്ഷി (The Conservative Party), തൊഴിലാളികക്ഷി (The Labour Party), ഉല്പതിഷ്ണുകക്ഷി (The Liberal Party) എന്ന മൂന്നു കക്ഷികളാണു് മുന്നണിയിൽ നിൽക്കുന്നതു്. യാഥാസ്ഥിതികന്മാരും, ഉല്പതിഷ്ണുക്കളും വളരെ പഴക്കവും, പാരമ്പര്യവും ഉള്ളവരാകുന്നു. ആദ്യത്തേതു് ടോറീസ് (Tories) എന്ന പേരിലും രണ്ടാമത്തേതു് വിഗ്സ് (Whigs) എന്ന പേരിലും പതിനേഴാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉദയം ചെയ്തവയാകുന്നു.

ചാറൽസ് രണ്ടാമൻ എന്ന രാജാവിന്റെ കാലത്തു അദ്ദേഹത്തിന്റെ സഹോദരൻ ജെയിംസ് ഒരു കത്തോലിക്കനായതുകൊണ്ടു് അയാളെ പിന്തുടർച്ചാവകാശത്തിൽനിന്നു് ഒഴിവാക്കണമെന്ന ഒരു വലിയ പ്രശ്നം ആവിർഭവിച്ചു. സ്ഥാനഭ്രഷ്ടനാക്കുവാനുള്ള ബിൽ (Exclusion Bill) പാർലമെൻറിൽ അവതരിപ്പിക്കണമെന്നു് വാദിച്ച കക്ഷി വിഗ്ഗുകാരെന്നും, അതിനെ എതിർത്തവർ ടോറീസ് എന്നും അറിയപ്പെട്ടിരുന്നു. ഇങ്ങനെ പാർലമെൻറിൽ രണ്ടു കക്ഷികളുണ്ടായി. പിൽക്കാലത്തു് വിഗ്ഗുകാരെ ലിബറൽസ് എന്നും, ടോറികളെ കാൺസർവേററീവ്സ് എന്നും വിളിക്കുവാൻ തുടങ്ങി. എ. ഡി. 1831-ലാണു് ഉല്പതിഷ്ണുകക്ഷി പണം പിരിച്ചെടുത്തു് കക്ഷിക്കു് ഫണ്ടുണ്ടാക്കുകയും ഒരു രാഷ്ട്രീയകക്ഷിക്കു് വേണ്ടതായ അടിസ്ഥാനമിടുകയും ചെയ്തതു്. മൂന്നു കൊല്ലം കഴിഞ്ഞു് യാഥാസ്ഥിതികരും അതുപോലെ ഒരു കേന്ദ്രസമിതി സ്ഥാപിച്ചു.

എ. ഡി. 1892-ൽ തൊഴിലാളികക്ഷി ഇംഗ്ലണ്ടിൽ രൂപമെടുത്തു.

ഈ കക്ഷികളുടെ സംഘടനാസ്വഭാവം പരിശോധിക്കാം. തെരഞ്ഞെടുപ്പുകൾക്കുവേണ്ടി പണം ശേഖരിക്കുക, പാർലമെൻറിലേക്കും, പ്രാദേശികസ്ഥാപനങ്ങളിലേയ്ക്കു

മുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുക, സ്ഥാനാർത്ഥികളെ നിശ്ചയിക്കുക, അവക്ക് പൊതുയോഗങ്ങൾ വഴിയായും മററും പിന്തുണ നൽകുക, എതിർകക്ഷികളുടെ പ്രവർത്തനഗതി ആരായുക, പാർലമെൻറിൽ അധികാരത്തിലോ, പ്രതിപക്ഷത്തോ വരുന്നതനുസരിച്ച് അപ്പോഴപ്പോൾ വേണ്ടതു് പ്രവർത്തിക്കുക എന്നിവയാണു് സാമാന്യേന ഓരോ രാഷ്ട്രീയകക്ഷിയുടെയും പ്രവൃത്തികൾ.

ഇതിനെല്ലാംവേണ്ടി ഓരോ കക്ഷിക്കും അന്യോന്യ ബന്ധമുള്ള മൂന്നു് സംഘടനകളുണ്ടു്. ഓരോ നിയോജക മണ്ഡലത്തിലും ഓരോ പ്രാദേശികസംഘടനയുണ്ടായിരിക്കും. അതു് ആ നിയോജകമണ്ഡലത്തിലെ പ്രതിനിധിയും, കേന്ദ്ര ആഫീസുമായി സഹകരിച്ചു് പ്രവർത്തനം നടത്തുന്നു. ഓരോ പ്രദേശങ്ങളിലും കക്ഷിക്കുവേണ്ടി പ്രവർത്തനം നടത്തുന്നതിനു ശമ്പളം പററുന്ന ഉദ്യോഗസ്ഥന്മാരുണ്ടു്. പ്രാദേശികസംഘടനയുടെ പ്രധാന ജോലി വോട്ടർമാരുടെ ലിസ്റ്റ് തിരുത്തുന്നതിൽ ശ്രദ്ധപതിക്കുക, സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുക എന്നിവയാണു്. ഒരു നിയോജകമണ്ഡലത്തിൽ യോഗ്യതയുള്ള സ്ഥാനാർത്ഥി ഇല്ലാത്തപക്ഷം കേന്ദ്രത്തിൽനിന്നും പ്രാദേശികകമ്മിററിയുടെ ആവശ്യപ്രകാരം ഏതാനുംപേരെ നിർദ്ദേശിക്കുന്നതാണു്. അവരിലൊരാളെ യഥേഷ്ടം പ്രാദേശിക സമിതിക്കു് തെരഞ്ഞെടുക്കാം. । കേന്ദ്രത്തിൽനിന്നു് ഒരാളെ നിശ്ചയിച്ചെന്നും വരാം.

കക്ഷി സംഘടനയുടെ രണ്ടാമത്തെ വിഭാഗം പാർലമെൻറകക്ഷിയാകുന്നു. അതിൽ പാർലമെൻറു് അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട ഒരു നേതാവും ഉണ്ടായിരിക്കും. കക്ഷിനയം തീരുമാനിക്കുന്നതു് ഇവരാണു്. ഓരോ കക്ഷിക്കും ഓരോ സെൻട്രൽ ആഫീസുണ്ടു്. അവിടെ ശമ്പളം പററുന്ന ഉദ്യോഗസ്ഥന്മാർ പ്രചരണം മുതലായ കക്ഷിജോലികൾ പ്രാദേശികസംഘടനകളുമായി യോജിച്ചു് നടത്തുന്നു. ധനം ശേഖരിക്കുന്നതും, സ്ഥാനാർത്ഥികളുടെ യോഗ്യതകൾ പരിശോധിക്കുന്നതും ചീഫ്‌വിപ്പ് (Chief whip) ആണു്.

ഇനിയത്തെ വിഭാഗം കക്ഷിയുടെ ദേശീയസംഘടനയാകുന്നു. ഇംഗ്ലണ്ടിലെ മൂന്നു കക്ഷികൾക്കും പ്രത്യേകം പ്രത്യേകം സംഘടനകളുണ്ടെന്നു് പറയേണ്ടതില്ലല്ലോ. ഈ സംഘടനയാണു് കക്ഷിസമ്മേളനത്തിൽ അവരവരുടെ സ്ഥിതികളെ പുനഃപരിശോധനചെയ്യുകയും, തദനുസരണം രാഷ്ട്രീയപരിപാടി തയ്യാറാക്കുകയും ചെയ്യുന്നതു്.

ഇംഗ്ലണ്ടിലെ മൂന്നു കക്ഷികളിൽ ഇപ്പോൾ പ്രാബല്യമുള്ളതു് യാഥാസ്ഥിതികകക്ഷിക്കും തൊഴിലാളികക്ഷിക്കുമാകുന്നു. ചരിത്രപ്രസിദ്ധമായ ഉൽപതിഷ്ണുകക്ഷിയിൽ വളരെ കുറച്ചംഗങ്ങൾ മാത്രമാണിപ്പോഴുള്ളതു്. അതു നാമമാത്രമായിത്തീരുന്ന ലക്ഷണമാണു് കാണുന്നതും.

ഈ കക്ഷികളുടെ സിദ്ധാന്തങ്ങളെപ്പററി പരിശോധന നടത്താം. യാഥാസ്ഥിതികർ നിലവിലുള്ള സാമുദായിക വ്യവസ്ഥയിലും അതിനു് അടിസ്ഥാനമായി നില്ക്കുന്ന സ്വകാര്യ സ്വത്തുടമസ്ഥതയിലും വിശ്വസിക്കുന്നു. അതിലുള്ള ന്യൂനതകൾ സാവധാനം പരിഹരിക്കാമെന്നാണു് അവരുടെ സിദ്ധാന്തം. സാമ്പത്തികസമീകരണത്തിൽ അവക്കു് വിശ്വാസമില്ല. ബ്രിട്ടീഷ്സാമ്രാജ്യം അഭംഗുരമായി തുടൎന്നുപോകണമെന്നും അവക്കു് താൽപ്പൎയ്യമുണ്ടായിരുന്നു. വ്യവസായങ്ങളുടെ സംരക്ഷണത്തിനു വേണ്ട താരിപ്പുനിയമങ്ങളുടെ ആവശ്യകതയിലും, ചൎച്ച് ഓഫ് ഇംഗ്ലണ്ടു്, രാജവാഴ്ച, പ്രഭുസഭ എന്നിവയുടെ തുടൎച്ചയിലും അവർ വിശ്വസിക്കുന്നുണ്ടു്. വൻകിട കച്ചവടക്കാരും, വ്യവസായികളും, ഭൂമി ഉടമസ്ഥന്മാരും യാഥാസ്ഥിതികരാണെന്നു് പൊതുവിൽ പറയാം.

തൊഴിലാളി കക്ഷിക്കാർ 'സമത്വവാദസിദ്ധാന്തക്കാരാണു്. ഉൽപ്പാദനസാമഗ്രികൾ ദേശസാൽക്കരിക്കണമെന്നു് അവർ ഊന്നിപ്പറയുന്നു. അവരിലധികംപേരും വ്യവസ്ഥാപിതസമത്വവാദികളാകുന്നു. സമത്വവാദം പാർലമെൻറു വഴി നടപ്പിലാക്കണമെന്നും, നിലനിൎത്തണമെന്നും അവർ വാദിക്കുന്നു. സാമ്രാജ്യത്തിലെ അസ്വതന്ത്രരാജ്യങ്ങൾക്കു് സ്വാതന്ത്ര്യം നൽകണമെന്നു് അവക്കു് അഭിപ്രായമുണ്ടു്.

അവരുടെ ഈ നയമനുസരിച്ചാണ് ഭാരതത്തിന് അവർ സ്വാതന്ത്ര്യം നൽകിയത്. ഈ കക്ഷിയുടെ പ്രധാന പിൻബലം തൊഴിലാളിവർഗ്ഗമാകുന്നു.

ഉൽപതിഷ്ണുകക്ഷി സാമാന്യേന സാമുദായികപരിഷ്കരണത്തെ അനുകൂലിക്കുന്നു. അവശതകളെ പരിഹരിക്കണമെന്നും, കച്ചവടത്തെ താരിപ്പുനിയമങ്ങളിൽനിന്നു മോചിപ്പിക്കണമെന്നുമാണ് അവരുടെ സിദ്ധാന്തങ്ങൾ. വ്യവസായങ്ങളും മററും ദേശീയമാക്കുന്നതിനെ അപേക്ഷിച്ച് അവയുടെ മേൽ ദേശീയനിയന്ത്രണം ചെലുത്തുന്നതാണ് ഉത്തമം എന്നത്രെ അവരുടെ അഭിമതം. ബുദ്ധ്യുപജീവികൾ, കൃഷിക്കാർ, കച്ചവടക്കാർ, ഇടത്തരക്കാർ, തൊഴിലാളികൾ എന്നിവരാകുന്നു ഉൽപതിഷ്ണുക്കളുടെ ആലംബം.

തെരഞ്ഞെടുപ്പ്. പൊതുതെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സമ്പാദിച്ച് ഭരണം ഏറെറടുത്ത് തങ്ങളുടെ കക്ഷിയുടെ ഉദ്ദേശ്യങ്ങൾ സാധിക്കുക എന്നതാണല്ലോ ഓരോ കക്ഷിയുടേയും ലക്ഷ്യം. ഇംഗ്ലണ്ടിലാകട്ടെ മുൻകാലങ്ങളിൽ സമ്മതിദാനാവകാശം പ്രഭുക്കന്മാരുടേയും, മുതലാളിമാരുടേയും ഒരു കുത്തകയായിരുന്നു. ഏ. ഡി. 1832-ലാണ് ഒന്നാം റീഫാം ബിൽ (Reform Bill) മൂലം പാർലമെൻറ് സമ്മതിദാനാവകാശം വിപുലപ്പെടുത്തിയത്. പിന്നീട് ഓരോ ഘട്ടങ്ങളിലായി വോട്ടവകാശം കൂടുതൽ കൂടുതൽ വിസ്തൃതമാക്കിയിട്ടുണ്ട്. ഏ. ഡി. 1918-ലായിരുന്നു ഇന്നത്തെ സമ്പ്രദായം അംഗീകൃതമായത്. അതുപ്രകാരം 21 വയസ്സ് തികഞ്ഞ ഓരോ പൗരനും വോട്ടവകാശം ലഭിച്ചു. ഏ. ഡി. 1928-ൽ വനിതകളുടെ ശക്തിയായ പ്രക്ഷോഭണംമൂലം അവരുടെ സമ്മതിദാനപ്രായം 35-ൽ നിന്ന് 21 വയസ്സായി കുറവുചെയ്തു. ഇങ്ങനെ പ്രായപൂർത്തിസമ്മതിദാനാവകാശം നടപ്പിലായതോടുകൂടി ഇംഗ്ലണ്ടിലെ സമ്മതിദായകന്മാരുടെ സംഖ്യ ജനസംഖ്യയുടെ ഏകദേശം 55 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

ഏകാംഗനിയോജകമണ്ഡലങ്ങളും ബഹുംഗനിയോജകമണ്ഡലങ്ങളുമായി പൊതുതെരഞ്ഞെടുപ്പിനു വേണ്ടി ഇംഗ്ലണ്ടിനെ വിഭജിച്ചിട്ടുണ്ട്. പൊതുതെരഞ്ഞെടുപ്പ് സാധാരണയായി അഞ്ചു കൊല്ലത്തിലൊരിക്കൽ നടക്കുന്നു. പ്രത്യേകസാഹചര്യങ്ങളിൽ അതിനുമുമ്പും ചിലപ്പോൾ നടത്തുന്നു. സാമാജികന്മാരിൽ ആരെങ്കിലും മരിക്കുകയോ, അംഗത്വം രാജിവയ്ക്കുകയോ ചെയ്യുന്നപക്ഷം ആ സന്ദർഭങ്ങളിലും ഉപതെരഞ്ഞെടുപ്പു നടക്കുന്നു. ഉപതെരഞ്ഞെടുപ്പ് ഭരണത്തിലിരിക്കുന്ന കക്ഷിയുടെ പൊതുസമ്മതിക്ക് ഒരു മാനദണ്ഡമായിത്തീരുന്നു.

തെരഞ്ഞെടുപ്പുഫലം പ്രസിദ്ധമായാലുടനെ ഗവൺമെൻറു കക്ഷിനേതാവ് രാജാവിനെ സമീപിച്ചുകൊണ്ട് തൻെറയും ക്യാബിനററിൻെറയും രാജി സമർപ്പിക്കുന്നു. രാജാവ് അത് സ്വീകരിച്ചുകൊണ്ട് ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ ക്ഷണിച്ചുവരുത്തി മന്ത്രിസഭ രൂപവൽക്കരിക്കുവാൻ ആവശ്യപ്പെടുന്നു. നേതാവ് അതംഗീകരിച്ച് തൻെറ കക്ഷിക്കാരായ സഹമന്ത്രിമാരുടെ പേരുകൾ രാജാവിനെ ഏൽപ്പിക്കുകയും, അദ്ദേഹവും അവരും സത്യപ്രതിജ്ഞ നടത്തി ഉടനെ ഉദ്യോഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രിയും കൂട്ടമന്ത്രിമാരും മിക്കവാറും ഒരേ കക്ഷിക്കാരായിരിക്കും. യുദ്ധകാലത്തോ പ്രത്യേക പരിതഃസ്ഥിതികളിലോ അന്യകക്ഷികളിൽനിന്നും മന്ത്രിമാരെ എടുത്തു സംയുക്തമന്ത്രിസഭ (Coalition Cabinet) രൂപവൽക്കരിക്കാറുണ്ട്. ഒന്നാം ലോകമഹായുദ്ധകാലത്ത് ലോയിഡ് ജോർജ്ജും, രണ്ടാംലോകമഹായുദ്ധകാലത്ത് വിൻസ്റ്റൻ ചർച്ചിലും ഇങ്ങനെ ചെയ്തിട്ടുണ്ട്.

<u>പ്രതിപക്ഷകക്ഷി.</u> ഇനി ബ്രിട്ടീഷ് ഭരണത്തിലുള്ള പ്രതിപക്ഷകക്ഷിയെക്കുറിച്ചാണു് പ്രതിപാദിക്കുവാനുള്ളതു്. തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കാത്ത കക്ഷി പാർലമെൻറിലെ പ്രതിപക്ഷകക്ഷിയായി (His Majesty's

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU

Opposition) നിലകൊള്ളുന്നു. ആ കക്ഷിയിലെ നേതാവാണ് അതിൻെറ നട്ടുനായകം. 19-ാം നൂററാണ്ടിൻെറ ആരംഭത്തിൽ ഇംഗ്ലണ്ടിൽ പ്രതിപക്ഷം ആവിർഭവിച്ചു കഴിഞ്ഞു. ബ്രിട്ടീഷ് ഭരണസമ്പ്രദായത്തിൽ പ്രതിപക്ഷം ഗവൺമെൻററന്നപോലെതന്നെ പ്രാധാന്യമർഹിക്കുന്നുണ്ട്. നേതാവിനു പുറമെ ഒരു ഛായാമന്ത്രിസഭയും (Shadow Cabinet), വിപ്പും (Whip) അതിനുണ്ട്. അതിൻെറ നേതാവിനു് പ്രതിവർഷം 2,000 പവൻ ശമ്പളം കൊടുക്കുന്നതിൽനിന്നു് ഭരണപ്രവത്തനത്തിലെ ഒരവിഭാജ്യഘടകമാണ് അതു് എന്നു തെളിയുന്നുണ്ടല്ലൊ.

ഒരു പ്രതിപക്ഷമില്ലാതിരുന്നാൽ മന്ത്രിസഭയുടെ ശക്തിയും സ്വാധീനതയും അനിയന്ത്രിതമായിത്തീന്നു് പൗരസ്വാതന്ത്ര്യത്തിനു് ഭംഗം വരുവാൻ ഇടയുള്ളതുകൊണ്ടു് അതു് ഇംഗ്ലണ്ടിൽ ആവശ്യമായിത്തീന്നു. പ്രതിപക്ഷമില്ലാത്തുള്ള ജനാധിപത്യ രാജ്യങ്ങളിൽ ചിന്തയ്ക്കോ, പ്രസംഗത്തിനോ, ബാഹ്യപ്രകടനങ്ങൾക്കോ സ്വാതന്ത്ര്യമുണ്ടായിരിക്കയില്ല. എതിർപ്പിലും, യുക്തിപരമായ സ്വതന്ത്രവിമർശനങ്ങളിലുമാണ് ബ്രിട്ടനിലെ സ്വാതന്ത്ര്യഭരണക്കൂടത്തിൻെറ അടിസ്ഥാനം നിൽക്കുന്നതു്. പാർലമെൻററിഭരണത്തിൽ ഗവൺമെൻറിനു് സ്വേച്ഛാധികാരം അവിടെ ഇല്ലാതിരിക്കുന്നതിൻെറ ഒരു രഹസ്യവും ഇതാകുന്നു. ന്യൂനപക്ഷമായ എതിർകക്ഷിയുടെ പ്രേരണമൂലം ഭരണനയത്തിൽ പല വ്യതിയാനങ്ങൾ അവിടെ വരുത്തേണ്ടതായി വന്നിട്ടുണ്ട്.

പ്രതിപക്ഷനേതാക്കന്മാർ മന്ത്രിമാരെപ്പോലെതന്നെ പ്രിവികൗൺസിലംഗങ്ങളാണ്. ഇരുക്കൂട്ടരും സത്യപ്രതിജ്ഞയിൽ പങ്കുകൊള്ളുന്നു. ഗവൺമെൻറിനെപ്പോലെതന്നെ പ്രതിപക്ഷവും 'രാജകീയം' തന്നെയാണ്. അവരുടെ പ്രവത്തനവും രാജ്യസേവനമായതുകൊണ്ടു് അവർ വെറും എതിരാളികളോ ശത്രുക്കളൊ ഒന്നുമല്ല. ഗവൺമെൻറപക്ഷത്തുനിന്നു് അവതരിപ്പിക്കുന്ന പരിപാടികളെയെല്ലാം സ്ഥാനത്തും, അസ്ഥാനത്തും എതിക്കുക എന്നതല്ല അവരുടെ കത്തവ്യം.

സൃഷ്ടിപരവും, ഉത്തരവാദിത്വപരവുമായ വിമർശനങ്ങൾ കൊണ്ട് ഗവണ്മെൻറിനെപ്പററി നാട്ടിലും, പുറത്തും ഉള്ള അഭിപ്രായം പാർലമെൻറിൽ അവർ പ്രത്യക്ഷപ്പെടുത്തുന്നു. നിലവിലിരിക്കുന്ന ഗവണ്മെൻറിൽ പൊതുജനങ്ങൾക്ക് വിശ്വാസമില്ലാതാകുന്നപക്ഷം ഭരണം ഏറെറടുക്കുവാനുള്ള സന്നദ്ധതയും അവർ പ്രദർശിപ്പിക്കുന്നു.

പ്രതിപക്ഷത്തിൻെറ വിമർശനങ്ങളെ പാടെ നിരാകരിക്കുവാൻ ഗവണ്മെൻറിന് അവകാശമില്ല. പാർലമെൻറിൽ വാദപ്രതിവാദം നടത്തണമെന്ന് അവർ ആവശ്യപ്പെടുന്നു സാമ്പത്തികവസ്തുതകൾ സഭയുടെ പരിപാടിയിൽ ഉൾപ്പെടുത്താതെ ഗത്യന്തരമില്ല. അവിശ്വാസപ്രമേയത്തിന് സമയം അനുവദിക്കുകതന്നെ വേണം. യുദ്ധം മുതലായ വിപൽസന്ധികളിൽ കക്ഷിവ്യത്യാസമെല്ലാം വിസ്മരിച്ച് തോളോടുതോൾ ചേർന്ന് എല്ലാവരും സഹകരിച്ചു പ്രവർത്തിക്കുന്നതാണ്. സമാധാനമായാൽ പഴയപടി ചേരിതിരിഞ്ഞു പ്രവർത്തിക്കുകയും ചെയ്യും.

ഇംഗ്ലണ്ടിലേതുപോലെ ഒരു സംഘടിതമായ എതിർകക്ഷി ഇൻഡ്യയിൽ ഉണ്ടായിട്ടില്ല. എ. ഡി. 1951-ലെ തെരഞ്ഞെടുപ്പോടുകൂടി അതു് ബീജാവാപം ചെയ്യിരിക്കുന്നു എന്നു പറയണം. കക്ഷിപാരമ്പര്യം സൃഷ്ടിക്കുന്നതുപോലെ തന്നെ, നല്ലൊരു പ്രതിപക്ഷപാരമ്പര്യവും ഇവിടെ സൃഷ്ടിക്കേണ്ടതു് രാഷ്ട്രീയ നേതാക്കന്മാരുടെയും പൗരന്മാരുടെയും ചുമതലയാകുന്നു.

തിരുവിതാംകൂർ-കൊച്ചിയിലെ കക്ഷിഭരണം കേന്ദ്രത്തിലും ഇൻഡ്യയുടെ മററു ഭാഗങ്ങളിലും ഉള്ളതിൽനിന്ന് വിഭിന്നമല്ല. ഇവയെല്ലാം ഇംഗ്ലീഷുമാതൃകയുടെ ചില തെളിഞ്ഞ ലക്ഷണങ്ങളുമുണ്ട്.

## അദ്ധ്യായം III

## ക്യാബിനററുഭരണം.

### തിരുവിതാംകൂർ-കൊച്ചി ക്യാബിനററ്.

കഴിഞ്ഞ അദ്ധ്യായത്തിൽനിന്ന് ക്യാബിനററ് ഭരണത്തെക്കുറിച്ച് നിങ്ങൾക്ക് ചില സൂചനകളെല്ലാം ലഭിച്ചിട്ടുണ്ടല്ലോ. തിരുവിതാംകൂർ-കൊച്ചിയിലെ ഭരണത്തിൽ ക്യാബിനററിനുള്ള സ്ഥാനം എന്തെന്ന് പരിശോധിച്ചുകൊണ്ട് ഇത്തരം ഭരണത്തെപ്പററിപര്യാലോചിക്കാം.

മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയിൽവച്ച് ഒരു ക്യാബിനററുയോഗംകൂടി സെക്കൻററി വിദ്യാഭ്യാസപദ്ധതിയെ സംബന്ധിച്ച് ചില തീരുമാനങ്ങൾ ചെയ്തു, സെക്രട്ടേറിയററിലെ ക്യാബിനററുയോഗം തടവുകാരെ മോചിപ്പിക്കുന്ന കാര്യം ചർച്ചചെയ്തു തീരുമാനിച്ചു, എന്നും മററുമുള്ള പത്രറിപ്പോർട്ടുകൾ നമുക്ക് പരിചിതങ്ങളാണല്ലോ. ക്യാബിനററ് എന്നു പറയുന്നതു് മുഖ്യമന്ത്രിയും കൂട്ടുമന്ത്രിമാരും കൂടിയുള്ള ഒരു സമിതിയാകുന്നു. സൗകര്യത്തിനുവേണ്ടി രാജ്യഭരണവിഷയങ്ങളെ പല വകുപ്പുകളായി വിഭജിച്ച് മന്ത്രിമാരുടെ പ്രത്യേക ചുമതലയിലാക്കിയിട്ടുണ്ട്. എന്നാൽ ഓരോ വകുപ്പിൻെറയും ഭരണത്തിൻെറ ഉത്തരവാദിത്വം ഒററയായും കൂട്ടായും ഇവർ വഹിക്കുന്നു. ഒരു മന്ത്രിയുടെ ഭരണത്തെപ്പററി അസംബ്ലിയിൽ അവിശ്വാസപ്രമേയം പാസ്സായാൽ, അതു് ഗൗരവതരമായ ഒരു വിഷയത്തെ സംബന്ധിച്ചാണെങ്കിൽ പ്രത്യേകിച്ചും, ആ മന്ത്രി തന്നെയല്ല, മന്ത്രിമാർ ഒന്നടങ്കം രാജപ്രമുഖന് അവരുടെ രാജിസമർപ്പിക്കുന്നു. അങ്ങനെ വരുന്ന പക്ഷം, വേറൊരു മന്ത്രിസഭ രൂപപ്പെടുക്കുന്നതുവരെ, ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു, അവർതന്നെ ഭരണം തുടരുന്നതിന് രാജപ്രമുഖന് ഏർപ്പാടുചെയ്യാവുന്നതാണ്. ഇതിന് കാവൽ ഗവണ്മെൻറ് (Care-taker Government) എന്നു് പറയും. ക്യാബിനററ് നിയമസഭയോടു് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

ഇൻഡ്യയിലെ ഇതരസ്റ്റേററുകളിലും, കേന്ദ്രത്തിലും ഏറെക്കുറെ ഇതുപോലെയാണ് ക്യാബിനററ് ഭരണം നടക്കുന്നതു്. കേന്ദ്രത്തിലെ ക്യാബിനററ് യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതു് പ്രധാനമന്ത്രിയും (Prime Minister) സ്റ്റേററിലെ ക്യാബിനററുയോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതു് മുഖ്യമന്ത്രി (Chief Minister)യും ആകുന്നു.

## ക്യാബിനററ് ഭരണത്തിൻെറ ഉത്ഭവവും വളർച്ചയും.

ഈ രീതിയിലുള്ള ഭരണത്തിനു് ഉത്തമമാതൃക നൽകുന്നതു് ഇംഗ്ലണ്ടാകുന്നു. രാജാവു്, പ്രഭുസഭ, ജനസഭ എന്നിവയെ കൂട്ടിയിണക്കുന്ന ഒരു ഭരണ ഘടകമാകുന്നു അവിടത്തെ മന്ത്രിസഭ. മന്ത്രിസഭാംഗങ്ങൾ എല്ലാവരും നിയമസഭാ പ്രതിനിധികളും, പ്രിവികൗൺസിൽ അംഗങ്ങളും ആയിരിക്കണമെന്നു് നിർബ്ബന്ധമാകുന്നു. 'ക്യാബിനററ്' എന്ന പദം രാജാവു് അദ്ദേഹത്തെ ഉപദേശിക്കുവാനായി ഏർപ്പെടുത്തിയിരുന്ന ഒരു രഹസ്യകാര്യാലയം എന്ന അർത്ഥത്തിലാണു് ആദിയിൽ ഉപയോഗിച്ചിരുന്നതു്. അതിൻെറ ഉത്ഭവം പ്രിവികൗൺസിലിൽനിന്നാകുന്നു. പ്രിവികൗൺസിലാകട്ടെ രാജാവിനെ ഉപദേശിക്കുന്നതിനു ഉണ്ടായിട്ടുള്ള ഒരു പ്രാചീനസമിതിയല്ലാതെ വേറൊന്നുമല്ല. അതിലെ അംഗങ്ങളെ രാജാവു് യഥേഷ്ടം നിയമിക്കുകയും, പിരിച്ചുവിടുകയും ചെയ്തിരുന്നു. ക്രമേണ യോഗങ്ങളിൽ ഹാജരാകാത്തവർക്കുപോലും രാജസ്ഥാനത്തുനിന്നു് നൽകുന്ന ഒരു ബഹുമതിയും കൂടിയായിത്തീർന്നു പ്രിവികൗൺസിൽ അംഗത്വം. തന്മൂലം രാജ്യകാര്യങ്ങൾ ആലോചിച്ചു് തീരുമാനിക്കേണ്ടതിനു് പ്രിവികൗൺസിലിൽനിന്നു് ചിലരെ പ്രത്യേകമായി തെരഞ്ഞെടുക്കേണ്ടതായ ആവശ്യം നേരിട്ടു. ഈ പ്രത്യേക സമിതിയാണു്, പല പരിണാമങ്ങൾക്കു ശേഷം, ഇന്നത്തെ ക്യാബിനററായിത്തീർന്നിട്ടുള്ളതു്.

എ. ഡി. 1688–ലെ വിപ്ലവത്തിനുശേഷം വില്യം രാജാവു് വിഗ്ഗ്കക്ഷിയിൽ നിന്നും, ടോറി കക്ഷിയിൽ

നിന്നും കക്ഷിഭേദമന്യേ ഉപദേശകന്മാരെ തെരഞ്ഞെടുത്തു. എന്നാൽ അഭിപ്രായപ്പൊരുത്തത്തിന്റെ അഭാവംമൂലം ആ ഉപദേശകസമിതിയുടെ പ്രവർത്തനം സുഗമമായിരുന്നില്ല. ഒരു കക്ഷിയിൽനിന്നു—പാർലമെന്റിലെ ഭൂരിപക്ഷകക്ഷിയിൽ നിന്നു—മാത്രം ഉപദേശകന്മാരെ എടുക്കുക എന്ന പതിവ് അതിനുശേഷമാണുണ്ടായത്.

ജോർജ്ജ് ഒന്നാമന്റെയും, രണ്ടാമന്റെയും ഭരണകാലം മന്ത്രിസഭാചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നുണ്ട്. അവർ ജർമ്മൻകാരായിരുന്നു; മാത്രമല്ല, ആദ്യത്തെ ആൾ ഇംഗ്ലീഷ് ഭാഷ തീരെ നിശ്ചയമില്ലാത്ത ഒരാളുമായിരുന്നു. ജോർജ്ജ് ഒന്നാമൻ മന്ത്രിസഭായോഗങ്ങളിൽ സംബന്ധിക്കാതാവുകയും വിഗ്ഗ്നേതാവായ വാൽപ്പോൾ (Walpole) അദ്ദേഹത്തിനു പകരം ആ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു. അതോടുകൂടി ക്യാബിനററുയോഗങ്ങളിൽ പ്രധാനമന്ത്രി തന്നെ ആദ്ധ്യക്ഷ്യം വഹിക്കണമെന്നു വന്നുചേർന്നു.

രാജാവ് പ്രധാനമന്ത്രിയെ തെരഞ്ഞെടുത്തശേഷം മററു മന്ത്രിമാരെ നിയമിക്കുന്നതിന് അദ്ദേഹത്തെത്തന്നെ ചുമതലപ്പെടുത്തുന്ന പതിവും വാൽപ്പോളിന്റെ കാലത്തുതന്നെ നടപ്പിലായി. രാജാവിന്റെയും, മന്ത്രിസഭയുടെയും മദ്ധ്യേ നിന്ന് അവർ തമ്മിലുള്ള തർക്കം പുലർത്തുന്നതിനുള്ള അവകാശം തന്റേതാണെന്നും അദ്ദേഹം സ്ഥാപിച്ചു. തനിക്ക് തന്റെ കക്ഷിയുടെ പിൻതുണയുണ്ടായിരിക്കണമെന്നും, പാർലമെന്റിലെ വിഗ്ഗ് മെംബറന്മാർ ഏതു കാര്യത്തിലും മന്ത്രിസഭയ്ക്കു് പിന്തുണ നൽകണമെന്നുമുള്ള തത്വം വാൽപ്പോൾ അവകാശപ്പെടുകമാത്രമല്ല, അതു് നടപ്പിലാക്കുകയും ചെയ്തു. ഇങ്ങനെ, ഇംഗ്ലണ്ടിൽ മന്ത്രിസഭയും കക്ഷിവ്യവസ്ഥയും ഒരുമിച്ചു വളർന്നു.

പിന്നീട്, പ്രധാനമന്ത്രി രാജിവയ്ക്കുന്നതോടുകൂടി മന്ത്രിസഭ ആകമാനം രാജിവയ്ക്കണമെന്നും, പ്രധാനമന്ത്രിയോട് ഏതെങ്കിലുമൊരു മന്ത്രിക്ക് അഭിപ്രായൈക്യമില്ലെന്നു വരികിൽ ആ മന്ത്രി അദ്ദേഹത്തിന് കീഴ്വഴങ്ങുകയോ

അഥവാ രാജിവച്ച് പിരിയുകയോ ചെയ്യേണ്ടതാണെന്നുമുള്ള വഴക്കങ്ങളും വാൽപ്പോളിന്റെ കാലത്തുതന്നെ സ്ഥാപിതനയമായിത്തീർന്നു. ഇങ്ങനെ മന്ത്രിസഭയുടെ ഉത്തരവാദിത്വം ഏകീകൃതമായിട്ടുള്ളതാണെന്നുവന്നു. മന്ത്രിമാർക്ക് രാജാവിനോടും, ജനസഭയോടും അന്യോന്യം ഉത്തരവാദിത്വമുണ്ടായിരിക്കണമെന്നതും ഒരു സ്ഥാപിതതത്വമായിത്തീർന്നിട്ടുണ്ട്.

## ഇംഗ്ലണ്ടിലെ ക്യാബിനററ് ഭരണം.

വാൽപ്പോളിന്റെ മന്ത്രിസഭയിൽ ഏഴു മുതൽ പത്തുവരെ അംഗങ്ങളുണ്ടായിരുന്നു. 19-ാം നൂററാണ്ടിന്റെ അവസാനത്തിൽ അതു് 20-ൽ പരമായിത്തീർന്നു. ഇന്നു് ബ്രിട്ടീഷ്ക്യാബിനററിൽ 18 അംഗങ്ങളോളമുണ്ട്. പല വകുപ്പുകളുടേയും ചുമതലക്കാരായി ക്യാബിനററിലെ അംഗങ്ങളല്ലാത്തതായ മന്ത്രിമാരുമുണ്ട്. ഒരു വിപുലമായ മന്ത്രിസഭയെ അപേക്ഷിച്ച് എണ്ണം കുറഞ്ഞ മന്ത്രിസഭയാണു് ആവശ്യം എന്നു് ലോകമഹായുദ്ധങ്ങളുടെ കാലത്തു് ബോദ്ധ്യമാവുകയാൽ അന്നു ആറുപേരടങ്ങിയ ഒരു യുദ്ധകാല മന്ത്രിസഭ രൂപവൽക്കരിക്കപ്പെട്ടിരുന്നു.

രാഷ്ട്രീയസ്വഭാവമുള്ള ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നവരും, മന്ത്രിസഭ രാജിവയ്ക്കുമ്പോൾ ഉദ്യോഗം ഒഴിയേണ്ടവരുമായ എല്ലാ പാർലമെൻറ് അംഗങ്ങളേയും ഇംഗ്ലണ്ടിൽ "മന്ത്രിമാർ" എന്നു വിളിക്കുന്നു. ഇങ്ങനെയുള്ള അൻപതിൽപരം മന്ത്രിമാർ ഉണ്ടെങ്കിലും, അവരിൽ വളരെ കുറച്ചുപേർ മാത്രമാണു് ക്യാബിനററിലുള്ളതു്. കാര്യനിർവ്വഹണത്തിനുള്ള ആലോചനായോഗങ്ങളിൽ ക്യാബിനററ് അംഗങ്ങൾ മാത്രമേ ഉണ്ടായിരിക്കയുള്ളു. ക്യാബിനററംഗമല്ലാത്ത മന്ത്രി ഒരു ചെറുവകുപ്പിന്റെ നേതാവോ, വലിയ വകുപ്പിന്റെ സഹപ്രവർത്തകനോ ആവാം. ചിലർ അധികാരത്തിലിരിക്കുന്ന കക്ഷിയുടെ 'വിപ്പു'മാത്രമായിരിക്കും. എ. ഡി. 1937-ലെ ഒരു നിയമമനുസരിച്ച് ക്യാബിനററംഗങ്ങൾക്ക് ശമ്പളം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ക്യാബിനററിന്റെ ആണിക്കല്ല് പ്രധാനമന്ത്രിയാകുന്നു.

ജനസഭയിലെ ഭൂരിപക്ഷ നേതാവിനെത്തന്നെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കുവാൻ രാജാവ് നിർബ്ബന്ധിതനാകുന്നു. ഭൂരിപക്ഷകക്ഷി ഇല്ലാത്തപക്ഷം ഒരു സംയുക്തമന്ത്രിസഭ രൂപവൽക്കരിക്കുവാൻ സാധിക്കുന്ന ഒരു നേതാവിനെ തെരഞ്ഞെടുക്കാവുന്നതാണ്.

രാജാവ് പ്രധാനമന്ത്രിയെ നിയമിച്ചുകഴിഞ്ഞാൽ പ്രധാനമന്ത്രി സഹമന്ത്രിമാരേയും മന്ത്രിസഭാംഗങ്ങളേയും തെരഞ്ഞെടുക്കുന്നു. ഇതിൽ അദ്ദേഹത്തിന് പൂർണ്ണാധികാരമുണ്ടെങ്കിലും പ്രായോഗികമായി പല താല്പര്യങ്ങളും അദ്ദേഹം പരിഗണിക്കേണ്ടതായുണ്ട്. വിവിധതാല്പര്യങ്ങൾക്ക് പ്രാതിനിധ്യം നല്കുകയും, കക്ഷിപ്രമുഖന്മാരെ ഒഴിച്ചുനിറുത്താതിരിക്കുകയും ചെയ്യേണ്ടതാണ്. മന്ത്രിമാരാവട്ടെ രണ്ടു സഭകളിൽ ഏതെങ്കിലും ഒന്നിലെ അംഗങ്ങളായിരിക്കണം. എല്ലാവരേയും അധോമണ്ഡലമായ ജനസഭയിൽനിന്നുമാത്രം തെരഞ്ഞെടുക്കുവാനും പാടില്ല.

ഓരോ മന്ത്രിസഭാംഗത്തിനും രാജ്യഭരണത്തിൽ ഏതെങ്കിലുമൊരു വകുപ്പിനെ സംബന്ധിച്ച് ചുമതലയുണ്ടായിരിക്കും. മന്ത്രിസഭ പൊതുവിൽ പാർലമെൻറിൻെറ പ്രധാന പ്രവത്തകസമിതിയാകുന്നു. മന്ത്രിസഭ പ്രവർത്തിക്കുന്നത് പ്രധാനമന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ്. പ്രധാനമന്ത്രി സഹമന്ത്രിമാരുടെ പ്രവർത്തനങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുകയും അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളിൽ മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രികഴിഞ്ഞാൽ മന്ത്രിസമിതിയിലെ അടുത്ത പ്രമാണി ഉപപ്രധാനമന്ത്രിയാണ്. ഈ ഉദ്യോഗം അടുത്തകാലത്തത്രെ സൃഷ്ടിച്ചത്. സഭയിൽ പ്രധാനമന്ത്രി ഹാജരില്ലാത്തപ്പോൾ അദ്ദേഹത്തിൻെറ ചുമതല നിർവ്വഹിക്കുന്നത് ഇദ്ദേഹമാകുന്നു. പ്രധാനിയുടെ അഭാവത്തിലുള്ള ക്യാബിനററ് യോഗത്തിൽ അഗ്രാസനാധിപത്യം വഹിക്കുന്നതും ഇദ്ദേഹം തന്നെയാണ്. ലാർഡ് ചാൻസലർ (Lord Chancellor) പ്രഭുസഭയിലെ അദ്ധ്യക്ഷനായിരിക്കും. ധനകാര്യങ്ങളുടെ ചുമതല വഹിക്കുന്നത് ധനകാര്യമന്ത്രിയത്രെ.

അദ്ദേഹം ബഡ്ജററ് തയ്യാറാക്കുകയും, അതു് ജനസഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ശേഷമുള്ളവർ വിദേശകാര്യം, യുദ്ധം, സേന, കാമൺവെൽത്തു് മുതലായ വകുപ്പുകളുടെ ചുമതലകൾ വഹിക്കുന്നു.

മന്ത്രിസഭയ്ക്കു് അതിൻെറ ചുമതലയിൽ നടക്കുന്ന എല്ലാ കാര്യങ്ങളിലും ജനസഭയോടു് ഉത്തരവാദിത്വമുണ്ടെന്നതു് ഒരു വാസ്തവമാണെന്നിരുന്നാലും, പ്രവർത്തനത്തിൽ, മന്ത്രിസഭയുടെ നേതൃത്വവും, മാർഗ്ഗനിർദ്ദേശവും ജനസഭ അംഗീകരിച്ചുപോരുകയാണു് പതിവു്.

ആഴ്ചതോറും മന്ത്രിസഭയുടെ സാധാരണയോഗവും, ആവശ്യംപോലെ വിശേഷാൽയോഗവും വിളിച്ചുകൂട്ടുന്നതിനു് പ്രധാനമന്ത്രിക്കധികാരമുണ്ടു്. മീററിംഗിൽ ക്ലിപ്തമായ കോറമോ, വോട്ടെടുപ്പോ ഇല്ല. സാധാരണ യോഗത്തിനു്മുമ്പായി കാര്യപരിപാടി (Agenda) ഓരോ മന്ത്രിക്കും അയച്ചുകൊടുത്തിരിക്കും. ധനകാര്യം, ആഭ്യന്തര കാര്യം മുതലായവയ്ക്കു് പ്രത്യേക 'ക്യാബിനററ് കമ്മിററി'കളുണ്ടു്. കമ്മിററികൾ അവരുടെ അഭിപ്രായം മന്ത്രിസഭയുടെ തീരുമാനത്തിനു് റിപ്പോർട്ടുചെയ്യുന്നു,

എ. ഡി. 1917-നുശേഷമാണു് മന്ത്രിസഭയ്ക്കു ഒരു സെക്രട്ടേറിയററും നടപടികൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന പതിവും ഏർപ്പെടുത്തിയതു്. 'മന്ത്രിസഭാസെക്രട്ടേറിയററ്' എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥസമന്വിതമായ ഈ സ്ഥാപനം ഇന്നു് ഭരണയന്ത്രത്തിൻെറ ഒരു സ്ഥിര ഘടകമായിത്തീർന്നിട്ടുണ്ടു്. അതിൻെറ സെക്രട്ടറിയോ, അടുത്ത ഉദ്യോഗസ്ഥനോ മന്ത്രിസഭായോഗത്തിൽ സന്നിഹിതനായി രേഖപ്പെടുത്തി എടുക്കുന്ന നടപടികൾ പരസ്യപ്പെടുത്താറില്ല.

മന്ത്രിസഭാതീരുമാനം സർവ്വസമ്മതമായിരിക്കണം. ക്യാബിനററിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നാലും, മന്ത്രിമാർ ഒരേ ഉപദേശമാണു് രാജാവിനു് നല്കാറുള്ളതു്. ക്യാബിനററ് എപ്പോഴും ഒരേ കെട്ടായി പ്രവർത്തിക്കണമെന്നതു് നിർബ്ബന്ധമാകുന്നു. ഏതെങ്കിലും ഒരു മന്ത്രിക്കു ക്യാബിനററ് തീരുമാനത്തോടു് യോജിക്കാൻ നിവൃത്തിയില്ലാതെവന്നാൽ ആ അംഗം രാജിവയ്ക്കണം.

മന്ത്രിസഭയ്ക്കു് സംയുക്തവും അവിഭാജ്യവുമായ ഉത്തരവാദിത്വമുള്ളതുകൊണ്ടു് മന്ത്രിസഭാംഗങ്ങൾ ഉദ്യോഗം ഭരിക്കുന്നതും ഒഴിയുന്നതും ഒന്നിച്ചാണെന്നതാണു് സാമാന്യനിയമം. ഏകവ്യക്തിത്വമാണു് ഉത്തരവാദിത്വത്തിലും പ്രവർത്തനത്തിലും ക്യാബിനററിനുള്ളതു്. ആ നിലയിലാകുന്നു രാജാവിനേയും പാർലമെൻറിനേയും അതു് അഭിമുഖീകരിക്കുന്നതു്. അതിൻെറ പൊതു ചുമതലകളിൽ സർവ്വപ്രധാനമായിട്ടുള്ളതു് രാഷ്ട്രത്തിൻെറ നയം രൂപവൽക്കരിക്കുകയും, പാർലമെൻറിൻെറ ഓരോ സമ്മേളനത്തിനുമുള്ള നിയമനിർമ്മാണപരിപാടി തയ്യാറാക്കുകയുമാണു്. രണ്ടു സഭകളിലും മന്ത്രിമാർ അവയെ അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. സ്വന്തം കക്ഷിയുടെ ആനുകൂല്യത്തോടുകൂടി അവ പാസ്സാക്കുകയും ചെയ്യുന്നു.

ഇനി മന്ത്രിമാരുടെ ഉത്തരവാദിത്വത്തെപ്പററി പര്യാലോചിക്കാം. മന്ത്രിസഭയുടെ പ്രവർത്തനത്തെ വിശകലനം ചെയ്താൽ അതിനു് മൂന്നു വശങ്ങളുണ്ടെന്നു കാണാം. ഒന്നാമത്തേതു് രാജാവിനോടുള്ളതും കേവലം ഔപചാരികവും എന്നാൽ അനിവാര്യവുമാണു്. ജനസഭയുടെ വിശ്വാസമുള്ളിടത്തോളംകാലം ഒരു മന്ത്രിസഭയെയോ, മന്ത്രിയെയോ പിരിച്ചുവിടുവാൻ രാജാവിനു് അധികാരമില്ല. ഒരു രാജാവും അതിനു് മുതിരുന്നതുമല്ല. ഇങ്ങനെയാണെങ്കിലും മന്ത്രിസഭയുടെ ചർച്ചയ്ക്കു് വിഷയീഭവിക്കുന്ന വിഷയങ്ങളെല്ലാം രാജാവിനെ അറിയിച്ചുകൊണ്ടിരിക്കേണ്ട ചുമതല മന്ത്രിമാർക്കുണ്ടു

മന്ത്രിമാർക്കു് അന്യോന്യ ഉത്തരവാദിത്വവുമുണ്ടു്. ഓരോരുത്തരും എല്ലാവർക്കുവേണ്ടിയും, എല്ലാവരും ഓരോരുത്തർക്കുവേണ്ടിയും, നിലകൊള്ളുക എന്നതാണു് അടിസ്ഥാനതത്വം. ഒരു മന്ത്രിയുടെ തെററിനു് ജനസഭ മന്ത്രിസഭയോടു് പൊതുവെ പ്രതിഷേധിച്ചെന്നു വരാവുന്നതാണു്. തൻമൂലം ഓരോ മന്ത്രിയും ഭിന്നാഭിപ്രായത്തിനു് വകയുള്ള ഒരു നടപടി സ്വീകരിക്കുന്നതിനുമുമ്പു് സഹപ്രവർത്തകന്മാരുടെ അഭിപ്രായം ആരായുന്നതുകൊണ്ടു് വിമർശന

ശരത്തിന്. വിധേയമാകുന്നു പക്ഷം സഹമന്ത്രിമാരുടെ പിന്തുണ അദ്ദേഹത്തിന് ലഭിക്കുന്നു

ഇനിയുള്ളത് മന്ത്രിമാരെല്ലാവരും സമൂഹമായും ഒററയായും ജനസഭയോട് ഉത്തരവാദിത്വപ്പെട്ടിരിക്കണമെന്നുള്ളതാണ്. മന്ത്രിസഭയുടെ ഉത്തരവാദിത്വം എന്നതിൻെറ ശരിയായ അർത്ഥം ഇതാകുന്നു. ജനസഭയിൽ ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭ ഉദ്യോഗം ഒഴിയണമെന്നതു് നിയമസിദ്ധാന്തമൊന്നുമല്ല. എന്നാൽ ദീർഘകാലത്തെ പാരമ്പര്യമനുസരിച്ച് അവർ ഒന്നുകിൽ രാജിവയ്ക്കുകയോ, പുതിയ തെരഞ്ഞെടുപ്പു നടത്തി ഭൂരിപക്ഷം സമ്പാദിക്കുകയോ വേണം. അതിന് മന്ത്രിസഭയെ നിർബ്ബന്ധിക്കത്തക്കവണ്ണം ജനസഭയുടെ അവിശ്വാസം രേഖപ്പെടുത്തുന്നതിനു പ്രമേയം അവതരിപ്പിച്ച് വോട്ടിനിടുക, അവർ അവതരിപ്പിക്കുന്ന ബില്ലുകൾ തിരസ്കരിക്കുക എന്നിങ്ങനെ പല മാർഗ്ഗങ്ങളുമുണ്ട്.

പരാജയം സംഭവിക്കുമ്പോഴോ, പരാജയപ്പെടുമെന്ന് തോന്നുമ്പോഴോ ജനസഭ പിരിച്ചുവിടുന്നതിന് രാജാവിനോടപേക്ഷിക്കുവാൻ മന്ത്രിസഭയ്ക്കധികാരമുള്ളതാകുന്നു. പുതിയ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുന്നപക്ഷം മന്ത്രിസഭ തുടരുന്നതാണ്. അന്യഥാ ഉദ്യോഗം ഒഴിയുന്നു.

## സങ്കലിതമന്ത്രിസഭ.

ആപൽഘട്ടങ്ങളിൽ. സംയുക്ത മന്ത്രിസഭ രൂപമെടുക്കാറുണ്ടെന്ന് പറഞ്ഞുവല്ലോ. ഗവണ്മെൻറു കക്ഷിയിൽനിന്നും പ്രതിപക്ഷ കക്ഷിയിൽനിന്നും അംഗങ്ങളെ തെരഞ്ഞെടുത്തുണ്ടാക്കുന്ന ഒരു ദേശീയ മന്ത്രിസഭ (National Coalition Government) ഐക്യം സൃഷ്ടിച്ച് രാജ്യത്തിൻെറ കഴിവുകളെ സമാഹരിച്ച് അപത്ഘട്ടം തരണംചെയ്യേണ്ടതിനുള്ള ഒരു സന്ദർഭോചിതനടപടിയാകുന്നു.

ഫ്രാൻസിലെപ്പോലെ കക്ഷിബാഹുല്യമുള്ള രാജ്യങ്ങളിൽ ചിലപ്പോൾ ഒരു പ്രത്യേകകക്ഷിക്കും പകുതിയിലധികമുള്ള ഭൂരിപക്ഷം പാർലമെൻറിൽ ലഭിച്ചില്ലെന്നുവരും.

ഇങ്ങനെയുള്ള ഘട്ടങ്ങളിലും സങ്കലിതമന്ത്രിസഭകൾ രൂപീകരിക്കാറുണ്ട്. ഒരു പ്രായോഗികഭരണപരിപാടിയെ മുൻനിറുത്തി രണ്ടു മൂന്നു കക്ഷികളെ കൂട്ടിയിണക്കി ഒരു കൃത്രിമ ഭൂരിപക്ഷം നിർമ്മിച്ചാണ് ഇത്തരം മന്ത്രിസഭകൾ ഉണ്ടാക്കുന്നത്. ഈ യോജിപ്പ് അധികനാൾ നിലനില്ക്കുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ സങ്കലിതമന്ത്രിസഭകളുടെ ആയുസ്സ് സാധാരണ ചുരുങ്ങിയിരിക്കും.

---

## അദ്ധ്യായം IV

### ജനായത്തഭരണവും മുദ്രണവും.

#### ബ്രിട്ടണിലെ പത്രപ്രവർത്തനം.

ഇംഗ്ലണ്ട് ജനകീയഭരണത്തിന് മാതൃകയായി മികച്ചു നിൽക്കുന്നതിൻെറ ഒരു രഹസ്യം അവിടെ പത്രപ്രവർത്തനത്തിന് അനന്യസാധാരണമായ പ്രചാരവും, സ്വാതന്ത്ര്യവും ഉണ്ടെന്നുള്ളതാണ്. പ്രസ്സിന് "രാഷ്ട്രഘടനയുടെ നാലാം മണ്ഡലം" എന്ന അഭിധാനം ഇംഗ്ലണ്ടിൽ ഉണ്ടായതുതന്നെ പ്രജായത്തഭരണത്തിൽ ജനസഭയെപ്പോലെ അതിന് ശക്തിയുള്ളതുകൊണ്ടാകുന്നു. 'ലണ്ടൻ ടൈംസ്' 'ഡെയിലി മിറർ' 'മാൻചെസ്റ്റർ ഗാർഡിയൻ' മുതലായി സുപ്രസിദ്ധിനേടീട്ടുള്ള ദിനപ്പത്രങ്ങൾ ജനങ്ങളിൽ രാഷ്ട്രീയബോധവും പൗരബോധവും സൃഷ്ടിക്കുന്നതിലും ജനസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നതിലും വലുതായ പങ്ക് വഹിച്ചുപോന്നിട്ടുണ്ട്. ബ്രിട്ടീഷുപൗരസഞ്ചയത്തിൽ ഉയന്നവക്ക് പ്രാരംഭക്ഷണത്തോടുകൂടി ദിനപ്പത്രങ്ങളുടെ പ്രഭാതപ്പതിപ്പ് ലഭിക്കുന്നു. 'ഞാനൊരു ദിവസം രാവിലെ എഴുന്നേററതോടുകൂടി പ്രസിദ്ധനായിരിക്കുന്നതായി കണ്ടു' എന്നു ലോർഡ് ബയ്റൻ പറഞ്ഞതു് അദ്ദേഹത്തിൻെറ "ചൈൽഡ ഹാറോൾഡ്" എന്ന കൃതിയെപ്പററിയുള്ള അന്നത്തെ പത്രനിരൂപണം കണ്ടിട്ടായിരുന്നു.

അതിനുശേഷം പത്രപ്രവത്തനത്തിലുണ്ടായിട്ടുള്ള പുരോഗമനം അവണ്ണനീയമാണ്. ഇന്നത്തെ തൊഴിലാളികഠം അന്നന്നുള്ള ജോലികഴിഞ്ഞു് വീട്ടുകളിലേക്കു മടങ്ങുമ്പോഠം പാരായണത്തിന് അന്നത്തെ പത്രം വാങ്ങുക പതിവാണ്. ഇങ്ങനെയാണ് അവിടത്തെ പൗരസഞ്ചയത്തിന് പൊതുപരിജ്ഞാനവും, രാഷ്ട്രീയബോധവും ലഭിക്കുന്നതു്. ലോകപ്രശ്നങ്ങളെ അറിഞ്ഞു് വിമശിക്കുവാനും, അവക്ക് സാധിക്കുന്നു. പൗരസ്വാതന്ത്ര്യത്തേയും, സമ്മതിദാനത്തേയും, പ്രേരണകഠംക്കും പ്രലോഭനങ്ങഠംക്കും വശംവദരാവാതെ, യഥോചിതം ,വിനിയോഗിക്കുവാനും : അവക്ക് സാധിക്കുന്നു.

ദിനപ്പത്രങ്ങഠംക്കു പുറമേ വാരികകളും, മാസികകളും, നിരൂപണങ്ങളും, ലഘുലേഖകളും നാനാതരത്തിലുള്ള മററു പ്രസിദ്ധീകരണങ്ങളും, ഗ്രന്ഥങ്ങളും ബ്രിട്ടനിലെ മുദ്രാലയങ്ങളിൽനിന്നു് ദിവസേന ലക്ഷക്കണക്കിന് പുറത്തുവരുന്നുണ്ടു്. ഇവ ചെയ്യുന്ന പൊതുഗുണം നിസ്സീമമാണ്.

ഇംഗ്ലണ്ടിലെ രാഷ്ട്രീയകക്ഷികഠംക്കു് കക്ഷിപത്രങ്ങളുണ്ടു്. അവ കക്ഷിനിലയെ ശക്തിപ്പെടുത്തുകയും, നാടൊട്ടുക്കും ലോകമൊട്ടുക്കും മൂകമെങ്കിലും സജീവമായ ഒരു ജിഹ്വയായി വത്തിക്കുകയും ചെയ്യുന്നു.

ഗവണ്മെൻറിൻെറ ദേശീയവും, വിദേശീയവുമായ പ്രവത്തനങ്ങളെപ്പററി സൂക്ഷ്മപരമായ വിമർശനങ്ങഠം, ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു്, പത്രങ്ങഠം മുഖപ്രസംഗങ്ങഠംവഴി നടത്തുന്നു. ഭരണവൈകല്യത്തെപ്പററിയുള്ള നിശിതവിമർശനങ്ങളും പ്രസിദ്ധീകരണങ്ങഠംവഴി നടക്കുന്നുണ്ടു്. പത്രനിരൂപണങ്ങളെ ആദരിക്കാതെ വത്തിക്കുക എന്നതു് ഒരു ഗവണ്മെൻറിനും സാദ്ധ്യമല്ല. പത്രങ്ങഠംക്കു് ഭരണക്കൂടത്തെ ഉറപ്പിക്കുവാനും, തകിടംമറിക്കുവാനും കഴിയും.

പൗരസ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ജനസഭയെപ്പോലെ പത്രങ്ങളും പരിശ്രമിക്കുന്നു. പൗരന്മാരുടെ അഭി

പ്രായം നിർബാധം പ്രദർശിപ്പിക്കുവാനുള്ള ഒരുത്തമരംഗമാണു് പത്രലോകം.

ഇംഗ്ലണ്ടിലെന്നതുപോലെ അമേരിക്കാ മുതലായ മററു പ്രജായത്തരാജ്യങ്ങളിലും പത്രങ്ങൾ പൗരസ്വാതന്ത്ര്യത്തിനായി ഉറച്ചുനിന്നു പ്രവർത്തിക്കുന്നുണ്ടു്. പത്രങ്ങളെ ഗവണ്മെൻറിൻെറ വെറും ഉപകരണങ്ങളാക്കിത്തീർക്കുകയോ, ശ്വാസം മുട്ടിച്ചു് അവയെ കൊല്ലുകയോ ചെയ്യുന്ന സ്വേച്ഛാധിപത്യ രാജ്യങ്ങളുമുണ്ടു്. നാസി (Nazi) ജർമ്മനിയും ഫാസിസ്റ്റു് (Fascist) ഇററലിയും ഇതിനു് മകുടോദാഹരണങ്ങളായിരുന്നു.

## ഭാരതത്തിലെ പ്രസ്സ് നിയമങ്ങൾ.

ഇനി ഭാരതത്തിലെ പത്രലോകത്തെപ്പററി പര്യാലോചിക്കാം. ഇൻഡ്യയിൽ ആദ്യം പ്രസിദ്ധീകരിച്ച വർത്തമാനപത്രം ഇംഗ്ലീഷുഭാഷയിൽ ഹിക്കി (Hickey) എന്നയാൾ എ. ഡി. 1780-ൽ തുടങ്ങിയ ബെങ്കാൾഗസററ (Bengal Gazette) ആയിരുന്നു. അതിനെ തുടന്നു് ഇൻഡ്യൻഗസററ് മുതലായ പത്രങ്ങൾ ആവിർഭവിച്ചു.

എ. ഡി. 1791-ൽ കോറൺ വാലീസ്പ്രഭു ഒരു പത്രാധിപരെ വിമർശനക്കുററത്തിനു് നാടുകടത്തുകയും, ഗവർണ്ണർ ജനറലിനു് അതിനുള്ള അധികാരമുണ്ടെന്നു് സുപ്രീംകോടതി സ്ഥാപിക്കുകയും ചെയ്തു.

എ. ഡി. 1799-ൽ ലിഖിതപരിശോധനാധികാരം (Censorship) നടപ്പിലാക്കി. വെല്ലസ്ലിയുടെ ഭരണകാലത്തു കൊള്ളക്കാരായ പരന്ത്രീസു കപ്പൽക്കാർക്കു് ഗതാഗതവാർത്തകൾ ലഭിച്ചു് രാജ്യരക്ഷ അപകടത്തിലാകാതിരിക്കേണ്ടതിനു് പത്രങ്ങളുടെമേൽ ചില നിബന്ധനകളെല്ലാം ചുമത്തി. എ. ഡി. 1813-ൽ മിൻേറാപ്രഭുവും അതേ കാരണത്താൽ ഒരു പുതിയ റഗുലേഷൻ നടപ്പിലാക്കി.

എ. ഡി. 1817-ൽ ഹേസ്റ്റിംഗ്സ്പ്രഭു ലിഖിതപരിശോധനാനടപടി നിർത്തലാക്കിക്കൊണ്ടു് ചില നിർദ്ദിഷ്ട

വിഷയങ്ങളെപ്പററിയുള്ള പത്രറിപ്പോർട്ടുകഠംമാത്രം തടയുന്നതിന് ഏർപ്പാട ചെയ്തു. ന്യായപരവും, സത്യസമന്വിതവുമായ വിമർശനങ്ങളെ അദ്ദേഹം ആദരിക്കുകയും ഭരണാധികാരികളുടെ ചെയ്തികഠം എത്ര ശുദ്ധമായിരുന്നാലും പൊതുവിമർശനത്തിന് അവയെ വിധേയമാക്കുന്നതു് നല്ലതാണെന്നും, അതുമൂലം ഭരണാധികാരത്തിൻെറ ഭദ്രതയ്ക്കു് യാതൊരു കോട്ടവും നേരിടുന്നതല്ലെന്നും പ്രസ്താവിക്കുകയും ചെയ്തു. പത്രസ്വാതന്ത്ര്യത്തിൻെറ ദുരുപയോഗം മാത്രമായിരുന്നു പ്രഭു നിയമംകൊണ്ടു് തടഞ്ഞതു്.

പക്ഷെ, ഹേസ്റ്റിംഗ്സിനെ പിന്തുടന്ന ആഡംജാൺ, ഓരോ പത്രപ്രസാധകനും ലൈസൻസ് എടുക്കണമെന്ന് ഉത്തരവിടുകയും, നിശിതമായ വിമർശനങ്ങഠം നടത്തിയെന്ന ആരോപണത്തിന് 'കല്ക്കട്ടാ ജർണൽ' എന്ന പത്രത്തിൻെറ പ്രസാധകനെ നാടുകടത്തുകയും ചെയ്കയുണ്ടായി.

വില്യം ബെൻറിങ്കാകട്ടെ പൊതുനന്മയെ ഉദ്ദേശിച്ചു് ഇൻഡ്യൻപ്രസ്സിനു് ഏററവും നിഷ്കർഷമായ നിയന്ത്രണം വേണമെന്നു് അഭിപ്രായപ്പെടുകയും, അതേസമയംതന്നെ, കാര്യത്തിൽ, പത്രങ്ങഠംക്കു് ധാരാളം സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്തു.

സർ ചാററൽസ്മെററ്കാഫ് എ. ഡി. 1835-ൽ മുദ്രണനിബന്ധനകളെല്ലാം എടുത്തുകളഞ്ഞു. അതുമുതൽ എ. ഡി. 1878 വരെ ഇൻഡ്യൻപ്രസ്സ്, നിയമസാധാരണമായ നിബന്ധനകഠംക്കു വിധേയമായി, സ്വതന്ത്രമായി വത്തിച്ചു.

എന്നാൽ, അക്കൊല്ലം ലിററൻപ്രഭു നാട്ടുഭാഷാപത്രങ്ങളുടെമേൽ ചില നിബന്ധനകഠം ചുമത്തി. അവയെല്ലാം റിപ്പൺപ്രഭു പിന്നീടു് എടുത്തുകളഞ്ഞു.

എ. ഡി. 1908-ലും, 1910-ലും പത്രങ്ങളുടെ ഉത്തേജനംമൂലം ഇൻഡ്യയിൽ പല രാഷ്ട്രീയകുററങ്ങളും നടന്നു എന്ന കാരണം പറഞ്ഞു് പത്രസ്വാതന്ത്ര്യഹാരകമായ ചില നിയമങ്ങഠം പാസ്സാക്കപ്പെട്ടു.

സ്വതന്ത്രഭാരതത്തിൽ, ഭരണഘടനമൂലം പത്രപ്രവർത്തനത്തിന് അനന്യസാധാരണമായ സ്വാതന്ത്ര്യമുണ്ടായിട്ടുണ്ട്. എന്നാൽ, എ. ഡി. 1951–ൽ ശ്രീ രാജഗോപാലാചാരി പാർലമെൻററിൽ പാസ്സാക്കി എടുത്ത ഒരു പ്രസ്സുനിയമം മൂലം ഈ സ്വാതന്ത്ര്യം ഇപ്പോഠം അല്പം പരിമിതപ്പെടുത്തിയിട്ടുണ്ട്.

## മാതൃഭാഷാപത്രങ്ങഠം.

നമ്മുടെ മാതൃഭാഷാപത്രങ്ങളെക്കുറിച്ച് ഒരു വിഹഗവീക്ഷണം ആവശ്യമായിരിക്കുന്നു. ഇൻഡ്യയിൽ ഹിന്ദുഗവണ്മെൻറാ, മുസ്ലീംഗവണ്മെൻറാ അച്ചടിശാലകളെ ഉപയോഗിച്ചിട്ടില്ല എന്നാണ് വിൻസൻറ് സ്മിത്ത് * പ്രസ്താവിച്ചിട്ടുള്ളതു്. പണ്ഡിററ്നെഹ്റു വിവരിച്ചിട്ടുള്ള രസകരമായ ഒരു സംഭവം † പ്രകൃതത്തിന് പററിയതാകുന്നു. ഹൈദ്രബാദിലെ നൈസാമിന് യന്ത്രങ്ങളിൽ കൗതുകം ജനിക്കുകയും ബ്രിട്ടീഷ് റസിഡൻറ് അതറിഞ്ഞു് ഒരു എയർപമ്പും, അച്ചടിയന്ത്രവും അദ്ദേഹത്തിന് സമ്മാനിക്കുകയും ചെയ്തു. സംതൃപ്തനായ നൈസാം അവയെ കൗതുകാഗാരങ്ങളുടെ കൂട്ടത്തിൽ തള്ളിയിട്ടു. കല്ക്കട്ടയിലെ ബ്രിട്ടീഷ്ഗവണ്മെൻറ് ഒരു ഇൻഡ്യൻസ്റ്റേററിൽ അച്ചടിയന്ത്രം കടത്തിയതിന് റസിഡൻറിനെ കുററപ്പെടുത്തുകയും, തുടർന്ന് അദ്ദേഹം അതു് രഹസ്യമായി നശിപ്പിച്ചുകൊള്ളാമെന്ന് സമ്മതിക്കുകയും ചെയ്തു.

പാശ്ചാത്യമിഷനറിമാരാണ് കേരളത്തിലും ഇൻഡ്യയുടെ മററു ഭാഗങ്ങളിലും അച്ചടിഗ്രന്ഥങ്ങഠം നടപ്പിലാക്കിയതും പത്രപ്രവർത്തനം ആരംഭിച്ചതും. മലയാളഭാഷയിലുള്ള ഒന്നാമത്തെ അച്ചടിഗ്രന്ഥം എ. ഡി. 1772-ൽ റോമ(Rome)യിൽവച്ച് മുദ്രിതമായ കത്തോലിക്ക "വേദോപദേശം" (Catechism) ആയിരുന്നു. എ. ഡി. 1778-ൽ ബംഗാഠം

* Oxford History of India—P. 648.

† The Discovery of India—P. 269.

ഭാഷയിൽ,മുദ്രിതമായ വ്യാകരണമാണ്—Halhead's Bengali Grammar—ഒന്നാമത്തെ നാട്ടുഭാഷാഗ്രന്ഥം, എന്നത്രെ വിൻസൻറ്സ്മിത്ത് പറഞ്ഞിട്ടുള്ളത്. 'സമാചാർ ദർപ്പൺ' (Samachar Darpan) എന്ന ഇദംപ്രഥമമായ ബംഗാളിവാരിക എ. ഡി. 1818-ലാണ് ആരംഭിച്ചത്. ഭാഷാപത്രങ്ങൾക്ക് പിന്നീട് അത്ഭുതാവഹമായ അഭിവൃദ്ധി ഇൻഡ്യയൊട്ടുക്ക ഉണ്ടായിട്ടുണ്ടെന്ന് ചുരുക്കിപ്പറയാം

"ഹിന്ദു", "മദ്രാസ്മെയിൽ", "ന്യൂ ഇൻഡ്യാ" മുതലായ മദ്രാസ്സിലെ ഇംഗ്ലീഷ് ദിനപ്പത്രങ്ങൾ കൊണ്ട് കൊച്ചിയിലും, തിരുവിതാംകൂറിലും പലരും തൃപ്തരായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇവയിൽ "ഹിന്ദുവും", "ന്യൂ ഇൻഡ്യയും" ഭാരതത്തിൻെറ സ്വാതന്ത്ര്യസമരത്തിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. "ഹിന്ദുവും", "മെയിലും", "ഇൻഡ്യൻ എക്സ്പ്രസ്സും" തിരുവിതാംകൂർ-കൊച്ചിയിൽ ഇന്നും പ്രചാരത്തിലിരിക്കുന്നവയും, നമ്മുടെ ഭരണകാര്യങ്ങളിലും, പൗരാവകാശസംരക്ഷണത്തിലും ബദ്ധശ്രദ്ധവുമായ സുപ്രസിദ്ധപത്രങ്ങളാണല്ലോ.

ഇന്ന് നമ്മുടെ സ്റ്റേററിൽ 19 ദിനപ്പത്രങ്ങളും, അതിലേറെ വാരികകളും, മാസികകളും മററനവധി പ്രസിദ്ധീകരണങ്ങളുമുണ്ട്. പത്രപാരായണത്തിലുള്ള അഭിരുചി സാധാരണക്കാരുടെയും, തൊഴിലാളികളുടെയും ഇടയിൽ ധാരാളം പ്രചരിച്ചിരിക്കുന്നു. ജനങ്ങളിൽ സാമാന്യജ്ഞാനം ഉളവാക്കുവാനും രാഷ്ട്രീയചിന്തയും, പൗരബോധവും കൈവളർത്തുവാനും ഈ പ്രസിദ്ധീകരണങ്ങൾ വളരെ സഹായിക്കുന്നുണ്ട്.

ബ്രിട്ടീഷിൻഡ്യയിലെന്നപോലെതന്നെ പത്രസ്വാതന്ത്ര്യം ഇവിടെയും വിരളമായിരുന്ന ഒരു കാലമുണ്ടായിരുന്നു. "സ്വദേശാഭിമാനി" എന്ന പത്രത്തിൻെറ അധിപരായിരുന്ന കെ. രാമകൃഷ്ണപിള്ളയെ തിരുവിതാംകൂർ സർക്കാർ ചില ലേഖനങ്ങളെ ആസ്പദമാക്കി നാടുകടത്തിയിട്ട് അധികകൊല്ലങ്ങളായിട്ടില്ല.

പത്രസ്വാതന്ത്ര്യത്തേയും, പത്രപ്രവർത്തനത്തേയും ഭദ്രമാക്കുന്നതിനുവേണ്ടി ഇൻഡ്യയ്ക്കു് പൊതുവിലും, തിരുവിതാംകൂർ-കൊച്ചി മുതലായ സംസ്ഥാനങ്ങൾക്കു് പ്രത്യേകിച്ചും പത്രപ്രവർത്തകസംഘങ്ങളുണ്ടു്. ഭരണഘടനപ്രകാരം സംസിദ്ധമായിട്ടുള്ള സ്വാതന്ത്ര്യത്തിൽ ഗവൺമെൻറു് കൈകടത്തുന്നുണ്ടോ എന്നും മററുമുള്ള വസ്തുതകളിൽ അവ ശ്രദ്ധപതിച്ചുകൊണ്ടിരിക്കുന്നു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

## വാർത്താസംഭരണവും വിതരണവും.

വാർത്താസംഭരണവും, വിതരണവും പത്രങ്ങളുടെ ജീവനാഡിയാകുന്നു. ഇതിനു് സംഘടിതസ്ഥാപനങ്ങളുണ്ടു്. ഇൻഡ്യൻസ്ഥാപനങ്ങൾ പി. ടി. ഐ. (Press Trust of India), യു. പി. ഐ. (United Press of India), എഫ്. പി. ഏ. (Free Press Agency), ഒ. പി. ഐ. (Orient Press of India) എന്നിവയാകുന്നു. സർവ്വലോകവ്യാപ്തിയുള്ള ഏജൻസികളാണു് റോയിററർ (Reuter), പി. ടി. ഐ. (Press Trust of India) യു. പി. ഏ. (United Press of America), ഏ. എഫ്. പി. (Agence France Press), ടി. എൻ. ഏ. (Tass News Agency), സി. എൻ. ഏ. (Central News Agency), ജി. ഏ. (Globe Agency) എന്നിവ. ഇവയ്ക്കെല്ലാം ലോകമൊട്ടുക്കു് ഏജൻസികളും, ലേഖകന്മാരുമുണ്ടു്. അവർ വാർത്തകൾ ശേഖരിച്ചു് റേഡിയോ, കേബിൾ, കമ്പിത്തപാൽ, വിമാനങ്ങൾ, ടെലിഫോൺ എന്നിവ വഴിയായി കേന്ദ്രത്തിലെത്തിക്കുകയും അവിടെനിന്നു് മിതമായ ചാർജ്ജിനു് ആഗോളമുള്ള പത്രങ്ങൾക്കു് അയച്ചുകൊടുക്കുകയും ചെയ്യുന്നു. വാർത്താവിതരണത്തിനു് എല്ലാ ഗവൺമെൻറുകളും പ്രത്യേക ആനുകൂല്യങ്ങൾ വർത്തമാനഏജൻസികൾക്കു് അനുവദിച്ചിട്ടുണ്ടു്.

ഇവയ്ക്കുപുറമെ ഗവൺമെൻറു് നേരിട്ടുനടത്തുന്ന വാർത്താവിതരണകേന്ദ്രങ്ങളുമുണ്ടു്. ന്യൂഡെൽഹിയിൽനിന്നു് "പി. ഐ. ബി." (Press Information Bureau) വർത്തമാനങ്ങളേയും, വിശദീകരണങ്ങളേയും പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇപ്പോൾ ഗവൺമെൻറിന്റെ വാർത്താവിതരണവകുപ്പിൽ

(Ministry of Information and Broadcasting) നിന്നു് ധാരാളം ലഘുലേഖകൾ (Bulletins) പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. സ്റ്റേറ്റുഗവണ്മെൻറുകൾക്കും തിരുവിതാംകൂർ-കൊച്ചിയിലുള്ളതുപോലെ ഗസററുകളും, പബ്ലിസിററി ആഫീസർമാരുമുണ്ടു്. ഗവണ്മെൻറിനെതിരായുള്ള പ്രസ്താവനകളെ വിശദീകരിക്കുക, സംഗതികളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുക മുതലായ ചുമതലകളാണു് പബ്ലിസിററി ഡിപ്പാർട്ടുമെൻറു് നിർവ്വഹിക്കുന്നതു്. "തിരുവിതാംകൂർ-കൊച്ചി വാർത്തകൾ" (Travancore-Cochin News) എന്നൊരു പത്രിക നമ്മുടെ വാർത്താവിതരണവകുപ്പിൽനിന്നു് പ്രസിദ്ധീകരിച്ചുവരുന്നതു് നിങ്ങൾ കണ്ടിരിക്കുമല്ലോ.

ജനായത്തഭരണത്തിൽ പത്രങ്ങൾക്കുള്ള ചുമതല പ്രധാനമായി ജനങ്ങളിൽ പൗരബോധം കൈവളത്തുക, പൗരസ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുക, ഭരണഘടനപ്രകാരം പൗരന്മാർക്കു് ലഭ്യമായിട്ടുള്ള അവകാശങ്ങളിൽ ഗവണ്മെൻറു് കൈകടത്തുന്നതിനെ പ്രതിഷേധിക്കുക എന്നിവയാണു്.

## പത്രങ്ങളുടെ ചുമതലകൾ.

ജനങ്ങളുടെ ഒരു ജിഹ്വയായിട്ടാണു് പത്രങ്ങൾ വർത്തിക്കേണ്ടതു്. അവർക്കു് ഭരണത്തെ സംബന്ധിച്ചുള്ള അഭിപ്രായം പത്രങ്ങൾ ആരാഞ്ഞറിഞ്ഞു് പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. ഭരണനയം ജനായത്തപരമായിരിക്കുവാൻ ഗവണ്മെൻറിനെ സഹായിക്കേണ്ടതും പ്രസ്സാകുന്നു. ഗവണ്മെൻറു് ചില ആദർശങ്ങളിൽ വ്യാമോഹിതരായി പ്രായോഗികമല്ലാത്ത പരിപാടികൾ ആസൂത്രണംചെയ്യുന്നോ, നടപ്പിൽവരുത്തിയെന്നോ വരാവുന്നതാണു്. അവയിലുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കേണ്ടതും, അതിനു് പത്രസ്ഥലം പൗരന്മാർക്കു് അനുവദിച്ചുകൊടുക്കേണ്ടതും പത്രങ്ങളുടെ ധർമ്മമാകുന്നു. കക്ഷിയോഗങ്ങളിലും, ക്യാബിനററിലും, കൗൺസിലിലുംകൂടി കടന്നുപോകുന്ന വസ്തുതകളുടെ ഗുണദോഷങ്ങളെ എടുത്തുകാട്ടേണ്ടതും പത്രങ്ങളാകുന്നു. ഭരണമണ്ഡലത്തിലും, ഉദ്യോഗസ്ഥലോകത്തിലും അഭിനന്ദനാർഹമായിട്ടുള്ളതിനെ കാണിച്ചു

കൊട്ടത്തു് നാട്ടിൽ ഭരണത്തോടും,ഉദ്യോഗസ്ഥലോകത്തോടും ബഹുമാനമുണ്ടാക്കേണ്ടതും പത്രങ്ങൾതന്നെയാകുന്നു. അക്രമങ്ങളേയും, അഴിമതികളേയും എതിർക്കേണ്ട കാര്യത്തിലും പത്രങ്ങൾക്കു് ഉത്തരവാദിത്വമുണ്ടു്. ജനായത്തഭരണത്തിൽ പത്രങ്ങൾക്കുള്ള പ്രത്യേക ചുമതലകളാണു് സംഭവങ്ങളുടെ ശരിറിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തുക, സന്മാർഗ്ഗബോധം പുലർത്തുക, വർഗ്ഗീയവൈരവും വിഷവും കുത്തിവെയ്ക്കാതിരിക്കുക, എന്നിവ.

കേരളത്തിലും, ഭാരതത്തിലുമുള്ള ഭിന്നമതക്കാരും,ജാതികളും, ഉപജാതികളും, വർഗ്ഗങ്ങളും തോളോടുതോളുചേർന്നു് "ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളെ"പ്പോലെ രാജ്യോൽക്കർഷത്തിനുവേണ്ടി സമാധാനപുരസ്സരം വർത്തിക്കുവാൻ പത്രങ്ങൾ പ്രത്യേകം പരിശ്രമിക്കേണ്ടതാണു്. പ്രസിദ്ധീകരണംകൊണ്ടു് സാധിക്കേണ്ടതായ വേറൊരു പ്രധാന കാര്യം ഭാവിപൗരന്മാരിൽ വഴിപിഴയ്ക്കാത്തുള്ള രാഷ്ട്രീയ ബോധമുളവാക്കി അവരെ ഉത്തമന്മാരാക്കിത്തീർക്കുക എന്നതാകുന്നു. ദുരാചാരങ്ങളും, അനാചാരങ്ങളും സമുദായവൃക്ഷത്തിൽ ഇത്തിക്കണ്ണിപോലെ പടർന്നുപിടിച്ചു് ഇൻഡ്യയുടെ പുരോഗതിയെ തടയുന്നതിനെതിരായി പത്രംമുഖേന ആയോധനം നടത്തുന്നതും ഫലപ്രദമായിരിക്കും. മഹാത്മാ ഗാന്ധി "ഹരിജൻ" (Harijan), "യങ്ഇൻഡ്യ" (Young India) എന്നീ പ്രസിദ്ധീകരണങ്ങൾമൂലം ഭാരതത്തിൽ വരുത്തീട്ടുള്ള പരിവർത്തനങ്ങൾ നമുക്കറിവുള്ളതാണല്ലോ.

---

## അദ്ധ്യായം V

## ജനകീയഭരണരീതി.

### ജനകീയഭരണക്രമങ്ങൾ.

ജനകീയഭരണത്തെക്കുറിച്ചുള്ള ഈ ഗ്രന്ഥത്തിൽ ഇൻഡ്യാ, ഇംഗ്ലണ്ടു്, അമേരിക്ക, ക്യാനഡാ, സ്വിററ്സർലണ്ടു് എന്നീ രാജ്യങ്ങളിലെ ഭരണസമ്പ്രദായങ്ങളെയും,

ഭരണഘടനകളെയുംപററി നാം പഠിച്ചുകഴിഞ്ഞു. ഈ രാജ്യങ്ങളിലെ ഭരണകൂടങ്ങളുടെ സ്വരൂപം പ്രത്യേക പര്യാലോചനയ്ക്കു് വിഷയമാക്കുന്നതു് സൗകര്യപ്രദമായിരിക്കും.

ഇൻഡ്യ. 'ഒരു പരമാധികാരമുള്ള ജനാധിപത്യരാജ്യം' (A Sovereign Democratic Republic) എന്നാണു് ഇൻഡ്യയെ വിവക്ഷിച്ചിട്ടുള്ളതു്. ഇൻഡ്യ, ബ്രിട്ടീഷ് കാമൺവെൽത്തിൽ ഉൾപ്പെട്ടാണു നിൽക്കുന്നതെങ്കിലും പൂർണ്ണമായും സ്വതന്ത്രമാണു്.

ഇൻഡ്യയ്ക്കു് ഒരു രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രി തലവനായുള്ള ഒരു ക്യാബിനററുമുണ്ടു്.

'കൗൺസിൽ ഓഫ് സ്റ്റേററ്സ്' എന്ന ഒരു ഉപരിമണ്ഡലവും 'ജനസഭ' എന്ന ഒരു അധോമണ്ഡലവും കേന്ദ്രപാർലമെൻറിനുണ്ടു്. ഉപരിമണ്ഡലത്തിലെ അംഗങ്ങളെ അധികവും സ്റ്റേററുനിയമസഭകൾ തെരഞ്ഞെടുത്തയയ്ക്കുന്നു. ജനസഭയിലേയ്ക്കു് ജനങ്ങൾ നേരിട്ടു് പ്രതിനിധികളെ തെരഞ്ഞെടുത്തയയ്ക്കുകയും ചെയ്യുന്നു.

ഇൻഡ്യയ്ക്കു് ഒരു സുപ്രീംകോടതിയും ഉണ്ടു്.

സ്റ്റേററുകളിലെ ഭരണം നിർവ്വഹിക്കുന്നതു് ഗവർണ്ണർമാർ, അഥവാ രാജപ്രമുഖന്മാർ എന്നിവരും, മന്ത്രിസഭയും, നിയമസഭകളും ചേർന്നാകുന്നു. നീതിന്യായനിർവ്വഹണത്തിനായി ഹൈക്കോടതികളുമുണ്ടു്.

ഇംഗ്ലണ്ടു്. ഇംഗ്ലണ്ടിലെ ഭരണസമ്പ്രദായത്തെ 'പരിമിതമായ രാജാധികാരഭരണം' (Limited Monarchy) എന്നാണു പറയുന്നതു്.

രാജാവത്രെ ഭരണയന്ത്രത്തിൻെറ തലവൻ. അദ്ദേഹത്തിൻെറ പേരിൽ മന്ത്രിമാരുടെ ഒരു ക്യാബിനററു് ഭരണം നടത്തുന്നു.

ഇംഗ്ലണ്ടിലെ പാർലമെൻറിനു് പ്രഭുസഭയെന്നും, ജനസഭയെന്നും രണ്ടു മണ്ഡലങ്ങളുണ്ടു്.

നിയമപരിപാലനത്തിന് അവിടെ പലതരം കോടതികളുണ്ട്. അവയ്ക്കുപരിയായി അപ്പീൽ കോടതികളും, ഹൈക്കോടതികളും, അവസാനമായി പ്രഭുസഭയും സ്ഥിതി ചെയ്യുന്നു.

അമേരിക്കൻ ഐക്യനാടുകൾ. അമേരിക്കൻ ഐക്യനാടുകൾ ഇൻഡ്യയെപ്പോലെ രാജാവില്ലാത്ത രാജ്യം—അതായത് റിപ്പബ്ലിക്കാകുന്നു. പ്രസിഡൻറാണ് അവിടത്തെ ഭരണകൂടത്തിൻെറ തലവൻ. അദ്ദേഹത്തെയും വൈസ് പ്രസിഡൻറിനെയും നാലുകൊല്ലത്തേക്ക് തെരഞ്ഞെടുക്കുന്നു. അവരെ വീണ്ടും തെരഞ്ഞെടുക്കാവുന്നതാണ്.

അമേരിക്കയിൽ ക്യാബിനററ് സമ്പ്രദായം ഇല്ല. പക്ഷെ പ്രധാന സംഗതികളിൽ പ്രസിഡൻറ് വകുപ്പദ്ധ്യക്ഷന്മാരുമായി ആലോചിക്കുക എന്നതു് അവിടത്തെ ഒരു വഴക്കമാകുന്നു.

നിയമസഭയ്ക്കു് കാൺഗ്രസ്സ് എന്നാണ് പേരു്. സെനററ് എന്നും, ജനപ്രതിനിധിസഭയെന്നും പറയുന്ന രണ്ടു മണ്ഡലങ്ങളാണ് അതിനുള്ളതു്. സെനററിൽ 96-ം, ജനപ്രതിനിധിസഭയിൽ 435-ം അംഗങ്ങളുണ്ട്.

നിയമപരിപാലനത്തിന് അമേരിക്കൻ ഐക്യനാടുകൾക്ക് പല കോടതികളും, ഒരു സുപ്രീംകോടതിയും ഉണ്ട്.

അമേരിക്കയിൽ ഇംഗ്ലണ്ടിലുള്ളതുപോലെ ശരിയായ കക്ഷിഭരണപാരമ്പര്യമൊന്നുമില്ല. റിപ്പബ്ലിക്കൻ കക്ഷി, ഡെമോക്രാററിക് കക്ഷി എന്നിങ്ങനെ രണ്ടു കക്ഷികളുണ്ടെങ്കിലും അവർ തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല.

ക്യാനഡാ. ക്യാനഡാ ഒരു ഡൊമിനിയൻ (Dominion)—പുത്രികാരാജ്യം—ആകുന്നു. ക്യാനഡയിലെ ഭരണാധികാരമെല്ലാം ഇംഗ്ലീഷുരാജാവിൻെറ നാമത്തിലാണ് നടത്തപ്പെടുന്നതു്. ചില കാര്യങ്ങളെല്ലാം രാജാവും, വേറെ ചിലതെല്ലാം രാജാവിനെ പ്രതിനിധീകരിച്ചുകൊണ്ട് ഗവർണ്ണർജനറലും നടത്തുന്നു. ഇരുകൂട്ടരും ഡൊമിനിയൻ മന്ത്രിമാരുടെ ഉപദേശപ്രകാരമാണ് പ്രവർത്തിക്കുന്നതു്.

ക്യാനഡായിൽ ഇങ്ങനെ ഒരു ഗവർണ്ണർജനറലും, ഇംഗ്ലണ്ടിലെ രീതിയിലുള്ള ഒരു ക്യാബിനററുമുണ്ട്.

നിയമനിർമ്മാണത്തിന് പാർലമെൻറാണുള്ളതു്. അതിന് സെനററെന്നും, ജനസഭയെന്നുമുള്ള രണ്ടു മണ്ഡലങ്ങളുണ്ട്. സെനററിൽ ഗവർണ്ണർ ജനറൽ നിർദ്ദേശിക്കുന്ന 96 ആയുഷ്കാലഅംഗങ്ങളും, അധോമണ്ഡലമായ ജനസഭയിൽ ജനങ്ങൾ തെരഞ്ഞെടുക്കുന്ന 245 അംഗങ്ങളുമുണ്ട്.

രണ്ടു ഫെഡറൽകോടതികളാണ് രാജ്യത്തിനുള്ളതു്. ഒന്നിന് സുപ്രീംകോടതി എന്നും, മറേറതിന് എക്സ്ചെക്കർ—അഡ്മിറാൽററി കോടതി (Court of Exchequer and Admiralty) എന്നും പറയും.

സ്വിററ്സർലണ്ടു്. പരമമായ ഭരണാധികാരം ഏഴംഗങ്ങളുള്ള ഒരു ഫെഡറൽ കൌൺസിലാണ് സ്വിററ്സർലണ്ടിൽ നിർവ്വഹിക്കുന്നതു്. ഫെഡറൽ അസംബ്ലിയിലെ ഇരുമണ്ഡലങ്ങളുംകൂടി അവരെ ഏഴു വർഷത്തേക്കു് തെരഞ്ഞെടുക്കുന്നു.

കൌൺസിലിന് ഒരു പ്രസിഡൻറും, വൈസ്പ്രസിഡൻറുമുണ്ട്. ഫെഡറൽ കൌൺസിലാണ് പ്രതിവർഷം അവരെ തെരഞ്ഞെടുക്കുന്നതു്.

ഫെഡറൽ അസംബ്ലിയാകുന്നു അവിടത്തെ നിയമസഭ. അതിന് കൌൺസിൽ ഓഫ് സ്റ്റേററ് എന്നൊരു ഉപരിമണ്ഡലവും, നാഷനൽ കാൺഗ്രസ്സ് എന്നൊരു അധോമണ്ഡലവും ഉണ്ട്. അംഗങ്ങൾ ഒന്നാമത്തേതിൽ 44-ം, രണ്ടാമത്തേതിൽ 187-ം ആകുന്നു.

നീതിന്യായനിർവ്വഹണത്തിന് ഒരു ഫെഡറൽകോടതി (Federal Tribunal) ആണ് അവിടെയുള്ളതു്. അതിലെ ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതു് സ്വിസ് ഫെഡറൽ അസംബ്ലി ആകുന്നു.

## നിയമസഭാദ്ധ്യക്ഷന്മാർ.

നിയമസഭകളുടെ അദ്ധ്യക്ഷന്മാരെപ്പററിയും നാം അറിഞ്ഞിരിക്കേണ്ടതാണ്.

ജനസഭയുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതും, സഭാനടപടികൾ നിയന്ത്രിച്ച് അച്ചടക്കം പാലിക്കേണ്ടതും സഭാദ്ധ്യക്ഷനാകുന്നു.

സ്പീക്കർ (Speaker) എന്നത്രെ ഇംഗ്ലണ്ടിൽ ജനസഭാദ്ധ്യക്ഷനുള്ള പേര്. ബഹുമാന്യമായ ഈ പദവിയിലേക്ക് സാമാജികന്മാർ ഒരാളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അദ്ദേഹം ഏതെങ്കിലുമൊരു കക്ഷിയിൽ ഉൾപ്പെട്ട അംഗമാണെങ്കിൽതന്നെയും, അതുമുതൽ കക്ഷിരഹിതനും, നിഷ്പക്ഷനുമായിത്തീരുന്നു. ആയുഷ്കാലനിയമനമാണ് അദ്ദേഹത്തിന്റേതു്. സ്പീക്കറിനുവേണ്ടി ഒരു നിയോജകമണ്ഡലം ഒഴിച്ചിടുന്നതുകൊണ്ടു് തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിനു് എതിരുണ്ടാകയില്ല.

അമേരിക്കയിലെ സ്പീക്കർ ഇംഗ്ലണ്ടിലേതുപോലെ കക്ഷിരഹിതനായി വർത്തിക്കാറില്ല.

ഇൻഡ്യൻ പാർലമെന്റിനും, സ്റ്റേറ്റുസഭകൾക്കും, സ്പീക്കർമാരുണ്ടു്. ആയുഷ്കാലനിയമനം മുതലായ ആദർശങ്ങളിൽ ഇംഗ്ലണ്ടിലേതുപോലുള്ള പാരമ്പര്യം ഇവിടെ ഇനിയും ഉണ്ടാകേണ്ടതായിരിക്കുന്നു.

തിരുവിതാംകൂറിലും കൊച്ചിയിലും ഒരു കാലത്തു് ദിവാന്മാരായിരുന്നു നിയമസഭകളുടെ പ്രസിഡൻറന്മാർ. ഇപ്പോൾ ആ സ്ഥാനത്തു് തിരുവിതാംകൂർ-കൊച്ചി അസംബ്ലിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സ്പീക്കറാണുള്ളതു്.

## ഉപസംഹാരം.

ജനായത്തഭരണരൂപം, അതിന്റെ വിഭാഗങ്ങളായ ഏകായത്തഭരണം, സംയുക്തഭരണം എന്നിവയെപ്പററി എല്ലാം നാം പഠിച്ചു.

ഭരണഘടനയുടെ നിർവ്വചനമനുസരിച്ച് ഇംഗ്ലണ്ടു് ഏകായത്തവും, അമേരിക്കയും സ്വിററ്സർലണ്ടും സംയുക്തവും ആണെന്നു് നമുക്കു മനസ്സിലായി. ക്യാനഡാ ആകൃതിയിൽ സംയുക്തമെന്നുതോന്നുമെങ്കിലും പ്രകൃതിയിൽ ഏകാ-

യത്തമാകുന്നു. ഇൻഡ്യൻ ഭരണഘടനയെ സംബന്ധിച്ചിടത്തോളം ഏകായത്തസ്വഭാവമാണ് മികച്ചു നിൽക്കുന്നതെങ്കിലും സംയുക്തസ്വഭാവത്തിന്റെ ലക്ഷണങ്ങളും കാണാം. ഇൻഡ്യയിൽ എല്ലായിടത്തും ജനായത്തഭരണമാകുന്നു ഇന്നു നിലവിലുള്ളത് എന്നും നാം മനസ്സിലാക്കി

ജനായത്തഭരണം നടക്കുന്നത് കക്ഷിവഴിയായതുകൊണ്ട് അതിനെപ്പററിയാണ് നാം പിന്നീട് പഠിച്ചത്. ഇംഗ്ലണ്ടിൽ കക്ഷിഭരണം ആവിർഭവിച്ചതുമുതൽ ഇന്നോളമുള്ള ചരിത്രവും, കക്ഷികളുടെ നിലയും പ്രവർത്തനവും ഏതുതരത്തിലാണെന്നും, നാം കണ്ടു. നമ്മുടെ മാതൃഭൂമിയിൽ ഇന്നുള്ള പ്രധാന കക്ഷികളെപ്പററിയും പല സംഗതികളും നാം ഗ്രഹിച്ചു.

96/3

പിന്നീട് ക്യാബിനററ് ഭരണരീതിയാണ് പഠനവിഷയമായിത്തീർന്നത്. ഇക്കാര്യത്തിലും മാതൃക നൽകുന്നത് ഇംഗ്ലണ്ടാകയാൽ അവിടത്തെ ക്യാബിനററ് ചരിത്രവും, പ്രവർത്തനവും നമുക്ക് മനസ്സിലാക്കേണ്ടതായിവന്നു. തിരുവിതാംകൂർ-കൊച്ചിയിലും, കേന്ദ്രത്തിലും നടക്കുന്ന ക്യാബിനററ് ഭരണസമ്പ്രദായവും നാം ദർശിച്ചു. ക്യാബിനററും പാർലമെൻറുമായുള്ള ബന്ധത്തെപ്പററിയും, സങ്കലിതക്യാബിനററുകൾ പ്രത്യേകഘട്ടങ്ങളിൽ രൂപവൽക്കരിക്കുന്നതിനെപ്പററിയും നാം പഠിക്കുകയുണ്ടായി.

അവസാനമായി ജനാധിപത്യഭരണത്തിൽ പത്രപ്രവർത്തനത്തിനുള്ള പ്രധാന സ്ഥാനത്തെക്കുറിച്ച് നാം ചിന്തിച്ചു.

ഇതിന്റെയെല്ലാം ഉദ്ദേശ്യം നാളത്തെ പൌരന്മാരാകേണ്ട ഇന്നത്തെ വിദ്യാർത്ഥികളെ പൌരധർമ്മം ശരിക്കു നിർവഹിക്കേണ്ടതിന് ഒരുക്കുക എന്നതാണ്. സ്വന്തം കുടുംബത്തെയും, നാട്ടിനെയും, രാജ്യത്തെയും ഏററവും നന്നായി സേവിക്കുക എന്നതാണ് നിങ്ങളുടെ കർത്തവ്യം.

VILASOM GRANDHASALA

PRESENTED BY:
SRI M. K. VASUDEVAN NAIR
M[illegible] VEEDU
M[illegible]LAYINKIL

N 616

# പൗരധർമ്മം

## ആറാം ഫാറത്തിലേക്ക്

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIY... VEEDU
...AYINKIL

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നു
നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

[പകർപ്പവകാശം ഗവണ്മെൻറിന്]

TRIVANDRUM
PRINTED BY THE S. G. P. AT THE GOVERNMENT CENTRAL PRESS.
1952.